032:3M831:11 F7 VIRAPATNI—AMMANI AMMA

032:3M831:11
F7

032:3M831:11 F7
AMMANI AMMA (T.).
...irapathni.

MUL
051148

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:3M831:11 F7

Accession Number 51148

Available for loan from

This book should be returned on or before the date last marked below.

2 SEP 1944

10 SEP 1962

26 SEP 1962

061

# വീരപത്നി.

തരവത്ത് അമ്മിണിഅമ്മ

എഴുതിയത്.

കോപ്പി 1000.

നോർമ്മൻ പ്രിൻടിങ്ങ് ബ്യൂറൊ,

കോഴിക്കോട്.

1927.

[പകപ്പവകാശം] [വില 6 ണ.

57148
032:3M83 A11
F7

UNIVERSITY LIBRARY
APR.
MADRAS



ശ്രീമതി തരവത്ത് അമ്മാളു അമ്മ.

UNIVERSITY LIBRARY
10 APR 1970
MADRAS

# മുഖവുര.

തമിഴ് സാഹിത്യലോകത്തിൽ അന്നും ഇന്നും ഒരു പോലെ തിളങ്ങി പ്രകാശിക്കുന്ന രണ്ടു അമൂല്യരത്നങ്ങളായ ചിലപ്പതികാരം, മണിമേഖല എന്നീ ദിവ്യഗ്രന്ഥങ്ങളുടെ ഒരു ചുരുങ്ങിയ വിവരണമാണ് പ്രസ്തുത പുസ്തകം. മലനാടെന്നു വിളിച്ചുവന്നിരുന്ന മലയാളത്തിലെ ചില പഴയ നടവടികളും രാജ്യസ്ഥിതികളും ഭരണസമ്പ്രദായങ്ങളും മററും ഇവയിൽ അവിടവിടെ വിവരിച്ചിരിക്കകൊണ്ടു ഈ കാവ്യങ്ങളുമായി കേരളീയക്ക് അല്പമൊരു ബന്ധമുണ്ടെന്നു സിദ്ധിക്കുന്നു. ചിലപ്പതികാരം മണിമേഖല എന്നീ ഗ്രന്ഥങ്ങൾ ഒരേ കാലത്തു ജീവിച്ചിരുന്ന ഇളങ്കോവടികൾ, ചേത്തല ചാത്തനാർ എന്നിവരാൽ നിമ്മിക്കപ്പെട്ടവയാണെന്നും പ്രസ്തുത സംഭവങ്ങൾ നടന്നതു ഇവരുടെ കാലത്താണെന്നും ഈ കാവ്യങ്ങളിൽനിന്നറിയുന്നു. തന്നിമിത്തം ഈ കഥക്കും ഗ്രന്ഥത്തിന്നും അത്രതന്നെ പഴക്കമുണ്ടെന്നു തെളിയുന്നു. ഇളങ്കോവടികൾ ജീവിച്ചിരുന്നതു ഉദ്ദേശം 1700 കൊല്ലങ്ങൾക്കു മുമ്പാണെന്നുള്ളതിന്നു പല തെളിവുകളും ഉണ്ട്. പാതിവ്രത്യമഹിമ, അധമ്മഫലം, വിധിവൈഭവം എന്നിവയെ ചിലമ്പിനെ കാരണമാക്കി വിശദീകരിച്ചിരിക്കകൊണ്ടു ഈ ഗ്രന്ഥത്തിന്നു ചിലപ്പതികാരം എന്ന പേർ സിദ്ധിച്ചതാണുപോലും. കോവലൻ കണ്ണകി എന്നിവരുടെ ക

ഥയാണ് ഇതിൽ വിവരിച്ചിരിക്കുന്നതു. എന്നാൽ ചിലപ്പതികാരമെന്ന മഹൽകാവ്യത്തെപ്പററിയും അതിലെ പ്രതിപാദ്യവിഷയം മലയാളികൾക്ക പ്രത്യേകം സംബന്ധപ്പെട്ട കണ്ണകിയുടെ ദിവ്യകഥയാണെന്നും അറിയാത്തവർ നമ്മുടെ മലയാളികളിൽ ഇന്നും അനവധി ആളുകൾ ഉണ്ടു. അതിനെ സ്വല്പമെങ്കിലും പരിഹരിക്കുക മാത്രമാണ എന്റെ ഉദ്ദേശം.

ചിലപ്പതികാരം ഒരു മഹൽഗ്രന്ഥമാണെന്നും അതിലെ ദുരവഗാഹമായ വിഷയങ്ങൾ മഹാ കവികളായ തമിഴ വിദ്വാന്മാരെപ്പോലും ക്ലേശിപ്പിക്കത്തക്കതാണെന്നും ഉള്ളതിന്ന യാതൊരു സംശയവും ഇല്ല മധുരയിൽ പൂർവ്വകാലത്തുണ്ടായിരുന്ന വിദ്വൽസംഘത്തിലെ അംഗങ്ങളായ 'നൽക്കീരർ' തുടങ്ങിയ പ്രസിദ്ധ വിദ്വാന്മാർ ഈ ഗ്രന്ഥത്തെ പ്രശംസിച്ചും ഉദാഹരിച്ചും കാണുന്നതിൽനിന്നും ഇതിന്റെ മാഹാത്മ്യം വെളിപ്പെടുന്നുണ്ട്. അപ്രകാരമുള്ള ഒരു ഗ്രന്ഥത്തെ പൂർണ്ണമായി വിവരിക്കയോ പരിഭാഷപ്പെടുത്തുകയൊ ചെയ്യുന്നതിന്ന സ്വല്പബുദ്ധികൾക്ക ഒരിക്കലും സാദ്ധ്യമല്ല. ആഴത്തിൽ പതിഞ്ഞുകിടക്കുന്ന അതിലെ ദിവ്യതത്വരത്നങ്ങളെ ചികഞ്ഞെടുത്തു പുറത്തേക്ക കൊണ്ടുവരുവാനുള്ള ശക്തി എനിക്കല്പംപോലുമില്ല. പക്ഷെ അതിന്റെ ദിവ്യത്വം വെളിപ്പെടുത്തിയാൽ കൊള്ളാമെന്ന അത്യാഗ്രഹം കലശലായുണ്ടുതാനും. ഈ സ്ഥിതിക്ക് 'പ്രാംശുലഭ്യേ ഫലെ ലോഭാൽ ഉദ്ബാഹുരിവവാമനഃ' എന്ന നിലയിൽ പുറംഭാഗത്തു കാണുന്നതും എന്റെ തുഛബുദ്ധിക്ക എത്തുന്നതുമായ വിഷയങ്ങളെ കൂട്ടിച്ചേർത്ത് ഒരു ചുരുക്കവിവര

ണം എഴുതുകയെ നിവ്വാഹമുള്ളുവെന്നു വന്നു. എന്റെ ഈ ഉദ്യമം സാഹസമാണെന്നു വരുകിൽ മഹൽജനങ്ങളും വിശിഷ്യ മൂലഗ്രന്ഥകത്താവായ രാജഷിയും മാപ്പു നൽകട്ടെ.

പാലക്കാട്ടുതാലൂക്കിൽ വടക്കന്തറയിൽ ഞങ്ങളുടെ ഗൃഹത്തിന്നു സമീപമുള്ളതും തരവത്ത തറവാട്ടുകാരുടെ ഭരദേവതയുമായ 'ശ്രീ തിരുപുരായ്ക്കൽ ഭഗവതീ ക്ഷേത്ര'ത്തെപ്പററി പലരും കേട്ടിരിപ്പാനിടയുണ്ട്. ബാല്യം മുതല്ക്കു ഈ ഭഗവതിയിൽ അതിരററ വിശ്വാസവും ഭക്തിയും എനിക്കുണ്ടായിരുന്നു. തന്നിമിത്തം ആ ക്ഷേത്രസംബന്ധമായ ഐതിഹ്യങ്ങൾ അന്വേഷിച്ചറിയുന്നതിൽ എനിക്കുത്സാഹം ജനിച്ചു. ആ ഭഗവതിയെ കണ്ണകി അല്ലെങ്കിൽ കണ്ണമ്മ എന്നു വിളിച്ചുവരുന്നതിനെപ്പററിയും വാസനയുള്ള പുഷ്പങ്ങളും, മഞ്ഞൾ കുങ്കുമം എന്നിവയും കൂടാതെ പൂജ കഴിക്കുന്നതിനെക്കുറിച്ചും' തരവത്തു വീട്ടുകാൎക്കു ക്ഷേത്രത്തിൽ പ്രത്യേക അവകാശം ലഭിപ്പാനുള്ള ഹേതുവെന്താണെന്നും ഞാൻ കുറെക്കാലം മുമ്പുതന്നെ അന്വേഷിക്കയുണ്ടായി. എന്നാൽ കണ്ണകീദേവി മധുരാനഗരം നശിപ്പിച്ച് മലയാളത്തിലേക്കു പോകുന്ന വഴി പാലക്കാട്ട് വലിയങ്ങാടിയിലും തരവത്ത് മുല്ലത്തറയിലും കുറെനേരം ഇരുന്നു വിശ്രമിക്കയുണ്ടായെന്നും അതു കാണുവാനിടവന്ന തരവത്ത കാരണവർ ഒരു ക്ഷേത്രം പണിചെയ്യിച്ച് അവിടേയും തന്റെ മച്ചിലും പ്രതിഷ്ഠിച്ചുവെന്നും തന്നിമിത്തം തരവത്തുകാൎക്ക് ക്ഷേത്രത്തിലെ ഊരാണ്മസ്ഥാനം ലഭിച്ചതാണെന്നും വിധവയായി കണ്ടതിനാൽ മംഗലവസ്തുക്കൾ ഉപേക്ഷിച്ചതാണെന്നും കണ്ണാകൎണ്ണികയാ പറഞ്ഞു കേട്ടതല്ലാതെ പ്രത്യക്ഷ ലക്ഷ്യങ്ങൾ ഒ

ന്നും തന്നെ കിട്ടുകയുണ്ടായില്ല. പാലക്കാട്ടു വലിയങ്ങാടിയിൽ തമിഴരുടെ വക 'കണ്ണകിയമ്മൻ കോവിൽ' എന്ന ഒരു ക്ഷേത്രം ഇപ്പോഴും ഉണ്ട്. മലയാളത്തിൽ മററെവിടേയും ഈ പേരുള്ള ക്ഷേത്രം ഇല്ലാത്തതുകൊണ്ട് പാലക്കാട്ട് എന്തോ ഒരു പ്രത്യേകബന്ധമുണ്ടെന്നു തെളിയുന്നു. മററു തെളിവുകൾ ഒന്നും കണ്ടുകിട്ടായ്കയാൽ ഈ ചരിത്ര സംബന്ധമായി തമിഴിലുള്ള ചില കഥകളും പാട്ടുകളും നാടകങ്ങളും മററും വരുത്തിനോക്കി. അവയിൽ കണ്ണകി മലയാളത്തിലേക്കു പോയെന്നല്ലാതെ സ്ഥലവിവരം യാതൊന്നും കാണുകയുണ്ടായില്ല. കോവലൻപാട്ടിൽ കണ്ണകി ശ്രീപാൎവ്വതിയുടെ അവതാരമാണെന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ടെങ്കിലും അസംഭാവ്യങ്ങളും അതിക്രൂരങ്ങളുമായ പല ഘോരസംഗതികളും അതിൽകാണുകകൊണ്ട് എൻെറ മനസ്സിന്നു അതുരുചികരമായി തോന്നിയില്ല. കാൎയ്യാൎത്ഥം ക്രോധം അവലംബിച്ചുവെന്നല്ലാതെ ലോകമാതാവായ ഭഗവതിയെ ഒരു രൌദ്രമൂൎത്തിയായി സങ്കല്പിക്കുന്നതു സാഹസമല്ലയൊ എന്നു കൂടെ ഞാൻ സംശയിച്ചു. ഇങ്ങിനെയിരിക്കെ യദൃഛയാ എനിക്കു ചിലപ്പതികാരഗ്രന്ഥം കാണുവാനിടവന്നു. ചിലപ്പതികാരത്തിലും മണിമേഖലയിലും ഭഗവതി ചെന്നിരുന്നതു പശ്ചിമഘട്ടത്തോടു ചേൎന്ന ഒരു കുന്നിന്മേലാണെന്നും ചേരരാജാവു ക്ഷേത്രം പണിചെയ്യിച്ചതു കൊടുങ്ങല്ലൂരിലാണെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഇതിലധികം വിശ്വാസയോഗ്യമായ തെളിവു മററെങ്ങും കാണുമെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ തരവത്ത തറവാട്ടുകാർ ബിംബംകൊണ്ടുവന്നു പ്രതിഷ്ഠിച്ചതായി വിശ്വസി

പ്പാനെ വഴിയുള്ളു. ചേരരാജാവ് തന്റെ രാജ്യത്തിലെങ്ങും ക്ഷേത്രങ്ങൾനിമ്മിച്ചതായും മംഗലാദേവിയെന്ന അപരനാമത്താൽ വിഖ്യാതയായ കണ്ണകിയുടെ ഒരു ദിവ്യക്ഷേത്രം മലയാളത്തിന്റെ വടക്കെ അതൃത്തിയിൽ കൂടി ഉണ്ടായിരുന്നുവെന്നും തന്നിമിത്തം ആ സ്ഥലത്തിന്നു മംഗലഊർ അല്ലെങ്കിൽ മംഗലപുരം എന്ന പേർ സിദ്ധിച്ചതാണെന്നും മററും ചിലപ്പതികാരത്തിന്റെ വ്യാഖ്യാനത്തിൽ കാണുന്നുണ്ട്. പാലക്കാട്ട് തരവത്തെ തറവാട് ചേരമാൻ പെരുമാക്കന്മാരുടെ കാലത്തുതന്നെ ഉണ്ടായിരുന്നതായി ചില ഗ്രന്ഥങ്ങളിൽ നിന്നറിയുന്നു. ആയതുകൊണ്ട് അക്കാലത്തു ചേരരാജാവിനെ അനുകരിച്ച് പ്രജകളും ക്ഷേത്രനിമ്മാണം ചെയ്തതായി വിശ്വസിക്കാവുന്നതാണ്. എപ്രകാരമായാലും തിരുപുരായ്ക്കൽ ഭഗവതിക്ഷേത്രത്തിലെ ഊരായ്മസ്ഥാനം ആറുമാസം മുമ്പു മതസ്ഥാപനബോർഡുകാർ പ്രവേശിച്ച് ഏറെറടുക്കുന്നതുവരെയും തരവത്തെ വീട്ടുകാൎക്കുണ്ടായിരുന്നുവെന്നു തീച്ചയാണ്.

ചേരരാജാവ് നാടെങ്ങും അനവധി ക്ഷേത്രങ്ങൾ പണിയിപ്പിച്ചതായി ഈ ചരിത്രത്തിൽ കാണ്മാനുണ്ട്. മലയാളത്തിൽ ഇത്രയധികം ഭഗവതിക്ഷേത്രങ്ങൾ ഉണ്ടാവാനുള്ള ഹേതു അതായിരിക്കാം. അതിന്നുപുറമെ ഭഗവതിയുടെ കോമരങ്ങൾ കൈയ്യിൽ ഒററച്ചിലമ്പു ധരിച്ചുകാണുന്നതും ഈ കഥയെ അടിസ്ഥാനപ്പെടുത്തീട്ടാണെന്നു ഊഹിപ്പാൻ വഴിയുണ്ട്. മറെറങ്ങും ഈ സമ്പ്രദായം കാണുന്നുമില്ല. ഭഗവതി ചേരരാജാവിന്നു പ്രത്യക്ഷയായതു പൊന്നിൻ ചിലമ്പും മേഖലയും രക്തവസ്ത്രവും ധരിച്ചായിരുന്നുവെന്നു

കാണുന്നതിനാൽ അതേരൂപം വെളിച്ചപ്പാടന്മാരും ധരിക്കുന്നതായി വിശ്വസിക്കാം. ഇതു കൂടാതെ ഭഗവതീ പ്രതിഷ്ഠകൾ മിക്കതും മരത്തിൻ ചുവട്ടിലായി കാണുന്നുണ്ട്. കണ്ണകീ ദേവി ചെന്നിരുന്നതു മരത്തണലിലാകകൊണ്ട് അതിനെ ആസ്പദിച്ച് ഈ നടവടി വന്നതായിരിക്കുമെന്നു സംശയം തോന്നുന്നു. ഏതു വിധമായാലും മലയാളത്തിലുള്ള ഭഗവതീ ബിംബങ്ങളിൽ അധികഭാഗവും കണ്ണകീ ദേവിയുടെ ശിലാബിംബങ്ങളാണെന്നതിന്നു കോമരങ്ങൾ ധരിച്ചു കാണുന്ന ഒററച്ചിലമ്പു തന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്.

ചിലപ്പതികാരത്തിൻെറ ഒരു ചുരുങ്ങിയ സാരാംശം മാത്രമേ ഞാൻ എടുത്തിട്ടുള്ളൂ. അതിൽത്തന്നെ കഥാഗതിക്കത്യാവശ്യങ്ങളല്ലാത്ത പലെ സംഭവങ്ങളും വിട്ടുകളഞ്ഞിട്ടുണ്ട്. ചിലപ്പതികാരത്തിലില്ലാത്ത ചില സംഗതികൾ മണിമേഖലമുതലായ മററു ചില ഗ്രന്ഥങ്ങളിൽ നിന്നെടുത്ത് അവിടവിടെ കൂട്ടിച്ചേർത്തിട്ടുമുണ്ട്. കണ്ണകിക്കു പത്തിനീദേവി, മംഗലാദേവി, വീരപത്നി എന്നിങ്ങിനെ പലെ പര്യായങ്ങളും ഉള്ളതിൽ പ്രസ്തുതകഥക്കു യോജിച്ചതു വീരപത്നിയാകകൊണ്ട് ഞാൻ ആ നാമധേയം ഈ ഗ്രന്ഥത്തിന്നു നൽകിയതാകുന്നു. ഏററവും പുരാതനമായ ഈ ദിവ്യചരിത്രത്തോടു തറവത്തെ തറവാട്ടുകാർക്കുള്ള ബന്ധത്തെ രേഖപ്പെടുത്തത്തക്ക ലക്ഷ്യങ്ങളൊന്നും കിട്ടുവാനിടവന്നില്ലെങ്കിലും തങ്ങളുടെ ഭരദേവതയുടെ ചരിത്രമെങ്കിലും ഭാവിസന്താനങ്ങൾ ഓർമ്മിപ്പാനിട വരേണമെന്നു കരുതി ഞാൻ ഇതിന്നുത്സാഹിച്ചതാണ്. തിരുപ്പുരായ്ക്കൽ ക്ഷേത്ര

സംബന്ധമായ അധികാരം കൂടെ ഈയിടെ കൈവിട്ടുപോയിരക്കുന്നതിനാൽ മേലിൽ അതു വഴിയായും ഓൎമ്മിപ്പാൻ സംഗതിവരികയില്ല. ഇക്കാരണങ്ങളാലാണ് ഞാൻ ഇതിനെ പ്രസിദ്ധീകരിപ്പാൻ ഒരുങ്ങിയതു.

സാഹിത്യലോകത്തിൽ ചരിക്കത്തക്ക ഭാഷാഗുണമോ, കല്പനാവൈചിത്ര്യമോ ഈ ചെറുപുസ്തകത്തിന്നില്ലെന്നു എനിക്കുതന്നെ ബോദ്ധ്യമാണ്. എങ്കിലും കഥാവസ്തു പരിപാവനമായ ദേവി ചരിത്രമാകകൊണ്ട് സ്വല്പമെങ്കിലും മഹത്വം അതിന്നില്ലാതിരിക്കുവാൻ വഴിയില്ല. അരയന്നം ജലത്തെ ത്യജിച്ച് പാലിനെ ആസ്വദിക്കുന്നതുപോലെ മഹൽജനങ്ങൾ ഇതിലുള്ള ദോഷാംശങ്ങളെ നീക്കി സാരത്തെ ഗ്രഹിപ്പാൻ ഞാൻ വിനയപൂൎവ്വം അപേക്ഷിച്ചുകൊള്ളുന്നു.

"ഉണ്ണിക്കിടാങ്ങൾ പിഴച്ചുകാൽവെയ്ക്കിലും
കണ്ണിന്നുകൌതുകമുണ്ടാം പിതാക്കൾക്ക്"

എന്ന വാക്യാനുസരണം നിസ്സാരമെങ്കിലും വാത്സല്യാതിരേകത്താൽ സാരതരമായി തോന്നുമെന്നുള്ള വിശ്വാസത്തിന്മേൽ ഞാൻ ഈ ചെറുഗ്രന്ഥത്തെ എന്നെ ഇതിന്നുത്സാഹിപ്പിക്കയും അനുഗ്രഹിക്കയും ചെയ്ത എന്റെ വന്ദ്യമാതാവായ തരവത്ത് അമ്മാളുഅമ്മ അവൎകളുടെ പാദത്തിങ്കൽ അകൈതവഭക്തിയോടുകൂടെ സാദരം സമൎപ്പിച്ചുകൊള്ളുന്നു.

തിരുനെൽവേലി
5—11—1927

തരവത്ത് അമ്മിണിഅമ്മ.

UNIVERSITY LIBRARY
24 APR. 1919
MADRAS

# വീരപത്നി.

## 1-ാം അദ്ധ്യായം.

തെക്കെ ഇന്ത്യയിൽ സുപ്രസിദ്ധമായ ചോളനാട്ടിൽ, കാവേരീനദി സമുദ്രത്തോടു സംഗമിക്കുന്ന പുണ്യസ്ഥലത്തിൽ ഐശ്വൎയ്യദേവതയുടേയും വാഗ്ദേവിയുടേയും അധിവാസമായി 'കാവേരിപ്പൂമ്പട്ടണം' എന്ന ഒരു നഗരം ഉണ്ടായിരുന്നു. ഇരുപുറവും ഉന്നതഹൎമ്മ്യങ്ങൾ നിറഞ്ഞ വിശാലവീഥികളും, പട്ട്, കമ്പിളി, പരുത്തി മുതലായ നൂലുകൾ കൊണ്ടു വിചിത്രവേലകൾ ചെയ്യുന്ന നെയ്ത്തുശാലകളും, പട്ടുവൎഗ്ഗങ്ങൾ, പരുത്തിത്തുണികൾ, രത്നകംബളങ്ങൾ, ധാന്യങ്ങൾ, കായ്കറികൾ, പൊൻ വെള്ളി സാമാനങ്ങൾ എന്നിവവെച്ചു വില്ക്കുന്ന വ്യാപാരസ്ഥലങ്ങളും ഈ രാജ്യത്തിൻെറ ധനസമൃദ്ധിയെ വ്യക്തമാക്കിയിരുന്നു. തട്ടാൻ, കൊല്ലൻ, ചക്കിലിയൻ, മുത്തു കോൎക്കുന്നവർ, ശംഖ് അറുക്കുന്നവർ എന്നീ തൊഴിലാളികളും, കൃഷികന്മാരും, കച്ചവടക്കാരും, വണ്ണാൻ, വാണിയൻ, ക്ഷുരകൻ മുതലായ എല്ലാവിധ ജാതിക്കാരും ഇവിടെ കുടിയേറി പാൎത്തിരുന്നു. ഇപ്രകാരം ധനസമൃദ്ധിയാലും, ജനസമൃദ്ധിയാലും പേർ കേട്ട ഈ നഗരത്തിന്നു് പുകാർ, കാകന്തി, പട്ടണം എന്നീ പേരുകളും ഉണ്ടായിരുന്നു.

ഈ നഗരത്തിന്റെ അന്തർഭാഗത്തെ 'പട്ടണപ്പാക്കം' എന്നും ബഹിർഭാഗത്തെ 'മരുവൂപ്പാക്കം' എന്നും പറഞ്ഞു വന്നിരുന്നു. ഇവകളുടെ മദ്ധ്യത്തിലായി 'നാളങ്ങാടി' എന്ന ഒരു വലിയ വ്യാപാരസ്ഥലമുണ്ടു. ഇരുവശവും തഴച്ചു പൊങ്ങി വളൎന്നു നില്ക്കുന്ന വൃക്ഷങ്ങളാൽ ശോഭിതമായ ഈ സ്ഥലം ഭൂമീദേവിയുടെ ശിരോലങ്കാരമദ്ധ്യസ്ഥമായ നായകമണിയെന്നപോലെ നഗരമദ്ധ്യത്തിൽ പരിലസിച്ചു. സാമാനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന ജനങ്ങളുടെ സംസാരധ്വനി ഇവിടെനിന്നു വളരെ ദൂരത്തിൽ കടലിരമ്പമെന്നപോലെ സദാ കേട്ടുകൊണ്ടിരുന്നു. നാളങ്ങാടിഭൂതത്തിന്റെ ആവാസമന്ദിരവും, മുത്തുപ്പന്തൽ, വിദ്യാമണ്ഡപം, തോരണഗോപുരം എന്നിവ നില്ക്കുന്ന മനോഹരസ്ഥലങ്ങളും, അഞ്ചു രക്ഷാലയങ്ങളും, പലെ ക്ഷേത്രങ്ങളും, മണ്ഡപങ്ങളും ഇവിടെ ഉണ്ടായിരുന്നു

മേല്പറഞ്ഞ നാളങ്ങാടിഭൂതത്തിന്റെ ആഗമനത്തെപ്പററി പരമ്പരമായി പറഞ്ഞുവരുന്ന ഒരു ഐതിഹ്യം ഉണ്ട്. അതെന്തെന്നാൽ:—

പണ്ടൊരിക്കൽ ഒഴിച്ചുകൂടാത്ത ഒരു സംഗതി നിമിത്തം ദേവേന്ദ്രന്നു തന്റെ രാജധാനിയായ അമരാവതി വിടേണ്ടതായി വന്നു. ഇക്കാലമത്രയും അമരാവതിയെ രക്ഷിക്കത്തക്ക പ്രാപ്തി ആൎക്കുണ്ടെന്നു അദ്ദേഹം അന്വേഷിച്ചാറെ, സൂൎയ്യവംശജനായ മുചുകുന്ദചക്രവൎത്തി എല്ലാംകൊണ്ടും ഈ സ്ഥാനത്തിന്നൎഹനാണെന്നറിഞ്ഞ് ആ ഭാരം അദ്ദേഹത്തെ ഏല്പിച്ചു. മുചുകുന്ദന്റെ ഒപ്പംനിന്നു രക്ഷി

പ്പാനായി ഒരു ഭൂതത്തേയും അദ്ദേഹത്തിന്നു നൽകി. ദേവേന്ദ്രൻ അമരാവതി വിട്ടതറിഞ്ഞു രന്ധ്രാന്വേഷികളായ അസുരന്മാർ ആ തരംനോക്കി യുദ്ധത്തിന്നു ചെല്ലുകയും മുചുകുന്ദനാൽ തോല്പിക്കപ്പെട്ട് പല തവണ പിൻവാങ്ങുകയുംചെയ്തു. നേരിട്ടുനിന്നു യുദ്ധംചെയ്തു ജയിപ്പാൻ പ്രയാസമാണെന്നു കണ്ടറിഞ്ഞു അസുരന്മാർ അവസാനം രഹസ്യമായി ഒരു അന്ധകാരാസ്ത്രം പ്രയോഗിച്ചു. ആ അസ്ത്രത്തിൽനിന്നും ഉത്ഭവിച്ച ക്രൂരിരുട്ട് രാജാവിൻേറയും സൈന്യങ്ങളുടേയും കണ്ണിനേയും മനസ്സിനേക്കൂടേയും മങ്ങിപ്പിച്ചതിനാൽ അവർ സ്തബ്ധഹൃദയന്മാരായി ഭവിച്ചു. തത്സമയം ഇന്ദ്രനാൽ നൽകപ്പെട്ട ഭൂതം രാജാവിൻേറശ്രോത്രത്തിൽ തമോഹാരകമായ ഒരു മന്ത്രം ഉപദേശിക്കുകയും ഉടൻതന്നെ സ്വസ്ഥചിത്തനായ രാജാവ് അസുരരുടെ മായാപ്രയോഗങ്ങളെ നശിപ്പിച്ചു അവരെ ഓടിക്കുകയുംചെയ്തു. ഈ വൃത്താന്തങ്ങളെല്ലാം കേട്ടു സന്തോഷിച്ച ദേവേന്ദ്രൻ ആ ഭൂതത്തെ എന്നെന്നേക്കും മുചുകുന്ദന്നായി നൽകി. മുചുകുന്ദചക്രവർത്തി ഭൂലോകത്തിലേക്കു കൊണ്ടുവന്നു നാളങ്ങാടിയിൽ നിർത്തിയ ആ ഭൂതം ചോളരാജാക്കന്മാരുടെ രക്ഷയിൽ അത്യൌൽസുക്യത്തോടെ അവിടെ വസിച്ചുവന്നു. നാളങ്ങാടിയിൽ പ്രതിഷ്ഠിക്കപ്പെട്ടതിനാൽ 'നാളങ്ങാടിഭൂത'മെന്നു പേർ സാധാരണമായിതീൎന്നു.

ഇനി മുത്തുപ്പന്തൽ, വിദ്യാമണ്ഡപം, തോരണഗോപുരം എന്നിവയുടെ ആഗമനഹേതു പറയാം.

മുമ്പൊരിക്കൽ ദിഗ്വിജയത്തിന്നായി പുറപ്പെട്ട ചോളരാജാവ് ഹിമവൽ പൎവ്വതംവരെയുമുള്ള സകല രാജാക്കന്മാരേയും യുദ്ധത്തിൽ ജയിച്ച് ഹിമവാനിൽ വിജയസൂചകമായ തന്റെ വ്യാഘ്രമുദ്ര കൊത്തിച്ച് മടങ്ങി. ആ സമയം വജ്രാധിപതിയാലും, മഗധരാജാവിനാലും, അവന്തിഭൂപനാലും കാഴ്ചയായി നൽകപ്പെട്ടതും സ്വൎണ്ണത്താലും, വെള്ളിയാലും, മുത്തിനാലും നിൎമ്മിക്കപ്പെട്ടതുമായ തോരണഗോപുരം, വിദ്യാമണ്ഡപം, മുത്തുപ്പന്തൽ എന്നിവയേയും ഒരുമിച്ചു കൊണ്ടുപോന്ന് സ്വരാജ്യത്തിലെ പ്രധാനസ്ഥലങ്ങളിൽ സ്ഥാപിച്ചു.

ഈ നഗരത്തിലുള്ള അഞ്ചു രക്ഷാലയങ്ങൾക്കും ഓരോ നാമധേയവും അതിനെസ്സംബന്ധിച്ച ഓരോ ഐതിഹ്യവും പാരമ്പൎയ്യമായി പറഞ്ഞുവരുന്നു. ഇതുകൂടാതെ ഇവിടത്തെ ശ്മശാനത്തോടു തൊട്ടതായി 'ചക്രവാളഗോഷ്ഠം' എന്നു പറയുന്ന ഒരു ക്ഷേത്രമുണ്ട്. മുമ്പു ഒരു കാരണത്താൽ സകല ദേവന്മാരും അവിടെ പ്രത്യക്ഷപ്പെട്ടുവെന്നും തൽസമയം തുടങ്ങി സൎവ്വ ദേവന്മാരുടേയും സാന്നിദ്ധ്യം അവിടെയുള്ളതായി കരുതപ്പെടുന്നുവെന്നും തന്നിമിത്തം ചക്രവാളഗോഷ്ഠമെന്ന പേർ വന്നതാണെന്നും പറയപ്പെടുന്നു. ഇതുപോലെതന്നെ ഓരോ കാരണത്താൽ ഓരോ നാമധേയം നൽകപ്പെട്ട ലവന്തികാവനം, ഉദ്യാനവനം, സമ്പാതിവനം, കവേരവനം, ഉപവനം എന്നീ സുപ്രസിദ്ധങ്ങളായ അഞ്ച് ഉദ്യാനങ്ങളും കാവേരി പട്ടണത്തിലുണ്ടായിരുന്നു.

ഇപ്രകാരം സുഖസമ്പൽ സമൃദ്ധമായ പൂമ്പട്ടണം അതിലെ നിവാസികളുടെ സത്യനിഷ്ഠയാലും ചാരിത്രത്താലും മുഖ്യസ്ഥാനത്തെ അർഹിച്ചിരുന്നു. അവിടത്തെ സ്ത്രീകളുടെ ചാരിത്രനിഷ്ഠയെ തെളിയിക്കുന്ന ഐതിഹ്യങ്ങൾ ലോകപ്രസിദ്ധങ്ങളാണ്. കാവേരി പൂമ്പട്ടണം ചോളരാജാക്കന്മാരുടെ തലസ്ഥാന നഗരമായിരുന്നു. ചോളരാജ്യത്തെ 'കരികാല'നെന്ന രാജാവ് ഭരിച്ചിരുന്ന കാലത്താണ് പ്രസ്തുത കഥ നടന്നതു.

കാവേരിപ്പൂമ്പട്ടണത്തിൽ ഇപ്പർ, കവിപ്പർ, പെരുങ്കുടിയാർ എന്നിങ്ങിനെ മൂന്നു വലിയ വൈശ്യകുടുംബങ്ങൾ ഉണ്ടായിരുന്നു. ഇതിൽ പെരുങ്കുടിവംശജാതനായ 'മാചാതപാൻ' എന്ന ആൾ അക്കാലത്ത് രാജാവിനോടു കിടനില്ക്കത്തക്ക ധനികനായും അതി ധാർമ്മികനായും വർത്തിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ദയാശീലത്തിൻെറ ഖ്യാതി അന്യരാജ്യങ്ങളിൽക്കൂടെ പരന്നിരുന്നു. ഇപ്രകാരം ധർമ്മനിഷ്ഠനായ മാചാതപാൻെറ സൽഗുണങ്ങൾ മൂർത്തീകരിച്ചവതരിച്ചതോ എന്നു ശങ്കിക്കത്തക്ക സ്വഭാവഗുണവും സ്വരൂപഗുണവും തികഞ്ഞ ഒരു പുത്രനെ ഈശ്വരൻ മാചാതപാന്നു നൽകി. ആയാൾ തൻെറ പുത്രന്നു 'ഗോപാലൻ' എന്നു പേർവിളിച്ച് അതി വാത്സല്യത്തോടെ വളർത്തിവന്നു. ഗോപാലൻ എന്ന പേർ ലോപിച്ച് കാലക്രമത്തിൽ കോവലനെന്നായിതീർന്നു. കോവലന്നു പതിനാറുവയസ്സു തികഞ്ഞപ്പോൾ മാചാതപാൻ പുത്രന്നു വിവാഹം ചെയ്യിപ്പാനൊരുങ്ങി. വധുവായി തിരഞ്ഞെടുത്തതു അതേ നഗരത്തിലുള്ള

'മാനായകൻ' എന്ന വണിക്കിൻെറ പുത്രിയും പന്ത്രണ്ടുവയസ്സു പ്രായമുള്ളവളുമായ 'കണ്ണകി' എന്ന സ്ത്രീരത്നത്തെയായിരുന്നു. സൌന്ദര്യദേവത മൂർത്തീകരിച്ചവതരിച്ചിരുന്ന ഈ സതീരത്നം സൌശീല്യാദി ഗുണങ്ങൾകൊണ്ടും കോവലന്നു അനുരൂപയായി ശോഭിച്ചു. ഇവരുടെ വിവാഹം മംഗളമായും ഘോഷമായും കഴിഞ്ഞുകൂടി. ദമ്പതിമാർ അന്യോന്യം അതിപ്രേമത്തോടെ 'ഉടൽരണ്ടും മനസ്സൊന്നും' എന്ന നിലയിൽ ആനന്ദമായി ദിവസം കഴിച്ചുവന്നു.

ഇങ്ങിനെയിരിക്കെ കോവലൻെറ മാതാവ് തൻെറ സ്നുഷയും പുത്രനും ഗാർഹസ്ഥ്യധർമ്മങ്ങളായ അതിഥിപൂജ, ദീനരക്ഷ, മഹൽ ശുശ്രൂഷ എന്നിവ യഥേഷ്ടം ചെയ്തു ശീലിക്കേണ്ടതിലേക്കായി സമീപമുള്ള ഒരു രമ്യഹർമ്മ്യത്തിൽ അവരെ ഒരു പ്രത്യേക കുടുംബമായി പാർപ്പിച്ചു. അവൎക്കു വേണ്ടുന്ന സകല സാമഗ്രികളേയും ഭൃത്യവർഗ്ഗങ്ങളേയും ഏൎപ്പാടു ചെയ്തുകൊടുത്തു. മാതാവിൻെറ ആജ്ഞയെ ശിരസാവഹിച്ച ആ ദമ്പതിമാരാകട്ടെ തങ്ങളുടെ നൂതനഗൃഹത്തിൽ സകല ജനങ്ങളുടേയും പ്രശംസാപാത്രങ്ങളായി മാതൃകാ ജീവിതം നയിച്ചുവന്നു. സംവത്സരവും ചിലതു കാലചക്രത്തിരിപ്പിൽ മറഞ്ഞു.

ആ രാജ്യത്തിൻെറ മറെറാരുഭാഗത്തു ദേവദാസി വൎഗ്ഗത്തിൽപെട്ട 'ചിത്രാവതി' എന്ന ഒരു ഗണിക വസിച്ചിരുന്നു. അവൾക്ക് 'മാധവി'യെന്ന അതിസുന്ദരിയായ ഒരു പുത്രിയും ഉണ്ടായിരുന്നു. മാധവിക്കു പന്ത്രണ്ടുവയസ്സാകുമ്പോഴേക്കും ആട്ടം, പാട്ട്, അഭിനയം എന്നീ ലളിതകല

കളിൽ അവൾ അദ്വിതീയയായിതീൎന്നു. മകളുടെ അനിതര വനിതാസാധാരണമായ നൃത്തപാടവം കരികാല ചോളരാജാവിന്മുമ്പാകെ പ്രദൎശിപ്പിക്കേണമെന്നു ചിത്രാവതി നിശ്ചയിച്ചു. അതിന്നു രാജാവിൻെറ അനുവാദവും ലഭിച്ചു. നിശ്ചിതദിവസം മാധവി രംഗത്തിൽ പ്രവേശിച്ച് നാട്യശാസ്ത്രം അണുപോലും പിഴക്കാതെ നൃത്തംചെയ്തു. അവളുടെ നൃത്തവും, അഭിനയവും വിശിഷ്യ ചേതസ്സമാകൎഷകമായ സംഗീതവും സദസ്യരേയും രാജാവിനെത്തന്നേയും ആനന്ദപരവശന്മാരാക്കിത്തീൎത്തു. മാധവിയുടെ സൌന്ദൎയ്യധോരണിയാലും സംഗീത സാമൎത്ഥ്യത്താലും അപഹൃതചിത്തനായ ചോളരാജാവ് കേവലം ഗണികാസക്തനായാലുള്ള കീൎത്തിഭ്രംശത്തെ ഓൎത്ത് തൻെറ മനസ്സിനെ നിൎബ്ബന്ധപൂൎവ്വം പിന്തിരിച്ചു. രാജസഭമുമ്പാകെ അരങ്ങേററം ചെയ്യുന്ന വേശ്യമാൎക്കു സാധാരണയായി നൽകുന്ന തോതനുസരിച്ച് ആയിരത്തെട്ടു കഴഞ്ച് സ്വൎണ്ണംകൊണ്ടുള്ള ഒരു മാല മാധവിക്കു സമ്മാനമായി നൽകുകയും ചെയ്തു.

രാജസഭയിലുണ്ടായിരുന്ന കോവലനാകട്ടെ മാധവിയുടെ ആകൎഷണീയമായ സൌന്ദൎയ്യത്തിൽ മഗ്നനായിപ്പോയി. തൻെറ മനസ്സിനെ പിന്തിരിപ്പാൻ അതിപ്രയത്നം ചെയ്തിട്ടും അവൻ ശക്തനായില്ല. ഇങ്ങിനെ മാധവിയിൽ അനുരക്തനായിഭവിച്ച കോവലൻ തെരുവീഥിയിൽക്കൂടെ ചിന്താഗ്രസ്തനായി സ്വപ്നത്തിലെന്നപോലെ നടന്നുപോകുന്ന സമയം, രാജാവിങ്കൽനിന്നും ലഭിച്ച മാലയും പിടിച്ചുകൊണ്ട് മാധവിയുടെ ഭൃത്യ അവിടെ നില്ക്കുന്നതുകണ്ടു. ഉട

ൻതന്നെ കോവലൻ അവളുടെ സമീപംചെന്ന് വിവരം അന്വേഷിച്ചു. "ആയിരത്തെട്ടുകഴിഞ്ച് തൂക്കമുള്ള ഈ സ്വർണ്ണമാലയെ അതിന്നുള്ള വിലകൊടുത്ത് വാങ്ങി മാധവിയുടെ കഴുത്തിൽ ആർ ധരിപ്പിക്കുന്നുവോ ആയാളെ അവൾ ഭർത്താവായി സ്വീകരിക്കുമെന്നാണ് നിശ്ചയം." എന്നു അവൾ മറുവടിപറഞ്ഞു. കോവലൻ ഒട്ടും സംശയംകൂടാതെ ഉടനെതന്നെ ആ സംഖ്യമുഴുവനും കൊടുത്ത് മാലവാങ്ങി ഭൃത്യയോടൊരുമിച്ചു മാധവിയുടെ ഗൃഹത്തിൽചെന്ന് മാധവിയുടെ കഴുത്തിൽ മാലയണിയിച്ച് അവളെ ഭാൎയ്യയായി വരിച്ചു. അതുമുതൽ കോവലന്നു അന്യചിന്തയില്ലാതായി. രാവുംപകലും ഒരുപോലെ അവൻ വിഷയസുഖത്തിൽ മുങ്ങി നാൾകഴിച്ചു. തൻെറ ധനത്തേയും കണ്ണകിയുടെ ആഭരണങ്ങളെക്കൂടേയും അല്പാല്പമായി അവൻമാധവിക്കു സമൎപ്പിച്ചു. തൻെറ ധൎമ്മപത്നിയും പതിവ്രതയുമായ കണ്ണകിയെ തീരെ വിസ്മരിക്കയുംചെയ്തു.

സത്യവാനും ധൎമ്മപരനും സ്വപത്നിയിൽ നിഷ്കളങ്കപ്രേമമുള്ളവനുമായ കോവലൻ ഇപ്രകാരം വ്യാമോഹത്തിലകപ്പെട്ടു് ധൎമ്മപഥത്തിൽനിന്നും ചലിച്ചതു, വിധിയുടെ ഒഴിച്ചുകൂടാത്ത ആകൎഷണശക്തിയാലോ, അഥവാ ഭൎത്തൃപരായണന്മാരായ സ്ത്രീജനങ്ങളുടെ ചാരിത്രനിഷ്ഠ കണ്ണകിമുഖേന ലോകജനങ്ങളെ ധരിപ്പിക്കേണമെന്ന ഈശ്വരേച്ഛയാലോ അതല്ലെങ്കിൽ കണ്ണകീദേവിയുടെഅവതാരോദ്ദേശം നിറവേററുവാനോ ആയിരിക്കണം. മനുഷ്യശക്തി ഈശ്വരന്നടിമപ്പെട്ടതാണെന്നും മനുഷ്യയത്നം അതിജാഗ്രത

യോടെ ചെയ്താൽക്കൂടിയും ഈശ്വരേച്ഛ—അതായത കർമ്മശക്തി—എപ്രകാരമെങ്കിലും പിടിച്ചിഴത്ത് പ്രാപ്യസ്ഥാനത്തെത്തിക്കുമെന്നും ആണ് ഇതിൽനിന്നും വെളിവാകുന്നതു.

മാധവിയാകട്ടെ തൻെറ കുലധർമ്മമായ വേശ്യാവൃത്തിയെ സ്മരിക്കപോലും ചെയ്യാതെ കോവലൻെറ സൌന്ദര്യത്തിൽ മഗ്നയായി നാരംകഴിച്ചു. ഇങ്ങിനെയിരിക്കെ മാധവി ഗർഭം ധരിച്ച് ഒരു പെൺകുട്ടിയെ പ്രസവിച്ചു. പുത്രിക്ക എന്തു നാമധേയമാണ് നൽകേണ്ടതെന്നു കോവലനോട ചോദിച്ചപ്പോരം ആയാരം ഇപ്രകാരം പറഞ്ഞു:—

"പൂർവ്വകാലത്ത് എൻെറ പ്രപിതാമഹന്മാരിൽ ഒരാരം ധനശേഖരാത്ഥം കപ്പൽ കയറി അന്ന്യ രാജ്യങ്ങളിലേക്ക പോവുകയുണ്ടായി. മാഗ്ഗമദ്ധ്യെ കൊടുങ്കാററടിച്ച് അദ്ദേഹം കയറിയിരുന്ന കപ്പൽ തകൎന്നുപോയി. സമുദ്രത്തിൽ പൊങ്ങിക്കിടക്കുന്ന മരക്കഷണങ്ങളെ അവലംബിച്ച് അദ്ദേഹം അങ്ങുമിങ്ങും ഉഴന്നുകൊണ്ടിരിക്കെ അദ്ദേഹത്തിൻെറ പുണ്യാതിരേകത്താൽ അവിടെ ഒരു ദേവസ്ത്രീ പ്രത്യക്ഷീഭവിച്ചു. അവർ എൻെറ പ്രപിതാമഹനെ നോക്കി 'ഹേ' വൈശ്യസത്തമ, നീ ഒട്ടും ഭയപ്പെടേണ്ട. ഞാൻ നിന്നെ രക്ഷിക്കാം. എൻെറ പേർ 'മണിമേഖല' എന്നാണ്. ഇപ്രദേശത്തുള്ള ചില ദ്വീപുകളിൽ രാക്ഷസന്മാരുടെ ഉപദ്രവമുള്ളതിനെ നീക്കി രക്ഷിപ്പാനായി ദേവേന്ദ്രൻ നിയോഗിച്ചപ്രകാരം ഞാനിവിടെ വസിച്ചു വരുന്നു. സജ്ജനങ്ങളെ അപകടങ്ങളിൽ നിന്നും രക്ഷപ്പെടുത്തേണ്ടതു എൻെറ

കടമയാണ്.' എന്നു പറഞ്ഞ് അദ്ദേഹത്തെ കരക്കുകയററി വിട്ടതായി എൻെറ പൂർവ്വീകന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്. അന്നുമുതൽ ഞങ്ങൾ മണിമേഖലയെ കുലദൈവമായി കരുതി ആരാധിച്ചുവരുന്നു. അതുകൊണ്ടു എൻെറ പുത്രിക്കു മണിമേഖല എന്നു നാമകരണം ചെയ്യേണമെന്നാണ് എൻെറ അഭിപ്രായം."

ഈ അഭിപ്രായമനുസരിച്ച് അവർ കുട്ടിക്ക് മണിമേഖല എന്നുതന്നെ പേർ വിളിച്ചു. പുത്രിയുടെ ശൈശവലീലകൾ ആ ദമ്പതിമാരെ ആനന്ദഭരിതരാക്കിത്തീർത്തു. ദിവസം മാസമായും മാസം സംവത്സരമായും മാറുന്നതു അവർ അറിഞ്ഞതേയില്ല.

ഇവിടെ ഇങ്ങിനെയിരിക്കെ, പ്രിയ ഭർത്താവിനെപ്പിരിഞ്ഞ കണ്ണകി ദുഃഖാക്രാന്തയായി ദിവസം കഴിച്ചുവന്നു. വസ്ത്രാഭരണങ്ങൾ ശരിയായി ധരിക്കാതേയും, നേരാംവണ്ണം ഭക്ഷണം കഴിക്കാതേയും സുഖനിദ്രക്കുടാതേയും രാവും പകലും ഒരുപോലെ അവൾ വിയോഗാഗ്നിയിൽ ദഹിച്ചുകൊണ്ടിരുന്നു. ഓരോ നാഴികയും ഓരോ യുഗമെന്നപോലെ അവൾക്കു തോന്നി. സ്വതെ കൃശാംഗിയായ ആ സാദ്ധ്വീരത്നം അസഹനീയമായ ഈ ദുഃഖാനുഭവത്താൽ അത്യന്തം പരവശയായി കാണപ്പെട്ടു. എന്നാൽ വേശ്യയുടെ വലയിൽപെട്ട സ്വഭർത്താവിനെ ആ സാദ്ധ്വി നിമിഷനേരംപോലും വെറുക്കുകയാകട്ടെ, വിസ്മരിക്കുകയാകട്ടെ ചെയ്തില്ല. സദാ ഭർതൃചിന്തയോടെ തൻെറ കഷ്ടദശയെ ക്ഷ

മാപൂൎവ്വം സഹിച്ച് ഗൃഹസ്ഥധൎമ്മം നിഷ്കൃഷ്ടയോടെ അനു ഷ്ഠിച്ചുവന്നു.

പണ്ടൊരിക്കൽ കാവേരിപ്പൂമ്പട്ടണത്തിന്റെ അഭിവൃ ദ്ധിക്കുവേണ്ടി അക്കാലത്തെ ചോളരാജാവ് ദേവേന്ദ്രനെ ഉദ്ദേശിച്ച് ചൈത്രമാസത്തിൽ ഒരു ഉത്സവം നടത്തുകയും ചിത്രാ പൂൎണ്ണിമദിവസം ദേവേന്ദ്രൻ പ്രത്യക്ഷമായി അദ്ദേ ഹത്തിന്നു ഇഷ്ടമുള്ള വരങ്ങൾ നൽകുകയും ചെയ്തിരുന്നു പോൽ. അന്നു തുടങ്ങി ആ രാജ്യത്തിൽ ചൈത്രമാസത്തി ൽ ഇന്ദ്രോത്സവം നടത്തുന്നതു പതിവായിതീൎന്നു. അതു പ്ര കാരം അക്കൊല്ലത്തെ ചൈത്രമാസവും വന്നുചേൎന്നു. ഉത്സ വത്തിന്നുള്ള സംഭാരങ്ങൾ ഒരുക്കിത്തുടങ്ങി. നഗരമെങ്ങും അലങ്കരിപ്പാൻ രാജാവ് കല്പന നൽകി. രാജാജ്ഞപ്രകാരം ഭടന്മാർ ആനപ്പുറത്തു വലിയ ഭേരികൾ കയററിവെച്ച് മരുവൂർപ്പാക്കം, പട്ടണപ്പാക്കം എന്ന ഇരുഭാഗങ്ങളിലും പെരുമ്പറയടിച്ച് താഴെ പറയുംപ്രകാരം പ്രസിദ്ധപ്പെ ടുത്തി.

'രാജാവു വിജയിയായിഭവിക്കട്ടെ. ഇന്ദ്രപ്രസാദത്താൽ വൎഷം ധാരാളം ഉണ്ടാവട്ടെ. രാജ്യം സുഭിക്ഷമായി തീരട്ടെ. ഹേ, മഹാജനങ്ങളെ, നമ്മുടെ രാജ്യത്തിൽ ഇന്ദ്രോത്സവം ആരംഭിക്കുന്നു. ദേവേന്ദ്രൻ സപരിവാരം ഈ ഉത്സവത്തി ന്നു വരുന്നതായി വിശ്വസിച്ചു വരുന്നതിനാൽ രാജ്യമത്ര യും അലങ്കരിക്കേണമെന്നു രാജാവ് കല്പിച്ചിരിക്കുന്നു. ഗൃഹ ങ്ങളെല്ലാം വെള്ളയടിച്ച് . ശുചിയാക്കി പൂൎണ്ണകുംഭങ്ങൾ വെക്കുവിൻ; കുലവാഴ, കഴുങ്ങിൻ കുല, കൊടി, തോരണം

മുതലായവ കെട്ടി അലങ്കരിക്കുവിൻ. വീടുതോറും മംഗലദീപം കൊളുത്തുവിൻ. തെരുവീഥികളിലെ പഴയ മണൽ മാററി വെളുത്ത പുതിയമണൽ പരത്തുവിൻ. ക്ഷേത്രങ്ങളിൽ വഴിവാടു ചെയ്യുവിൻ. തെരുവീഥികളിലും ക്ഷേത്രങ്ങളിലും ഉദ്യാനങ്ങളിലും സഭകൾ വിളിച്ചുകൂട്ടി ധർമ്മോപദേശങ്ങൾ ചെയ്യിപ്പിൻ. മതോപദേഷ്ടാക്കന്മാരെ വിദ്യാമണ്ഡപത്തിൽ വിളിച്ചിരുത്തി മതങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുവിൻ. ദ്വേഷത്തെ അകററുവിൻ. സ്നേഹത്തെ കൈക്കൊള്ളുവിൻ ഈശ്വരകടാക്ഷത്താൽ നമ്മുടെ രാജ്യം സുഖസമ്പൽസമൃദ്ധമായി തീരട്ടെ.'

ഈ രാജാജ്ഞയെ ജനങ്ങൾ ഉത്സാഹപൂർവ്വം സ്വീകരിച്ചു. നഗരമെങ്ങും അലങ്കരിച്ച് ഉത്സവം ആഘോഷിച്ചു. ചിത്രാപൂർണ്ണിമദിവസം നാളങ്ങാടി ഭൂതത്തിന്നു ധൂപദീപനൈവേദ്യാദികൾ വളരെ ആഘോഷമായി ചെയ്യിച്ചു. മററു ക്ഷേത്രങ്ങളിലും ബലിപൂജകൾ നടത്തി. കല്പകവൃക്ഷം സ്ഥാപിച്ചിരിക്കുന്ന ക്ഷേത്രത്തിൽ ധ്വജാരോഹണം ചെയ്ത് പുണ്യതീർത്ഥങ്ങളിൽ നിന്നും കൊണ്ടുവന്നജലങ്ങളാൽ ഇന്ദ്രനെ ഉദ്ദേശിച്ച് അഭിഷേകാദികളും പലെവിധനൈവേദ്യങ്ങളും മററും ക്രമപ്രകാരം അത്യുത്സാഹത്തോടെ ചെയ്തുവന്നു.

കോവലനും മാധവിയും ഉത്സവാഘോഷത്തിൽ സന്തോഷസമേതം പങ്കുകൊണ്ടു. കണ്ണകിയാവട്ടെ കണ്ണുനീർ വററാത്ത കണ്ണുകളോടെ വ്യസനാക്രാന്തയായും നിരുത്സാഹിയായും ഭർത്തൃചിന്തയോടെ ഗൃഹാന്തർഭാഗത്തിൽതന്നെ ഇരുന്നു കഴിച്ചുകൂട്ടി.

ഉത്സവാവസാനത്തിലുള്ള ആറാട്ട് കാവേരീസമുദ്ര സംഗമസ്ഥലത്താകകൊണ്ട നഗരവാസികൾ അന്നേദിവസം കൂട്ടംകൂട്ടമായി ആ പുണ്യസ്ഥലത്തേക്ക ചെന്നുതുടങ്ങി. കോവലനും മാധവിയും വസ്ത്രാഭരണാദികളാൽ ഭൂഷിതരായി സമുദ്രതീരത്തിലേക്ക ചെന്നു. അവൎക്കായി മുൻകൂട്ടി മരത്തണലിൽ കെട്ടിയുണ്ടാക്കിയിരുന്ന വസ്ത്രകുടിരത്തിൽ പലേവിധ വിനോദങ്ങളും കണ്ടുകൊണ്ടിരുന്നു. തൽസമയം കോവലൻെറ വിനോദത്തിന്നായി മാധവി വീണവായിപ്പാനൊരുങ്ങി. വസന്തമാലയെന്ന തൻെറ സഖിയാൽ കൊണ്ടുവരപ്പെട്ട വീണ വാങ്ങി കിസലയദളതുല്യങ്ങളായ വിരലുകളാൽ മീട്ടി അവൾ ശ്രോത്രാനന്ദകരമാം വണ്ണം പാടിത്തുടങ്ങി. കുറച്ചുനേരം കഴിഞ്ഞപ്പോൾ കോവലനും അതിൽ പങ്കുകൊണ്ടു. ആയാൾ ആ വീണയുടെ ശ്രുതിക്കനുസരിച്ചു വ്യംഗ്യാൎത്ഥസൂചകമായ ഒരു ശൃംഗാരപദ്യം അതി ഭംഗിയിൽ പാടി. കോവലൻെറ പാട്ടിൽ നിന്നും ആയാൾ അന്യസ്ത്രീകളെ കാമിക്കുന്നതായി സംശയിച്ചു മാധവി അതിന്നു പ്രത്യുത്തരമായി ചില പാട്ടുകൾ പാടി. കോവലൻെറ പാട്ടിന്നു തക്ക ഉത്തരം നൽകേണമെന്നല്ലാതെ മാധവി മനഃപൂൎവ്വം ദോഷം യാതൊന്നും മനസ്സിൽ വിചാരിച്ചില്ല. എന്നാൽ അതിൻെറ ഫലം മറിച്ചാണ് സംഭവിച്ചതു. കാലവും അവൾക്കനുകൂലമല്ലായിരുന്നു. സാധാരണസമയങ്ങളിൽ വെറും വിനോദമായി കരുതുന്ന ഒരു സംഗതി, ആപൽക്കാലങ്ങളിൽ വിദ്യുജ്ജ്വാലയെന്നപോലെ കഠിനമായി തീരുന്നതു നമുക്കനുഭവമുള്ളതാണല്ലോ. തൽസമയം സംഭ

വിക്കുന്ന സ്വല്പകാൎയ്യംപോലും മനുഷ്യജീവിതത്തെ ഒട്ടാകെ തലകീഴ് മറിക്കത്തക്ക ശക്തിയുള്ളതായി തീൎന്നേക്കും.

മാധവിയുടെ പാട്ടിന്റെ ആന്തരാൎത്ഥം ധരിച്ചപ്പോ ൾ കോവലന്നു അവളിൽ കഠിനമായ വെറുപ്പും ദ്വേഷവും തോന്നി. അവൾ അന്യാസക്തയാണെന്നു അവൻ ശങ്കിച്ചു. കേവലം വേശ്യയെ വിശ്വസിച്ച്, സുശീലയും പതിവ്രതയു മായ സ്വപത്നിയെ ഉപേക്ഷിച്ച ക്രൂരകൎമ്മത്തെ മനസ്സാ നിന്ദിച്ചുംകൊണ്ട് സ്വല്പനേരം അവൻ അവിടെത്തന്നെ ഇരുന്നു. പിന്നീട് അവിടെ നിന്നും എഴുനീററ് മാധവിയെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ നേരെ സ്വഗൃഹ ത്തിലേക്കു നടന്നു.

മാധവിയാകട്ടെ അല്പനേരം ഒന്നും തോന്നാതെ കോ വലൻ പോകുന്നതും നോക്കി സ്തംഭിച്ച് ഇരുന്നുപോയി. താൻ അറിയാതെ ചെയ്തുപോയ തെററിന്റെ ഓൎമ്മ അ വൾക്കുണ്ടായതോടുകൂടി ബോധരഹിതയായി അവൾ നി ലംപതിച്ചു. സഖികളുടെ ശീതോപചാരത്താൽ കുറച്ചുനേ രത്തിലകം ബോധം വന്ന് എഴുനീററുവെങ്കിലും അതികഠിനമായ മനോവേദന നിമിത്തം അവൾ അത്യന്തം പര വശയായി കാണപ്പെട്ടു. 'കോവലൻ തന്നെ എന്നെന്നേക്കു മായി ഉപേക്ഷിച്ചിരിക്കുമോ ? മനഃപൂൎവ്വം ചെയ്യാത്ത ഒരു തെററിന്നു ഇത്രവലിയ ശിക്ഷ നൽകത്തക്ക നിഷ്ഠുരത അ ദ്ദേഹത്തിന്നുണ്ടോ. ഹാ, ദൈവമെ, എന്നാൽ എന്റെ ഭാ വി എന്തായിരിക്കും. ഏതായാലും എന്റെ പക്കൽ വന്ന തെററിനെ ഏററു പറഞ്ഞ് മാപ്പപേക്ഷിക്കേണ്ടതു എ

ന്റെ കത്തവ്യകമ്മമാണ്. എന്നിങ്ങിനെ നിശ്ചയിച്ച് അവഠം തന്റെ തലമുടിയിൽ വെച്ചിരുന്ന കൈതപ്പൂവിന്റെ ഒരു ഇതഠം എടുത്ത് അതിൽ ചെറു പിച്ചകമൊട്ട് ചെമ്പഞ്ഞിച്ചാറിൽ മുക്കി ഒരു ചെറു ലേഖനം എഴുതി:—

"പ്രിയ നാഥാ, എന്റെ തെറുകളെ ക്ഷമിച്ച് ഉടനെ വന്നു അനന്യശരണയായ എന്നെ രക്ഷിക്കുക. ഭവാനെപ്പിരിഞ്ഞ ഈ സ്വല്പനേരത്തിലകം എന്റെ ഹൃദയം അനുഭവിച്ച സങ്കടം പറഞ്ഞറിയിക്കാവുന്നതല്ല. കാമദേവൻ, ചന്ദ്രൻ, മന്ദമാരുതൻ എന്നീ ദുഷ്ടന്മാർ വശം എന്നെ ഏല്പിക്കുന്നതു സങ്കടമാണ്. അവർ അനുകൂലികഠംക്കു ദാനത്താൽ സന്തോഷവും പ്രതികൂലികഠംക്ക് ദണ്ഡത്താൽ വ്യസനവും നൽകുന്ന രാജാക്കന്മാരെപ്പോലെയാകുന്നു. താമസിയാതെ തിരിച്ചു വരുവാനപേക്ഷ."

ഈ കത്തുകൊടുത്തു തന്റെ സങ്കടങ്ങളെ അറിയിച്ച് ഭത്താവിനെ കൂട്ടിക്കൊണ്ടുപോരുവാനായി അവഠം തന്റെ സഖിയായ വസന്തമാലയെ അയച്ചു. വസന്തമാല കോവലനെ പിന്തുടൎന്നുചെന്ന് വിവരങ്ങളെല്ലാം പറഞ്ഞ് കത്തു കൊടുത്തു. എന്നാൽ ആ അപേക്ഷ കോവലൻ സ്വീകരിച്ചില്ല. വസന്തമാല ഇച്ഛാഭംഗത്തോടെ തിരിച്ചുവന്നു മാധവിയോടു വിവരങ്ങഠം പറഞ്ഞു. മാധവി കഠിന സങ്കടത്തോടെ ഉടൻതന്നെ ഗൃഹത്തിലേക്കു മടങ്ങി. നൈരാശ്യപരിപൂൎണ്ണയെങ്കിലും 'നാളെ വരാതിരിക്കയില്ല' എന്ന ആശാലേശത്തെ അവലംബിച്ച് അവഠം പശ്ചാത്താപഭരിതയായി ദിവസങ്ങഠം നയിച്ചു.

# ൨-ാം അദ്ധ്യായം.

കാവേരി പൂമ്പട്ടണത്തിൻെറ മറെറാരു ഭാഗത്തിൽ "മാലതി" എന്ന പേരായ ഒരു ബ്രാഹ്മണസ്ത്രീ വസിച്ചിരുന്നു. അവൾ ഒരിക്കൽ തൻെറ സപത്നീപുത്രന്നു പാൽ കൊടുത്തുകൊണ്ടിരിക്കെ ആ പാൽ അബദ്ധത്തിൽ കുട്ടിയുടെ മൂക്കിൽ കയറി പെട്ടെന്നു കുട്ടി മരിച്ചുപോയി. മാലതി ഭയത്താലും വ്യസനത്താലും നടുങ്ങി. ജഗദീശ്വരാ, ഈ സംഗതി എൻെറ ഭത്താവോ, സപത്നിയോ അറിഞ്ഞാൽ ഞാൻ കുട്ടിയെക്കൊന്നതായി സംശയിക്കുമല്ലോ. ദൈവമെ, ഈ അപവാദത്തിന്നു എന്നെ ആളാക്കരുതെ. ഏതു വിധമെങ്കിലും ഈ ബാലൻ ജീവിച്ചെഴുനീല്പാൻ സംഗതി വരുത്തേണമെ" എന്നിങ്ങിനെ പലതും പറഞ്ഞു കരഞ്ഞുകൊണ്ടു കുട്ടിയേയും എടുത്ത് ആ ദിക്കിലുള്ള ഓരോ ക്ഷേത്രങ്ങളിലും ചെന്നു "കുട്ടിയുടെ ജീവനെ തിരികെ തരേണമേ" എന്നപേക്ഷിച്ചു പ്രാത്ഥിച്ചു. പക്ഷെ ഫലം യാതൊന്നും ഉണ്ടായില്ല. ഒടുവിൽ അവൾ പ്രസിദ്ധപ്പെട്ട 'പാഷണ്ഡചാത്ത'ൻെറ ക്ഷേത്രത്തിൽച്ചെന്ന് കുട്ടിയെ സന്നിധിയിൽ കിടത്തി സാഷ്ടാംഗം വീണു നമസ്കരിച്ചു. കുട്ടി ജീവിക്കാത്തപക്ഷം താനും അതോടൊപ്പം ജീവത്യാഗം ചെയ്യുവാൻ ഉറച്ചു. തൽസമയം ശവഭക്ഷിണിയായ ഒരു ഡാകിനി സാധാരണ സ്ത്രീരൂപം ധരിച്ചു അവിടെ പ്രത്യക്ഷയായി. അവൾ നിലത്തു കിടന്നു കരയുന്ന മാലതിയെ നോ

ക്കി 'ഹേ' നിരപരാധിനിയായ മാലതീ, നീ എത്രതന്നെ കരഞ്ഞാലും പ്രാൎത്ഥിച്ചാലും മരിച്ചവർ ജീവിക്കുകയുണ്ടാവില്ല. ദുഷ്കൎമ്മഫലത്താൽവരുന്ന ആപത്തുകൾക്ക് ഈശ്വരന്മാരാൽ യാതൊന്നും ചെയ്യാൻ സാധ്യമല്ല. നീ വെറുതെ പ്രലപിച്ചിട്ടു ഫലമില്ല. എങ്കിലും ഞാൻ ഒന്നു പരീക്ഷിക്കട്ടെ. കുട്ടിയെ ഇങ്ങോട്ടു തരു' എന്നു പറഞ്ഞു. സാധ്വ മാലതി വേഗം എഴുനീററ് കുട്ടിയേയെടുത്ത് അവൾ വശം കൊടുത്തു. ഡാകിനി ഉടൻ ആ ശവത്തെ അങ്ങിനെതന്നെ ഭക്ഷിച്ച് പെട്ടെന്നു മറഞ്ഞുകളഞ്ഞു. ഇതു കണ്ടു മാലതി പൂൎവ്വാധികം ദുഃഖത്തോടെ ഭൂമിയിൽ വീണുരുണ്ട് നിലവിളിച്ചുതുടങ്ങി. മാലതിയുടെ സങ്കടം കണ്ട് ദയ തോന്നി ആ ക്ഷേത്രദേവതയായ ചാത്തൻ തൽസമയം അവിടെ പ്രത്യക്ഷീഭവിച്ചു. 'ഹേ മാലതീ, നീ വ്യസനിക്കേണ്ട. നിന്റെ പുത്രൻ ആ കാണുന്ന വൃക്ഷച്ചുവട്ടിൽ കിടക്കുന്നുണ്ട്. ചെന്നെടുത്തുകൊള്ളുക, എന്നിങ്ങിനെ ചാത്തനാൽ സദയം അനുഗ്രഹിക്കപ്പെട്ട മാലതി അദ്ദേഹത്തെ വണങ്ങി വൃക്ഷസമീപം ചെന്നു. മാലതി അവിടെ എത്തുമ്പോഴേക്കും ചാത്തൻ സ്വയമേവ ഒരു ശിശുരൂപം ധരിച്ചു അവിടെക്കിടന്നു. മാലതിയാകട്ടെ സന്തോഷഭരിതയായി ഓടിച്ചെന്നു കുട്ടിയെയെടുത്ത്, വാത്സല്യത്തോടെ ചുംബിച്ച് വീട്ടിലേക്കു മടങ്ങി കുട്ടിയെ മാതാവിൻ വശം കൊടുത്തു.

ആ ശിശു ക്രമത്തിൽ വളൎന്നുവന്നു. ശരിയായ വിദ്യാഭ്യാസവും മററും ചെയ്തു യൌവ്വനം പ്രാപിച്ചപ്പോൾ സൽഗുണവതിയായ 'ദേവന്തി'യെന്ന സ്ത്രീയെ വിവാഹംചെയ്തു

എട്ടു സംവത്സരം അവളോടുകൂടെ സുഖമായി വസിച്ചു. ഇതിലകത്ത് അച്ഛനമ്മമാർ പരലോകം പ്രാപിക്കയും അവൎക്ക വേണ്ടുന്ന അപരക്രിയകളെല്ലാം താൻതന്നെ ചെയ്തുതീൎക്കുകയും ചെയ്തു. അതിന്നുശേഷം സ്വസ്ഥാനം പ്രാപിപ്പാൻ നിശ്ചയിച്ച് ബ്രാഹ്മണവേഷധാരിയായ ചാത്തൻ ഒരുദിവസം തന്റെ ഭാൎയ്യയെ വിളിച്ച് യഥാൎത്ഥസംഗതികളെല്ലാം ധരിപ്പിച്ച് സ്വയരൂപത്തേയും അവൾക്കു കാണിച്ചു. ദേവതുല്യനായ തന്റെ ഭൎത്താവിനെക്കണ്ടു ദേവന്തി സാഷ്ടാംഗം നമസ്കരിച്ചു തന്റെ ജീവാവസാനംവരെ ഈ രൂപം കണ്ടാനന്ദിപ്പാനും പൂജിപ്പാനും വരം നൽകേണമെന്നു പ്രാൎത്ഥിച്ചു. അതിന്നു ചാത്തൻ "നീ പ്രതിദിവസവും എന്റെ ക്ഷേത്രത്തിൽ വന്നു പൂജാദികൾ ചെയ്യുക. എന്നെ നിനക്ക് പ്രത്യക്ഷരൂപത്തിൽ കാണാവുന്നതാണ്" എന്നുപറഞ്ഞ് അവളെ സമാധാനപ്പെടുത്തി, സമീപവാസികളെ താൻ തീൎത്ഥാടനത്തിന്നു പോകുന്നതായി ധരിപ്പിച്ച് മറഞ്ഞു. അതു മുതൽ തീൎത്ഥാടനത്തിന്നുപോയ ഭൎത്താവിന്റെ രക്ഷക്കായി പ്രാൎത്ഥിക്കാനെന്ന ഭാവത്തിൽ ദേവന്തി പ്രതിദിവസവും ക്ഷേത്രത്തിൽ ചെന്നു പൂജിച്ചുപോന്നു.

മേൽ പ്രസ്താപിച്ച ദേവന്തി കണ്ണകിയുടെ പ്രാണസ്നേഹിതയായിരുന്നു. എന്നിരിക്കിലും തന്റെ ഭൎത്തൃവിയോഗദുഃഖം അവളെപ്പോലും അറിയിക്കാതെ കണ്ണകി മറച്ചുവന്നു. പക്ഷെ തന്റെ സഖിയുടെ സീമാതീതമായ വ്യസനം ദേവന്തി ധരിക്കാതിരുന്നില്ല. അതുകണ്ടു സഹിക്കാതെ ഒരുദിവസം ക്ഷേത്രത്തിൽച്ചെന്ന സമയം ദേവന്തി ചാത്ത

നോട്ട കണ്ണകിയുടെ ദുഃഖം തീൎത്തുകൊടുപ്പാനപേക്ഷിക്കയും അദ്ദേഹത്തിൻെറ അനുഗ്രഹം വാങ്ങി അവിടെ നിന്നും തിരിച്ചുവന്ന "നിനക്കു ഉടനെ ഭൎത്തൃസമാഗമം സിദ്ധിക്കും" എന്നു പറഞ്ഞു തൻെറ സഖിയെ ആശ്വസിപ്പിക്കയും ചെയ്തു.

ഇതുകേട്ട കണ്ണകി ദേവന്തിയെ നോക്കി "പ്രിയ സഖീ, നിൻെറ ആത്മാൎത്ഥമായ മംഗളാശംസ ഫലവത്തായേക്കാമെങ്കിലും എൻെറ വാടിയ ഹൃദയം സംശയപൂരിതമായിതന്നെയിരിക്കുന്നു. ദുഃഖസാഗരത്തിൽ മുങ്ങിക്കിടക്കുന്ന ഹൃദയത്തിൽ ഭയവും സംശയവും കാരണംകൂടാതെ തോന്നുന്നതു സാധാരണയാണെന്നു നീ പറയുമായിരിക്കാം. എന്നാൽ എൻെറ ഭയം തീരെ അടിസ്ഥാനരഹിതമല്ല. എൻെറ നിൎഭാഗ്യം ഈ അനുഭവംകൊണ്ടു അവസാനിച്ചതായി എനിക്കു തോന്നുന്നില്ല. എന്തെല്ലാമോ ആപത്തുകൾ എന്നെ ചുററിയിരിക്കുന്നതായി പലെ ദുൎന്നിമിത്തങ്ങളും തെളിയിക്കുന്നു. ഇന്നലെ രാത്രി ഞാൻ ഒരു ഭയങ്കരസ്വപ്നം കാണുകയുണ്ടായി. ഞാനും എൻെറ പ്രിയഭൎത്താവും ഈ രാജ്യം വെടിഞ്ഞു അന്യദിക്കിലേക്കു പോയതായും ആദ്ദേഹം എന്നിൽ അതി പ്രേമത്തോടെ വൎത്തിച്ചതായും ഞങ്ങൾ ചെന്നെത്തിയ രാജ്യത്തിലെ നിവാസികൾ അതികഠിനമായ ഒരു അപവാദം അദ്ദേഹത്തിന്മേൽ ചുമത്തി അദ്ദേഹത്തെ അപകടത്തിൽ പെടുത്തി വധിപ്പിച്ചതായും എന്നെയും അവർ പലവിധം അധിക്ഷേപിച്ചതായും ഞാൻ അതി ദുഃഖത്തോടെ അശരണയായി അലഞ്ഞുനടന്ന്

അവസാനം ആ രാജ്യത്തിലെ രാജാവിന്മുമ്പാകെ ചെന്നു സങ്കടം ബോധിപ്പിച്ചതായും ഞാൻ നിമിത്തം ആ രാജ്യത്തിന്നും രാജാവിന്നും ആപത്തു സംഭവിച്ചതായും കണ്ടു. പ്രാണസഖി, ഒടുവിലത്തെ ഭാഗം ഞാൻ വിവരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ചെയ്തതു ദുഷ്ടകൎമ്മമാണ്. അതുകേട്ടാൽ നീ ഒരുപക്ഷെ എന്നെ വെറുത്തേക്കും" എന്നു പറഞ്ഞവസാനിപ്പിച്ചു.

ദേവന്തി:—ഹേ, സാദ്ധ്വീരത്നമെ, സ്വപ്നത്തിൽ പലതും കാണും. അതിന്നു നീ ഉത്തരവാദിയാണോ. അതു ഏതുവിധമായാലും എന്റെ ജീവാവസാനംവരെ ഞാൻ നിന്നെ മറക്കുകയോ വെറുക്കുകയോ ചെയ്യുന്നതല്ല. നീ ഈ വിധം സ്വപ്നംകണ്ടതുകൊണ്ടു വ്യസനിക്കേണ്ട. ദുഃഖാതുരയായ നിനക്കു ദുസ്വപ്നം കാണുന്നതു അത്ഭുതമല്ല. ജാഗ്രത്സമയത്തുള്ള ദുസ്സംശയങ്ങളും ഭയങ്കരവിചാരങ്ങളും രാത്രികാലങ്ങളിൽ സ്വപ്നരൂപേണ തോന്നുന്നതു സൎവ്വസാധാരണമാണ്. നീ ഭൎത്താവിനാൽ ത്യജിക്കപ്പെട്ടവളല്ല. ജന്മാന്തരദുഷ്കൃതത്താൽ ഈ ദുഃഖാനുഭവം വേണ്ടിവന്നു. അതു വേഗത്തിൽ അവസാനിക്കയും ചെയ്യും. എങ്കിലും ഗ്രഹപ്പിഴകാലങ്ങളിൽ തീൎത്ഥസ്നാനം, ഈശ്വരഭജനം മുതലായവ ചെയ്യുന്നതു പാപപരിഹാരങ്ങളാണല്ലോ. ഈ വിധം ഭൎത്തൃവിരഹത്താൽ കഷ്ടപ്പെടുന്നവൎക്കു ഭൎത്തൃസമാഗമം നൽകുന്നതായ 'സോമകുണ്ഡം', 'സൂൎയ്യകുണ്ഡം' എന്നിങ്ങിനെ രണ്ടു പേർകേട്ട തീൎത്ഥങ്ങൾ ഉണ്ട്. അവ കാവേരീസമുദ്രസംഗമസ്ഥലത്തിന്നു സമീപമാകുന്നു. അതിൽ ഭക്തിപൂൎവ്വം സ്നാ

നം ചെയ്തു തീരത്തിലുള്ള കാമദേവക്ഷേത്രത്തിൽച്ചെന്നു തൊഴുതു പ്രാൎത്ഥിക്കുന്നപക്ഷം ഒരു മാസത്തിലകം ഭൎത്തൃസമാഗമം സിദ്ധിക്കുന്നതിന്നു പുറമെ പിന്നീടൊരിക്കലും ഭൎത്തൃവിയോഗദുഃഖം അനുഭവിക്കേണ്ടിവരുകയുമില്ല. എന്നുമാത്രമല്ല പരലോകത്തിൽപോലും ഭൎത്തൃസാമീപ്യം ലഭിക്കും. ഇത്രയും മഹാത്മ്യമുള്ള ആ തീൎത്ഥങ്ങളിൽ നമുക്കു ഒരുദിവസം ചെന്നു സ്നാനം ചെയ്യുക എന്നു പറഞ്ഞു.

കണ്ണകി:—പ്രിയസഖി, നിനക്കു എന്നിലുള്ള അതിസ്നേഹത്താൽ എൻെറ ദുരിതം നശിച്ചുകാണേണമെന്നു ആഗ്രഹം തോന്നുന്നതു സ്വാഭാവികമാണ്. അതു സജ്ജനങ്ങളുടെ സഹജസ്വഭാവവുമാണ്. നീ ഇപ്പോൾ പറഞ്ഞതെല്ലാം വാസ്തവമായിരിക്കാം. ഞാൻ ഇതിന്നു നിന്നോടു വളരെ വന്ദനം പറയുന്നു. എന്നാൽ ഭൎത്താവിനെ ഈശ്വരനായിക്കരുതി ആരാധിക്കുന്ന ഒരു സ്ത്രീക്ക് വേറെ ഈശ്വരഭജനവും തീൎത്ഥസ്നാനവും ആവശ്യമാണോ? മഹാഭാരതത്തിലെ താപസൻെറയും കൊക്കിൻെറയും ബ്രാഹ്മണിയുടേയും കഥ നീ കേട്ടിട്ടില്ലെ? സാദ്ധ്വിയായ ഒരു സ്ത്രീക്ക് ഭൎത്തൃപരിചരണത്തിലധികം ഈശ്വരഭജനംപോലും വലുതല്ല. പാതിവ്രത്യനിഷ്ഠയുള്ളവൾ ഈ ത്രിഭുവനത്തേയും കീഴടക്കുവാൻ ശക്തയാണ്. ശീലാവതിയുടെ കഥ ലോകപ്രസിദ്ധമല്ലെ? ഭൎത്തൃപാദോദകം തളിച്ച് ത്രിമൂൎത്തികളായ ഈശ്വരന്മാരെ ശിശുക്കളാക്കിത്തീൎത്ത അത്രിപത്നിയായ അനസൂയയെ ഇന്നും ജനങ്ങൾ പ്രശംസിച്ചുവരുന്നതു ആ മഹതിയുടെ ഭൎത്തൃഭക്തിയാലാണല്ലോ. ഇതേപ്രകാരം എ

ത്രയോ ദൃഷ്ടാന്തങ്ങൾ നമ്മുടെ പുരാണങ്ങളിൽ കാണ്മാനു ണ്ട്. അതിനാൽ എനിക്കു എത്ര വലിയ കഷ്ടം സംഭവി ച്ചാലും ആമരണാന്തം ഞാൻ ഇപ്രകാരം വ്യസനിക്കേണ്ടി വന്നാലും ഭർത്തൃപാദത്തെയല്ലാതെ അന്യദേവന്മാരെ ഞാൻ ചിന്തിക്കുകയോ ശരണം പ്രാപിക്കുകയോ ചെയ്യാൻ വി ചാരിക്കുന്നില്ല. എന്റെ ദുഷ്കാലം നീങ്ങുമ്പോൾ അദ്ദേഹം തനിയെ വന്നുചേരും.

എന്നിങ്ങിനെ പറഞ്ഞുകൊണ്ടിരിക്കെ ഒരു ഭൃത്യസ്ത്രീ ഓടിവന്നു 'ദേവീ, ഭവതിയുടെ പ്രിയഭർത്താവ് ഇതാ വരു ന്നു.' എന്നു പറഞ്ഞു മടങ്ങിപ്പോയി. ദേവന്തി അതിസ ന്തോഷത്തോടെ പ്രിയസഖിയെ ആലിംഗനം ചെയ്തു യാ ത്രപറഞ്ഞു സ്വഗൃഹത്തിലേക്കു തിരിച്ചു.

ആ സന്ധ്യാസമയത്തിൽ വളരെ ദിവസങ്ങൾക്കുശേ ഷം കോവലൻ തന്റെ ധർമ്മപത്നിയുടെ അന്തഃപ്പുരത്തിൽ പ്രവേശിച്ചു. കുറെ നേരം രണ്ടുപേരും ബാഷ്പാകുലനേത്ര ത്തോടെ അന്യോന്യം വീക്ഷിച്ചുകൊണ്ടു മൌനമായി നി ന്നു. സംസാരിപ്പാൻ രണ്ടുപേരും ശക്തരായില്ല. തന്റെ പത്നിയുടെ വാടിത്തളൎന്ന ശരീരവും അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങളും ഹൃദയക്ലേശവും കോവലന്റെ ഹൃദയത്തിൽ ആഴത്തിൽച്ചെന്നു തറച്ചു. നിന്ദാർഹമായ തന്റെ വിടസ്വ ഭാവത്തെ അവൻ തന്നത്താൻ ശപിച്ചു. തന്റെ സ്വാ ൎത്ഥകൎമ്മത്താൽ ഈ സുകുമാരി അനുഭവിക്കേണ്ടിവന്ന ക്ലേ ശഭാരത്തെ അവൻ അപ്പോൾ മാത്രമാണ് യഥാൎത്ഥരൂപ ത്തിൽ കണ്ടറിഞ്ഞതു. തന്റെ പ്രവൃത്തിയുടെ കാഠിന്യം

ശരിയായി ധരിച്ച കോവലൻ അതിനെ പുറമെ പറയാതിരിപ്പാൻ ശക്തനായില്ല. ഇതു ഉത്തമന്മാരുടെ സഹജഗുണമാണല്ലോ. തൻെറ പ്രവൃത്തി തെററാണെന്ന ഗ്രഹിച്ചാലുടനെ അതിനെ സമ്മതിക്കുന്നതും പശ്ചാത്തപിക്കുന്നതും അറിവുള്ളവരുടെ ലക്ഷണമാണ്. കുറച്ചുനേരം ഇപ്രകാരമുള്ള പലേ ചിന്തകളാൽ ബാധിതനായി മിണ്ടാതെ നിന്നശേഷം കോവലൻ ധൈൎയ്യമവലംബിച്ച് കണ്ണകിയെ നോക്കി "പ്രിയ കണ്ണകീ, എൻെറ സ്നേഹഭാജനമെ, നിന്നെ ഈ വിധം വിളിക്കുവാൻ ഞാൻ അർഹനല്ലെന്നിരിക്കിലും നിൻെറ നിഷ്കളങ്കമായ ഭർതൃഭക്തി എന്നെ രക്ഷിക്കുമെന്ന എനിക്കു ദൃഢവിശ്വാസമുണ്ട്. നിന്നെ തനിയെയാക്കി കേവലം വേശ്യാസക്തനായിതീൎന്ന ഈ അധമനെപ്പററി നീ എന്തു വിചാരിച്ചുവോ ? എത്രയധികം ദുഃഖിച്ചുവോ. ഹാ, കഷ്ടം. ഞാൻചെയ്ത കഠിനകൎമ്മം എന്നെത്തന്നെ ദഹിപ്പിക്കുന്നുവല്ലോ. സജ്ജനങ്ങളുടെ മുഖത്തു നോക്കുവാൻ ലജ്ജ എന്നെ അനുവദിക്കുന്നില്ല. പൂൎവ്വീകന്മാർ ശേഖരിച്ചു വെച്ചിരുന്ന ധനമത്രയും ഞാൻ സ്വാൎത്ഥസുഖത്തിന്നായി ബലികഴിച്ചു. എൻെറ ഗൎഹണീയമായ ജീവിതം മൂലം ഞാൻ അതി ദരിദ്രനും നിന്ദ്യനുമായിത്തീൎന്നു. എൻെറ ഇക്കഴിഞ്ഞ ജീവിതമോൎക്കുമ്പോൾ എനിക്കുതന്നെ വെറുപ്പു തോന്നുന്നു. നിനക്കും ഞാൻ അതി ദുഃഖത്തേയും അവമാനത്തേയും ഉണ്ടാക്കിത്തീൎത്തു. എൻെറ ജീവിതസൎവ്വസ്വമെ, കണ്ണകീ, നീ എന്നെ ഇനിയും സ്നേഹിക്കുന്നുവോ ?" എന്നിങ്ങിനെ അതി വ്യസനത്തോടെ ചോദിച്ചു.

ഇതിലധികം കേൾപ്പാൻ കണ്ണകി ശക്തയായില്ല. തൻെറ ക്ലേശമെല്ലാം അവൾ മറന്നു. ഭർത്താവിൻെറ ദയനീയമായ മുഖഭാവവും പശ്ചാത്താപപൂർണ്ണമായ സംസാരവും അവളുടെ ഹൃദയത്തെ വല്ലാതെ വ്യഥിപ്പിച്ചു. അവൾ ഓടിച്ചെന്നു ഭർത്തൃപാദങ്ങളിൽ പതിച്ചു.

തൻെറ കാല്ക്കൽ വീണ പ്രിയപത്നിയെ കോവലൻ പരിഭ്രമത്തോടെ വാരിയെടുത്ത് മാറോടണച്ചു ആലിംഗനംചെയ്തു. രണ്ടുപേരും ഒരുപോലെ കുറെ നേരം കണ്ണുനീർ പൊഴിച്ചു യഥേഷ്ടം കരഞ്ഞു. മനസ്സിലെ ഭാരം അശ്രുദ്രവേണ പുറത്തേക്കുപോയപ്പോൾ അവൎക്ക് അല്പം ആശ്വാസം തോന്നി. പക്ഷെ തൻെറ ഭർത്താവ് മാധവിയെ ഉപേക്ഷിച്ചു വന്നിരിക്കയാണെന്നു വിശ്വസിപ്പാൻ കണ്ണകിക്കു സാധിച്ചില്ല. വേശ്യക്കു നൽകുവാൻ ദ്രവ്യമില്ലാത്തതുകൊണ്ടു അദ്ദേഹം തൻെറ സമീപം വന്നതായിരിക്കുമെന്നു അവൾ വിചാരിച്ചു, എങ്കിലും അതിൽ ഒട്ടും നീരസം ഭാവിക്കാതെ അതി പ്രസന്നതയോടെ ഭർത്താവിനെ നോക്കി "പ്രിയ ഭർത്താവെ, മറെറന്തുസങ്കടവും ഞാൻ ക്ഷമയോടെ സഹിച്ചുകൊള്ളാം; എന്നാൽ ഭവാൻെറ ഈ വ്യാകുലഭാവം അരനിമിഷംപോലും കണ്ടു സഹിപ്പാൻ ഞാൻ ശക്തയല്ല. ഈ വിഷണ്ണഭാവത്തെ ത്യജിക്കുക. ലജ്ജിക്കുകയോ, വ്യസനിക്കുകയോ ചെയ്യരുത്. എൻെറ വശം ഇനി രണ്ടു കാൽചിലമ്പുകൾ കൂടെ ബാക്കിയുണ്ടു. അതിനെ ഞാൻ തരാം. സ്വീകരിച്ചു സന്തോഷിക്കുക." എന്നിങ്ങിനെ ആദരവോടെ പറഞ്ഞു.

കണ്ണകിയുടെ ആദരപൂൎവ്വമായ ഈ സംസാരം കോവലൻെറ പശ്ചാത്താപത്തെ പതിന്മടങ്ങു വൎദ്ധിപ്പിച്ചു. ഈ സാദ്ധ്വീരത്നത്തിന്നു വ്യസനത്തിന്നിടയാക്കിയ തൻെറ ദുഷ്കൃത്യത്തെ അവൻ മനസാശപിച്ചു. പിന്നീട് കണ്ണകിയെ നോക്കി 'പ്രാണേശ്വരി, ഇനി ഒരിക്കലും ഞാൻ മോഹിതനായി ഭവിക്കുന്നതല്ല. നിന്നെ ഇത്രയധികം ക്ലേശിപ്പിച്ച എൻെറ നിൎദ്ദയകൃത്യത്തെ ജഗദീശ്വരൻ ക്ഷമിക്കുമോ ? പ്രിയതമെ, മേലിൽ എൻെറ ജീവാവസാനംവരെ ഞാൻ നിന്നെ പിരിയുകയില്ല നിന്നെ സന്തോഷിപ്പിക്കുകയാണ് എൻെറ ഭാവിജീവിതോദ്ദേശം. എന്നാലെങ്കിലും എൻെറ കുററം ഈശ്വരൻ ക്ഷമിക്കട്ടെ. പ്രിയകണ്ണകീ, നീ ഇപ്പോൾ തരാമെന്നുപറഞ്ഞ കാൽചിലമ്പിനെ ഞാൻ സന്തോഷപൂൎവ്വം സ്വീകരിക്കുന്നു. എന്നാൽ അതു വേശ്യക്കു നൽകുവാനായിട്ടല്ല; ഞാൻ നശിപ്പിച്ചതായ പൂൎവ്വസ്വത്തുക്കളെ പുനരുദ്ധരിപ്പാനായിട്ടാണ്. എൻെറ ജീവിതഗതി ഇന്നുമുതൽ തീരെ മാറിയിരിക്കുന്നു. നിൻെറ ചിലമ്പിനെ 'മധുരാ'നഗരത്തിൽ കൊണ്ടുചെന്നു വിററ് ആ ദ്രവ്യത്തെ മൂലധനമാക്കി വ്യാപാരംചെയ്തു് ധനം ശേഖരിക്കേണമെന്നാണ് എൻെറ ഉദ്ദേശം. നാളെ പ്രഭാതത്തിൽ തന്നെ നമുക്ക് മധുരക്കു പുറപ്പെടണം, നിന്നെ ഇനി കാൽക്ഷണംപോലും പിരിഞ്ഞിരിപ്പാൻ ഞാൻ ശക്തനല്ല" എന്നു പറഞ്ഞു

കണ്ണകി:—പ്രിയനാഥാ, ഞാൻ ഭവാനൊരുമിച്ചു പുറപ്പെടുവാൻ തെയ്യാറാണ്. എനിക്ക് അതു സന്തോഷവുമാണ്. എന്നാൽ കച്ചവടാവശ്യത്തിന്നുവേണ്ടി മാത്രമായി

രാജ്യംവിട്ടു പോകുന്നതു എനിക്കത്ര ഹിതമായി തോന്നുന്നി ല്ല. സമീപപ്രദേശങ്ങളിലോ അല്ലെങ്കിൽ ഇവിടെത്തന്നെ യോ വ്യാപാരം ചെയ്യുന്നതല്ലെ ഉത്തമം?

കോവലൻ:—പ്രിയെ, അങ്ങിനെയല്ല. മധുര വളരെ വലിയ പട്ടണമാണ്. വലിയ വ്യാപാരസ്ഥലവുമാണ്. പലേ രാജ്യങ്ങളുമായി കച്ചവടം നടക്കുന്ന ദിക്കാകകൊണ്ട് ദ്രവ്യം സമ്പാദിപ്പാൻ എളുപ്പവുംസൌകൎയ്യവും അധികം കൂടും. മധുര ഐശ്വൎയ്യസമ്പൂൎണ്ണമായ രാജ്യമായതിനാൽ നിന്റെ ചിലമ്പിന്ന് അധികവില കിട്ടുവാനും വഴിയുണ്ട്. ഇവക്കെല്ലാംപുറമെ നമ്മെ അറിയുന്നവർ അവിടെ അധികം ഇല്ലാത്തതുകൊണ്ട് ഈ നൂതനദരിദ്രജീവിതത്തിൽ അധികം ജാള്യത തോന്നുകയില്ല. ഏതെങ്കിലും ഒരുകോണിൽ ഒതുങ്ങി ജീവിക്കാം. ഇവിടെ നമ്മുടെ ബന്ധുക്കൾക്കിടയിൽ കേവലം ദരിദ്രസ്ഥിതിയിൽ കഴിയുന്നതു എനിക്കു പ്രാണസങ്കടമാണ്. ഈവക കാരണങ്ങൾകൊണ്ടാണ് ഞാൻ മധുരയെ തിരഞ്ഞെടുത്തതു. നീ എന്റെ ഒരുമിച്ചുവരുന്ന സ്ഥിതിക്ക് മററു യാതൊരു ദുഃഖവും എന്നെ ബാധിക്കയില്ല. അതിനാൽ പുലച്ചെ പുറപ്പെടുവാനുള്ള ഒരുക്കങ്ങൾ ചെയ്യുക: എന്നു പറഞ്ഞു.

'ബുദ്ധിഃ കാലാനുസാരിണീ' എന്നാണല്ലോ പ്രമാണം. പൂൎവ്വജന്മദുരിതം പരിപക്വത പ്രാപിച്ച സമയമായതിനാലും ഭവിതവ്യതയുടെ ശക്തിമത്തായ ആകൎഷണത്താലും മററു വൈഷമ്യങ്ങളൊന്നും ആലോചിക്കാതെ കണ്ണകി തന്റെ ഭൎത്താവിന്റെ അഭിപ്രായത്തോടു യോജിച്ച് യാത്രക്കൊരുങ്ങി.

UNIVERSITY LIBRARY MADRAS

# 3-ാം അദ്ധ്യായം.

കോവലനും കണ്ണകിയും പിറേറന്നു പുലച്ചക്കുതന്നെ മധുരക്കു പറപ്പെട്ടു. രമ്യഹമ്മ്യങ്ങളാൽ ശോഭിതമായ തെരുവീഥി കടന്ന് തൽസമീപമുള്ള അനന്തശായിയായ ശ്രീവിഷ്ണുഭഗവാൻെറ ക്ഷേത്രത്തെ പ്രാപിച്ചു. ക്ഷേത്രം തുറന്നിട്ടില്ലാതിരുന്നതിനാൽ പുറമെനിന്നു തൊഴുത് അതിനെ വലംവെച്ചു നമസ്കരിച്ചു. അനന്തരം മഹാബോധിവൃക്ഷത്തിൻകീഴിരുന്ന് ബുദ്ധഭഗവാനാൽ പ്രസംഗിക്കപ്പെട്ട ജ്ഞാനസാരത്തെ മറഞ്ഞിരുന്നു ശ്രവിപ്പാൻവേണ്ടി ദേവന്മാരാൽ നിമ്മിക്കപ്പെട്ട സപ്തവിഹാരങ്ങളേയും, മാംസഭോജനം, അസത്യവാദം, അത്യാഗ്രഹം, അസൂയ, കോപം, കഠിനവാക്ക് മുതലായവയെ ത്യജിച്ച് 'അഹിംസാ പരമോധമ്മഃ' എന്ന മുദ്രവാക്യത്തെ സ്വീകരിച്ച് അഹിംസാധമ്മത്തെ ലോകത്തിൽ പ്രചരിപ്പിച്ച ശ്രീബുദ്ധഭഗവാൻ ഇരുന്നരുളുന്ന ശ്രീകോവിലിനേയും ഭക്തിപൂർവ്വം വന്ദിച്ചു. തദനന്തരം ഇതിന്നു സമീപമുള്ളതും 'പഞ്ചപരമേഷ്ഠികൾ' എന്നു പറഞ്ഞുവരുന്ന അഹ്ൻ, സിദ്ധൻ, ഉപാദ്ധ്യായൻ, ആചാൎയ്യൻ, സാധുക്കൾ എന്നീ അഞ്ചുവകക്കാർ വസിച്ചുവരുന്നതുമായ പഞ്ചഗ്രാമങ്ങൾ ഒന്നായിച്ചേരുന്ന വലിയ ക്ഷേത്രത്തേയും അതിൽ നില്ക്കുന്ന പേരാലിൻചുവട്ടിലുള്ള ബുദ്ധഭഗവാൻെറ വാസസ്ഥാനമായ ചന്ദ്രകാന്തശിലാതലത്തേയും താണുതൊഴുത് രാജപാഥയിൽ പ്രവേശിച്ചു. അവിടെനിന്നും ലവന്തികോദ്ദ്യാനം കടന്ന് ഇരുഭാഗവും വൃക്ഷ

ങ്ങൾ തിങ്ങിനില്ക്കുന്ന രാജമാൎഗ്ഗത്തിൽക്കൂടെ ഒരുകാതം വ ഴിനടന്നു. പാദസഞ്ചാരംചെയ്തു ശീലിച്ചിട്ടില്ലാത്ത കണ്ണകി അപ്പോഴേക്കും അതിയായി ക്ഷീണിച്ചു. അവളുടെ കാലുകൾ നീങ്ങാതായി. അരക്കെട്ടിലും കഠിനവേദന തുടങ്ങി. ക്ഷീണപരവശയാണെങ്കിലും മാധുൎയ്യപൂൎണ്ണമായ സ്വരത്തിൽ 'മധുരാരാജ്യം സമീപിച്ചുതുടങ്ങിയോ?' എന്നിങ്ങിനെ അവൾ ഭൎത്താവിനോടു ചോദിച്ചു. ക്ലേശസൂചകമെങ്കിലും പ്രേമം ജ്വലിക്കുന്ന തൻെറ പ്രിയ പത്നിയുടെ സുന്ദരമുഖത്തെ കോവലൻ ദുഃഖപാരവശ്യത്തോടെ തിരിഞ്ഞുനോക്കി. ഇളംതളിരെന്നപോലെ സുകുമാരകളേബരയായിരിക്കുന്ന ഈ അബലാരത്നത്തെ ഇപ്രകാരം കഷ്ടപ്പെടുത്തേണ്ടിവന്നതോൎത്ത് അവൻെറ ഹൃദയത്തിൽ സങ്കടം നിറഞ്ഞു ഒഴുകി. എങ്കിലും അതിനെ പുറമെ കാണിക്കാതെ ഒതുക്കി നിൎബ്ബന്ധപൂൎവ്വം പ്രകാശിപ്പിച്ച പുഞ്ചിരിയോടെ 'പ്രിയെ, സാവധാനത്തിൽ വരുക. മധുര സമീപിച്ചുതുടങ്ങി. ഇനി അഞ്ചാറുകാതം കാണും' എന്നു മറുവടി പറഞ്ഞു. മുപ്പതുകാതം ദൂരമുണ്ടെന്നു പറഞ്ഞാൽ അവൾ അധൈൎയ്യപ്പെട്ടേക്കുമെന്നു കരുതിയാണ് അതിനെ ചുരുക്കി അഞ്ചാറുകാതമെന്നു കോവലൻ പറഞ്ഞതു.

ഇങ്ങിനെ അവർ പലതും സംസാരിച്ചും അന്യോന്യം സമാധാനിപ്പിച്ചും നടക്കുമ്പോൾ മാൎഗ്ഗമദ്ധ്യത്തിലുള്ള ആശ്രമത്തിൽ ഒരു സന്ന്യാസിനി ഇരിക്കുന്നതുകണ്ടു. ഉടൻതന്നെ അവർ അവിടെച്ചെന്ന് ആ സന്ന്യാസിനിയെ വന്ദിച്ചു. 'ഗൌന്തി' എന്നുപേരായ ആ ബുദ്ധമതഭിക്ഷുണി ദ

മ്പതികളെ ആശീൎവ്വദിച്ച് തൻെറ സമീപം പിടിച്ചിരുത്തി. പിന്നീട് അതിവാത്സല്യത്തോടെ അവരെനോക്കി, ‘മക്കളെ, നിങ്ങൾ ഈ ചെറുപ്രായത്തിൽ സ്വദേശത്തേയും, സ്വഗൃഹത്തേയും, ബന്ധുജനങ്ങളേയും ത്യജിച്ച് യാചകന്മാരെന്നപോലെ ദേശസഞ്ചാരികളായി പുറപ്പെട്ടവാൻ കാരണമെന്താണ്? നിങ്ങൾ കുലീനന്മാരാണെന്നു നിങ്ങളുടെ മുഖലക്ഷണം തെളിയിക്കുന്നു. സുന്ദരിയും യുവതിയുമായ ഈ സ്ത്രീയെ ഇപ്രകാരം പുറമെ കൊണ്ടുനടക്കുന്നതു നിങ്ങളുടെ വംശമാഹാത്മ്യത്തിന്നു യോജിച്ചതല്ലല്ലോ. എന്തു ദുൎയ്യോഗമാണ് നിങ്ങളെ ഇത്തരത്തിലാക്കിത്തീൎത്തത്? എന്നു ചോദിച്ചു.

കോവലൻ:—വന്ദ്യമാതാവേ, ഞങ്ങളുടെ വംശത്തിന്നു ഈ പ്രവൃത്തി യോജിച്ചതല്ലെന്നു ഭവതി പറഞ്ഞതു യഥാൎത്ഥമാണ്. അതിന്നു തക്ക സമാധാനം പറവാൻ ഞാൻ ശക്തനല്ല. എൻെറ പൂൎവ്വികന്മാർ സമ്പാദിച്ച ധനമെല്ലാം ഞാൻ എൻെറ കുത്സിതകൎമ്മങ്ങളാൽ നശിപ്പിച്ചുകളഞ്ഞു. ഈ ദരിദ്രസ്ഥിതിയിൽ സ്വദേശത്തു വസിക്കുവാൻ വളരെ ലജ്ജ തോന്നിയതിനാൽ ഇങ്ങിനെ പുറപ്പെട്ടതാണ്. മധുരയിൽച്ചെന്ന് വ്യാപാരംചെയ്ത് പൂൎവ്വസ്വത്തിനെ തിരിച്ചെടുക്കേണമെന്നാണ് എൻെറ ഉദ്ദേശം.

ഭിക്ഷുണി:—നിൻെറ ഉദ്ദേശം നല്ലതുതന്നെ. അതു ചെയ്യേണ്ടതുമാണ്. എന്നാൽ ഈ സ്ത്രീരത്നത്തെപ്പററിയാണ് എനിക്കു വ്യസനം: മധുരക്കു പോകേണ്ടുന്ന മാൎഗ്ഗം ദുൎഗ്ഗമമാണ്. കല്ലും മുള്ളും നിറഞ്ഞിരിക്കും. ഇവളുടെ മൃ

ദ്ദപാദങ്ങൾക്കു അതു സഹിക്കുവാൻ ശക്തിയുണ്ടോ? നിങ്ങൾക്കു ഈ കഷ്ടം വരരുതായിരുന്നു. മഹാമനസ്കത നിൻെറ മുഖത്തു തെളിഞ്ഞു പ്രകാശിക്കുന്നു. ഇവളാകട്ടെ സാമുദ്രിലക്ഷണന്ംതികഞ്ഞ് സാക്ഷാൽ ഭഗവതിയെപ്പോലെ ശോഭിക്കുന്നു. ഇപ്രകാരമുള്ള സജ്ജനങ്ങൾക്ക് ഈ കഷ്ടാനുഭവം എങ്ങിനെ വന്നുചേൎന്നുവെന്നാണ് ഞാൻ ആലോചിക്കുന്നതു. അല്ലെങ്കിൽ അതിനെപ്പററി ചിന്തിച്ചിട്ടു ഫലമില്ല. 'ഗഹനാകൎമ്മണോഗതി' എന്നു ശ്രീഭഗവാൻതന്നെ പറഞ്ഞിരിക്കെ നമ്മാൽ അതു കണ്ടുപിടിക്കുവാൻ സാധിക്കുമോ. നിങ്ങളെ ഇത്രത്തോളം പിടിച്ചിഴുത്തു കൊണ്ടുവന്നതു വിധിവൈഭവമാണല്ലോ. അതുതന്നെ ഉദ്ദിഷ്ടസ്ഥലത്തെത്തിക്കുമെന്നു സമാധാനിക്കാം. എനിക്കു ഇവളിൽ പുത്രീനിൎവ്വിശേഷമായ വാത്സല്യം തോന്നുന്നു. നിങ്ങളെ തനിയെ അയപ്പാൻ മനസ്സു വരുന്നില്ല. അതിനാൽ ഞാനും നിങ്ങളോടൊപ്പം മധുരക്കു വരാം. അജ്ഞാനാന്ധകാരത്തിൽ കിടന്നുഴലുന്ന എൻെറ സഹോദരിമാരെ അതിൽനിന്നു ബുദ്ധഭഗവാൻെറ ഉപദേശങ്ങളാകുന്ന ദീപംകാട്ടികരകയററണമെന്ന ഉദ്ദേശത്തോടെ ഞാൻ തമിഴ്‌രാജ്യത്തിലേക്കു പുറപ്പെട്ടതാണ്. അതുകൊണ്ട് നിങ്ങളൊരുമിച്ചു വരുന്നതു എനിക്കു സന്തോഷംതന്നെയാണ്.

കോവലൻ:—ഭവതി ഈ ദയ ചെയ്യുന്നപക്ഷം ഒരു യുവതിയെ തനിയെ കൊണ്ടുനടക്കുന്ന ഭാരവും ദുഃഖവും എനിക്കില്ലാതാവുന്നതാണ്. എന്നുപറഞ്ഞ് സന്തോഷത്തോടെ സന്ന്യാസിനിയെ വണങ്ങി.

ഭിക്ഷുണി:—കോവലാ, എന്നാൽ എന്തു സാധിക്കും? നിങ്ങളുടെ മാർഗ്ഗക്ലേശത്തെ സാന്ത്വനവാക്കുകളാൽ ലഘൂകരിക്കാവുന്നതാണ് എന്നൊരു സമാധാനമുണ്ട്. നമുക്കു പോകേണ്ട വഴിയാകട്ടെ മഹാ ദുർഘടമായതാകുന്നു. അതിനെപ്പററി യാതൊരറിവും ഇല്ലാത്തതുകൊണ്ടാണ് നിങ്ങൾ ധൈര്യപ്പെട്ടു പുറപ്പെട്ടതു. കഠിനവെയിലിൽ നടപ്പാൻ ഇവൾക്കു സാധിക്കുമോ? മരങ്ങളുടെ നിഴൽനോക്കി പോകാമെന്നുവെച്ചാൽ അവിടങ്ങളിലെല്ലാം ഉണങ്ങിയ ഇലകളാൽ മൂടിക്കിടക്കുന്ന വള്ളിക്കിഴങ്ങുകൾ കുഴിച്ചെടുത്ത കുഴികൾ നിറഞ്ഞിരിക്കും. പുതുതായി ചെല്ലുന്നവർ ആ കുഴികളിൽവീണു കഷ്ടപ്പെടുന്നതു സാധാരണയാണ്. അതിൽപെടാതിരുപ്പാനായി കീഴ്പ്പോട്ടുനോക്കി നടക്കുന്നപക്ഷം താണുനില്ക്കുന്ന പിലാവിൻെറ കൊമ്പുകളിൽ കാച്ചുതൂങ്ങുന്ന വലിയ ചക്കകൾ തലയിൽ തടഞ്ഞ് വേദനപ്പെടുത്തും. വെള്ളച്ചാലുകൾനോക്കി നടക്കുന്നതായാലോ മത്സ്യം പിടിപ്പാൻ വന്നുകൂടിയിരിക്കുന്ന ഭയങ്കര നീർനായ്ക്കൾ ഇവളെ ഭയപ്പെടുത്തും. അടിയിലുള്ള ഞണ്ട്, മത്സ്യം മുതലായവ ഇവളുടെ മാർദ്ദവമേറിയ പാദങ്ങളിൽ ദംശിക്കും. ഇങ്ങിനെ ഓരോ വഴിയും ദുർഘടം നിറഞ്ഞതാണ്; ഇവളെപ്പോലെയുള്ള സുകുമാരികൾക്ക് സഞ്ചരിക്കത്തക്കതല്ല. എങ്കിലും കഴിയുന്നത്ര നല്ല വഴിയിൽക്കൂടെ ഞാൻ നിങ്ങളെ കൊണ്ടുപോകാം: എന്നുപറഞ്ഞ് മൂന്നുപേരുംകൂടെ പുറപ്പെട്ടു.

കുറെദൂരം ചെന്നപ്പോൾ കാവേരിയുടെ മർമ്മരധ്വനി കേട്ടുതുടങ്ങി. കാവേരിയുടെ ദിവ്യജലത്താൽ നനക്കപ്പെട്ട

വയലുകളിൽ ധാന്യക്കതിരുകൾ സമൃദ്ധിയായി വളൎന്നു നില്ക്കുന്നതും നീർകാക്കകൾ, കോഴികൾ മുതലായവ ഇടവിടാതെ ശബ്ദിക്കുന്നതും കൃഷകന്മാർ വയൽ ഉഴുന്ന സമയം അത്യുത്സാഹത്തോടെ പാടുന്നതും ദേഹമാസകലം ചളിപുരണ്ട വേഷത്തോടെ വയലുകളിൽ ഞാറുകൾ നടുന്ന പള്ളസ്ത്രീകളുടെ സന്തോഷപൂൎവ്വമായ വായ്ക്കുരവാശബ്ദങ്ങളും കണ്ടും കേട്ടും തങ്ങളുടെ യാത്രാക്ഷീണംപോലും മറന്ന് അവർ കാവേരീതീരത്തിൽക്കൂടെ നടന്നു.

ചോളരാജാവിൻെറ അഭിവൃദ്ധിക്കും രാജ്യത്തിൻെറ സമൃദ്ധിക്കുമായി ബ്രാഹ്മണരാൽ ചെയ്യപ്പെടുന്ന 'ആഹവനീയം', 'ദക്ഷിണാഗ്നീയം,' 'ഗാൎഹപത്യം' എന്നീ ത്രിവിധഹോമങ്ങളുടെ ധൂമസമൂഹത്താൽ നിറഞ്ഞുശോഭിക്കുന്ന അഗ്രഹാരങ്ങളേയും, യാചകന്മാരുടെ സന്തോഷത്തേയും, രാജ്യാധിപൻെറ ഐശ്വൎയ്യത്തേയും തങ്ങളുടെ ദേഹയത്നത്താൽ അഭിവൃദ്ധിപ്പെടുത്തുന്ന കൃഷകന്മാരുടെ വാസസ്ഥലങ്ങൾ നിറഞ്ഞ തെരുവീഥികളേയും കടന്ന് ദിവസമൊന്നിനു ഒരുകാതം വീതം നടന്ന് ഏതാനും ദിവസങ്ങൾകൊണ്ട് അവർ സുപ്രസിദ്ധമായ 'ശ്രീരംഗ'നഗരത്തെ പ്രാപിച്ചു.

അങ്ങിനെയിരിക്കെ കാവേരിപ്പൂമ്പട്ടണത്തിലുള്ള ബുദ്ധഭഗവാൻെറ ഇരുപ്പിടമായ ചന്ദ്രകാന്തശിലാതലത്തിൽ വസിച്ചുവരുന്നവരും, യഥാൎത്ഥബുദ്ധധൎമ്മത്തെ ഉപദേശിക്കുന്നവരും സിദ്ധന്മാരും ആയ രണ്ടു 'സാരണന്മാർ' (ശ്രമണമഹൎഷിമാർ) ആകാശമാൎഗ്ഗമായി അവിടെ വന്നിറങ്ങി.

അവരെക്കണ്ട ഉടൻതന്നെ ഭിക്ഷുണിയും കോവലനും കണ്ണകിയും അവരുടെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ച് വണങ്ങിനിന്നു. ആ സാരണരിൽ പ്രായമേറിയ ആൾ ത്രികാലജ്ഞാനിയായതിനാൽ സ്വദേശം ത്യജിച്ചു വന്നവരായ ആ ദമ്പതിമാർ ഭാവിയിൽ വരുവാനിരിക്കുന്ന കഷ്ടദശകളേയും തന്നിമിത്തം ഭിക്ഷുണി ദേഹത്യാഗം ചെയ്യുമെന്നും മനസ്സിലാക്കി. എന്നാൽ കർമ്മത്തിന്നുള്ള അസാധാരണശക്തി അദ്ദേഹം അറിഞ്ഞിരിക്കകൊണ്ടു ആ മഹാൻ അതോൎത്തു വ്യസനിക്കാതെ ബുദ്ധഭിക്ഷുണിയെ നോക്കി ഈവിധം പറഞ്ഞു. 'അല്ലയോ ഭിക്ഷുണീ, ഭാവിഫലം എന്തായാലും നമ്മാൽ തടഞ്ഞു നിൎത്തുവാൻ സാദ്ധ്യമല്ല; 'അവശ്യമനുഭോക്തവ്യം കൃതം കർമ്മശുഭാശുഭം' എന്ന പ്രമാണം നിനക്കറിയാവുന്നതാണല്ലോ. ഭാവിദുഃഖങ്ങളെ സ്വശക്തികൊണ്ടു തടയുവാൻ ശ്രമിക്കുന്നതു വിഡ്ഢിത്വമാണ്. അവസാനം അതെങ്ങിനേയും വന്നുചേരും. ഈ ദേഹം ശാശ്വതമല്ല. സുഖദുഃഖങ്ങളും നശ്വരങ്ങളാണ്. അതിനാൽ സമയം വൃഥാവ്യയം ചെയ്യാതെ ഭഗവദാജ്ഞയെ ശിരസാവഹിച്ച് സ്വധർമ്മത്തിൽ നിന്നും ചലിക്കാതെ ഈശ്വരഭജനം ചെയ്യുക. ജനനമരണമാകുന്ന സംസാരകാരാഗൃഹത്തിൽ നിന്നും മോചിപ്പാൻ ഇതല്ലാതെ മററു മാർഗ്ഗമില്ല. എന്തുതന്നെ സംഭവിച്ചാലും ഈശ്വരവിശ്വാസത്തെ ത്യജിക്കരുത്. നമ്മുടെ ഗുണദോഷം നമ്മെക്കാളധികം ഈശ്വരന്നറിയാവുന്നതാണ്. ഈശ്വരാജ്ഞയിൽ നിന്നും വ്യതിചലിക്കാതെ സകലഭാരവും അദ്ദേഹത്തിങ്കൽ സമർപ്പിച്ചു

അദ്ദേഹം വരുത്തുന്നതെല്ലാം നന്മക്കാണെന്ന ദൃഢവിശ്വാസത്തോടെ ജീവിതം നയിക്കുകമാത്രമേ നാം ചെയ്യേണ്ടതുള്ളു.'

ഗൌന്തിഭിക്ഷുണി ഈ ഉപദേശങ്ങളെ സശ്രദ്ധം ശ്രവിച്ചശേഷം അവരെ പലവിധം സ്തുതിക്കയും 'നിന്റെ ഭവബന്ധം നശിക്കട്ടെ, എന്നിങ്ങിനെ അവർ അനുഗ്രഹിക്കയും ചെയ്തു. പിന്നീട തോണിവഴി കാവേരീനദി കടന്നു അതിന്റെ തെക്കെ കരക്കിറങ്ങി അവിടെയുള്ള ഒരു മരത്തണലിൽ ഇരുന്നു വിശ്രമിച്ചു.

ആ സമയം വേശ്യാവൃത്തിയവലംബിച്ച ഒരു സ്ത്രീയും അവളുടെ കാമുകനും കൂടെ ആ വഴി വന്നു. മരത്തണലിൽ ഇരിക്കുന്ന ദമ്പതിമാരുടെ രൂപസൌന്ദര്യം കണ്ടു അത്ഭുതപ്പെട്ട് 'കാമനും രതിയും പോലെയിരിക്കുന്ന ഇവർ ആരാണെന്നറിയുക' എന്നുപറഞ്ഞു ഭിക്ഷുണിയുടെ സമീപം ചെന്നു 'ദേവതുല്യരായ ഇവർ ആരാണ്?' എന്നു ചോദിച്ചു.

ഭിക്ഷുണി:—ഇവർ ദേവന്മാരും മററുമല്ല; നമ്മെപ്പോലുള്ള മനുഷ്യർ തന്നെയാണ്. ഈ ദമ്പതികൾ എന്റെ മക്കളാകുന്നു. അധികദൂരം നടന്നുവന്നിരിക്കകൊണ്ടു അവർ വളരെ ക്ഷീണിച്ചിട്ടുണ്ടു. അവരുടെ അടുത്തുചെന്നു ഉപദ്രവിക്കാതെ പോവുക.

ഇതുകേട്ടു അവർ ഉറക്കെ ചിരിച്ചുകൊണ്ടു 'ശരിതന്നെ. തപസ്വിമാർ സത്യമല്ലാതെ പറയുകയില്ലെന്നു ഇതുകൊണ്ടുതന്നെ തീൎച്ചപ്പെട്ടു. ഇവർ രണ്ടാളും നിങ്ങളുടെ മക്കളാണെന്നു പറഞ്ഞുവല്ലോ. ഒരേ ഉദരത്തിൽ ജനിച്ച

സഹോദരസഹോദരിമാർ ഭാൎയ്യാഭൎത്താക്കന്മാരാകുന്ന നട വടി നിങ്ങളേപ്പോലെയുള്ള കപടസന്ന്യാസിമാരുടെ ഇട യിൽ പക്ഷെ ഉണ്ടായിരിക്കാം.' എന്നിങ്ങിനെ പലതും പ രിഹാസമായി പറഞ്ഞുതുടങ്ങി.

ഇപ്രകാരം തപോവൃദ്ധയായ സന്ന്യാസിനിയെ അവർ ക്രൂസൽക്രൂടാതെ അധിക്ഷേപിക്കുന്നതു കേട്ടു കണ്ണകി നടു ങ്ങിപ്പോയി. ഭിക്ഷുണി കുറെനേരം മൌനവലംബിച്ചിരുന്നു, എന്നിട്ടും അവർ പോകുവാൻ ഭാവമില്ലെന്നു കണ്ടപ്പോൾ 'മുള്ളുകൾ നിറഞ്ഞ കാട്ടിൽ സഞ്ചരിക്കുന്ന കുറുക്കന്മാരായി ഭവിക്കട്ടെ' എന്നിങ്ങിനെ അവരെ ശപിച്ചു. അവർ ഉടൻ തന്നെ രൂപാന്തരം പ്രാപിച്ച് ഊളയിട്ടുംകൊണ്ടു കാട്ടി ലേക്കു ഓടിപ്പോയി. ഇതു കണ്ടു കണ്ണകി വ്യസനത്തോടെ ഭിക്ഷുണിയെ വണങ്ങി 'മാതാവെ, അറിവില്ലാത്തവർ അ ക്രമം പ്രവൎത്തിച്ചാലും വിവേകികൾ ക്ഷമിക്കേണ്ടതല്ലെ ? എന്നിരിക്കെ മോഹാവേശത്താൽ ആളറിയാതെ അവർ ചെയ്തുപോയ തെററിന്നു ഇത്ര കഠിനമായ ശാപം നൽകി യതു കഷ്ടമായ്പ്പോയി. അവൎക്കു ശാപമോക്ഷം കൊടുത്തനു ഗ്രഹിക്കുക.' എന്നപേക്ഷിച്ചു. ഭിക്ഷുണി ശാന്തചിത്തയാ യി' അജ്ഞാനത്താൽ അപരാധം ചെയ്തു തിൎയ്യക്രൂപം പ്രാപിച്ച ഇവർ ഒരു സംവത്സരം ഉറയൂർ കാട്ടിൽ സഞ്ച രിച്ചശേഷം സ്വയരൂപം ധരിക്കും' എന്നിങ്ങിനെ ശാപ മോക്ഷം നൽകി. പിന്നീട് അവർ മൂന്നാളും സന്ധ്യാസമ യംവരെ നടന്ന് ഉറയൂരിൽച്ചെന്ന് അവിടെയുള്ള ഒരു ആ ശ്രവിഹാരത്തിൽ വിശ്രമിച്ചു. ആ വിഹാരത്തിലുള്ള ഭിക്ഷു

ക്കളോടു തങ്ങാം ശ്രീരംഗത്തുവെച്ച് സാരണന്മാരെക്കണ്ട വൃത്താന്തവും മററും പറഞ്ഞുകൊണ്ടിരുന്നു.

അന്നു രാത്രി അവിടെക്കഴിച്ചശേഷം പിറേറന്നു പുലച്ചെ എഴുനീററ് പിന്നേയും നടന്നു തുടങ്ങി. വെയിലിൻെറ കാഠിന്യം സഹിക്കാതെ കണ്ണകി കഷ്ടപ്പെടുന്നതു കണ്ടു വഴിയിലുള്ള ഒരു മരത്തണലിൽ ചെന്നിരുന്നു. ആ സമയം വിശ്രമാത്ഥം വന്നുചേന്ന ഒരു ബ്രാഹ്മണനോടു കോവലൻ "ഹേ, ബ്രാഹ്മണ! ഭവാൻെറ സ്വദേശം ഏതാണ്? ഈ വഴി വരുവാൻ കാരണമെന്താണ്" എന്നു ചോദിച്ചു. അതിന്നു അദ്ദേഹം "എൻെറ രാജ്യം കുടകുമലക്കടുത്ത മാങ്കാട് എന്ന സ്ഥലമാണ്. ശ്രീ വിഷ്ണുഭഗവാൻ ആയിരം ഫണമുള്ള സപ്പശയനത്തിന്മേൽ, കനകപവ്വതത്തിൽ കാളമേഘം പടന്നാലെന്നപോലെ ദേവന്മാരാൽ പൂജിതനായി പള്ളികൊള്ളുന്ന ശ്രീരംഗത്തേയും, അതേ ഭഗവാൻതന്നെ ശംഖചക്രധനുഞ്ഞാണധരനായി പീതാംബരം ചാത്തി ഭക്തന്മാരുടെ സവ്വവിധ കഷ്ടങ്ങളേയും നശിപ്പിക്കുന്ന കൃപാദൃഷ്ടിയോടെ സുസ്മേരവദനനായി പ്രത്യക്ഷീഭവിച്ചു നില്ക്കുന്ന തിരുവെങ്കിടമെന്ന തിരുപ്പതിയേയും ദശിപ്പാനായി ഞാൻ ഇങ്ങോട്ടു വന്നതാണ്." എന്നു പറഞ്ഞു.

കോവലൻ:—ഭവാൻ മധുരാമാഗ്ഗമാണല്ലോ വരുന്നതു. ആ വഴി ഒന്നു ശരിയായി വിവരിച്ചു പറഞ്ഞുതന്നാൽ കൊള്ളാം.

ബ്രാഹ്മണൻ:—അങ്ങിനെതന്നെ. കേട്ടുകൊള്ളുക. മധുരക്കുള്ള വഴി മഹാ ദുർഘടമായതാണ്. ഈ പൊരിയുന്ന വേനൽക്കാലത്തു പുരുഷന്മാൎക്കുകൂടിയും ക്ഷീണം തട്ടുമെന്നിരിക്കെ തളിരൊത്ത മൃദുദേഹമുള്ള ഈ സ്ത്രീരത്നത്തേയും കൂട്ടി സഞ്ചരിക്കുന്ന കാൎയ്യം മഹാ സങ്കടംതന്നെ. പക്ഷെ നിവൃത്തിയില്ലല്ലോ. ഇതേ വഴിയിൽക്കൂടെ പോയാൽ "കൊട്ടമ്പാളൂർ", "നെട്ടങ്കുളം" എന്നീ പ്രദേശങ്ങളിൽ എത്തിച്ചേരും. അവ രണ്ടിന്നും പൊതുവായ ഒരു ഏരിയുണ്ടു. അതിന്റെ കരയിൽക്കൂടെ കുറെ ദൂരം നടന്നാൽ ശ്രീപരമേശ്വരന്റെ ശൂലമെന്നപോലെ മൂന്നു വഴികൾ പിരിയുന്നതുകാണാം. അവയിൽ വലത്തെ ഭാഗത്തുള്ള മാൎഗ്ഗം മുൾവൃക്ഷങ്ങളും കാട്ടുചെടികളും നിറഞ്ഞതാണ്. ആ ദിക്കിൽ ജലം കണികാണ്മാൻ പോലും കിട്ടുകയില്ല. ആ ദുൎഗ്ഗമവനം കടന്നുചെന്നാൽ ധാന്യങ്ങൾ സമൃദ്ധിയായി വളൎന്നു നില്ക്കുന്ന മലം പ്രദേശങ്ങളും ഫലവൃക്ഷങ്ങൾ നിറഞ്ഞ തോട്ടങ്ങളുമുള്ളതായ "ചെറുമല"യിലെത്തും. അതിന്റെ ഇടത്തുഭാഗത്തുകൂടെ നേരെ പോയാൽ മധുരയിൽ എത്തും.

മേൽപറഞ്ഞ വഴികളിൽ ഇടത്തുവശത്തുള്ളതു വയലുകളും ഏരികളും ഇടക്കിടെമരുഭൂമികളും കാടുകളും ഉള്ളതായ മാൎഗ്ഗമാണു. ഇവ കടന്നുചെന്നാൽ "തിരുമാൽകുന്ന്" എന്നു പറഞ്ഞുവരുന്ന "അഴകർമല"യിൽ എത്തും. ആ കുന്നിന്മേൽ ഒരു ബിലദ്വാരമുണ്ടെന്നും അവിടെ ജനങ്ങളെ മോഹിപ്പിക്കുന്ന പലെ ദേവതകളും ഉണ്ടെന്നും അവയെ ജയിച്ചു കടന്നുചെന്നാൽ അഭീഷ്ടസിദ്ധി, ത്രികാലജ്ഞാനം

മുതലായ ദിവ്യഫലങ്ങൾ നൽകത്തക്ക ശക്തിയുള്ളവയായ പുണ്യശരവണം, ഭവകാരണി, ഇഷ്ടസിദ്ധി എന്ന മൂന്നു തീത്ഥങ്ങളുണ്ടെന്നും പക്ഷെ അവിടെച്ചെന്നെത്തുവാൻ മഹാദുഘടങ്ങളുണ്ടെന്നും കേട്ടിട്ടുണ്ടു. നിങ്ങൾ ഇതിനൊന്നും ആഗ്രഹിക്കാത്തപക്ഷം അഴകർമലയിൽ കാണുന്ന വിഷ്ണുഭഗവാന്റെ ഗരുഡധ്വജത്തെ വന്ദിച്ച് നേരെ പോയി മധുരചേരുവിൻ.

ഇനി മദ്ധ്യത്തിലുള്ള മാർഗ്ഗവും വിവരിക്കാം. മററു രണ്ടിനേക്കാൾ ഇതാണു ഉത്തമം. ഈ വഴിയിലും നാട്ടും കാട്ടും കടന്നു പോകേണ്ടതുണ്ടു. അതിലൂടെ ചെല്ലുന്ന സമയം ദുർദ്ദേവതകൾ വന്ന് മനുഷ്യരെ മയക്കുമെന്നും മററും പറയും. അതൊന്നും സാരമില്ല. ജഗദീശ്വരങ്കൽ വിശ്വാസമുള്ളവരോടു ദുർദ്ദേവതകൾക്കു യാതൊന്നും ചെയ്വാൻ സാധിക്കയില്ല. ഇവയിൽ നിങ്ങൾക്കു രുചിച്ച മാർഗ്ഗത്തിൽക്കൂടെ ക്ഷേമമായി മധുരക്കു ചെല്ലുവിൻ ഞാൻ ശ്രീരംഗത്തേക്കു പോകുന്നു" എന്നു പറഞ്ഞു

ഇതുകേട്ട ഭിക്ഷുണി "ഞങ്ങൾ ബിലദ്വാരത്തിലേക്കും ദുഘടം നിറഞ്ഞ തീത്ഥങ്ങളിലേക്കും പോകുവാൻ ഉദ്ദേശിക്കുന്നില്ല. പൂവ്വജന്മകമ്മങ്ങൾ ഇജ്ജന്മത്തെ അനുഭവം കൊണ്ടറിയാം. ഭാവി ഗതിയെ ഇഛാനുസരണം നിയന്ത്രിപ്പാനുള്ള ശക്തി നമുക്കില്ലാതിരിക്കെ അതു മുൻകൂട്ടി അറിയുന്നതിലെന്താണ് ഗുണം ? അതിനാൽ വളരെ കഷ്ടപ്പെട്ടു ത്രികാലജ്ഞാനം സമ്പാദിക്കേണമെന്നില്ല. ഭവാൻ പറഞ്ഞതിൽ നല്ലതായിതോന്നുന്ന മദ്ധ്യമാർഗ്ഗത്തിൽക്കൂടിത്ത

ന്നെഞങ്ങൾ പോയ്ക്കൊള്ളാം. ഭവാൻ സുഖമായി ശ്രീരംഗത്തെ പ്രാപിക്കുക" എന്നുപറഞ്ഞ് അദ്ദേഹത്തെ യാത്രയാക്കി.

അതുപ്രകാരം അവർ മൂന്നുപേരും യാത്രയാരംഭിച്ചു. ഇടക്കിടെ വിശ്രമത്തിന്നായി മരത്തണലുകളിൽ തങ്ങിയും പിന്നേയും നടന്നും കുറെ ദൂരം ചെന്നസമയം കണ്ണകി സൂര്യകിരണങ്ങളേററ് വല്ലാതെ തളൎന്നിരിക്കുന്നതും അവളുടെ കാലടികൾ ചൂടിനാൽ പൊള്ളിയിരിക്കുന്നതും കണ്ട് ഭിക്ഷുണി ഇനി ഇവളെ നടത്തുന്നതു ശരിയല്ലെന്നു കരുതി അന്നത്തെ യാത്ര മതിയാക്കി. സമീപത്തിൽ കാണപ്പെട്ട ഒരു ഉദ്യാനത്തിലേക്കുചെന്ന് അതിൻെറ നടുവിലുള്ള വനദുൎഗ്ഗാക്ഷേത്രത്തിൽ ഇരുന്നു വിശ്രമിച്ചു.

അന്നു സന്ധ്യാസമയം ആ വനദുൎഗ്ഗയുടെ കോമരമായ 'ശാലിനി' എന്ന വേടസ്ത്രീ ആ ദുൎഗ്ഗയുടെ ആവേശത്താൽ തുള്ളിച്ചാടി ക്ഷേത്രസമീപം വന്ന് അവിടെ കൂടിയിരുന്ന വേടന്മാരെനോക്കി 'ഹേ, നിഷാദന്മാരെ, നിങ്ങൾ ദുൎഗ്ഗക്കു ബലി പൂജാദികൾ നൽകാതെ ഭരദേവതയായ അവളെ തീരെ മറന്നു അല്ലെ? നിങ്ങളുടെ വില്ലിൻെറ ശക്തി കുറയുവാനും വരവു ചുരുങ്ങുവാനും അതത്രെ കാരണം. മറവജാതിയിൽ ജനിച്ച നിങ്ങൾ സ്വധൎമ്മത്തെ തീരെ വെടിഞ്ഞ് അന്യന്മാരെ ഇനിയും അനുകരിക്കുന്നതായാൽ കാലതാമസംമെന്യെ നിങ്ങൾ മുഴുവനും നശിക്കും.' എന്നിങ്ങനെ അട്ടഹസിച്ചു.

ഇതുകേട്ട് ഭയപ്പെട്ട വേടന്മാർ തമ്മിൽ അന്യോന്യം ആലോചിച്ച് അന്നു രാത്രിതന്നെ പൂജകഴിപ്പാൻ നിശ്ച യിച്ചു. ഉടൻ അങ്ങുമിങ്ങും ഓടി പൂജാസാമഗ്രികൾ ശേഖ രിച്ചുതുടങ്ങി. പതിവുപ്രകാരം തങ്ങളുടെ കുലത്തിൽ ജനി ച്ച ഒരു കുമാരിയെ അലങ്കരിച്ച് അവളുടെ തലമുടിയെ ജ ടയാക്കിപ്പിരിച്ച് അതിൽ സ്വർണ്ണനിർമ്മിതമായ നാഗപാ ശത്തെ ബന്ധിച്ചു. തലയുടെ മുൻവശത്ത് പന്നിയുടെ വ ളഞ്ഞ തേററയെ ചന്ദ്രക്കലയെന്നവിധം ധരിപ്പിച്ചു. പുലി നഖത്തെ ആഭരണമായും പുലിത്തോലിനെ ഉടുപുടവയാ യും ചാൎത്തി. വലിയ ഒരു വാളും കയ്യിൽ ധരിപ്പിച്ച് കല മാനിന്മേൽ അവളെ വനദുർഗ്ഗയായി സങ്കല്പിച്ചിരുത്തി. അനന്തരം വേടന്മാരുടെ പലവിധ വാദ്യഘോഷങ്ങളോടെ പൂജയാരംഭിച്ചു. കാട്ടിൽ സുലഭമായി കിട്ടുന്ന പൂക്കളും വാ സനാദ്രവ്യങ്ങളും കൊണ്ടുവന്നു നിറച്ചു. അനവധി ഭക്ഷ്യ വർഗ്ഗങ്ങളും, രക്തവും, മാംസവും, മധുവും അവളുടെ മു മ്പാകെ നിവേദിച്ചു. മൃഗബലികളും നടത്തി. പിന്നീട് എ ല്ലാവരുംകൂടി പലവിധത്തിൽ ദുർഗ്ഗയെ സ്തുതിച്ച് ഭക്തി പൂർവ്വം തൊഴുതുകൊണ്ടു നിന്നു.

തൽസമയം ബലിപൂജാദികളാൽ സന്തുഷ്ടയായ വന ദുർഗ്ഗ ശാലിനിയുടെമേൽ ആവേശിച്ചു. അവൾ തുള്ളിത്തു ടങ്ങി. അങ്ങിനെ ക്ഷേത്രം പ്രദക്ഷിണം ചെയ്തുവരുന്നസമ യം അവിടെയിരിക്കുന്ന കണ്ണകിയെ കാൺവാനിടയായി. ഉടനെ അവിടെച്ചെന്നുനിന്ന് കണ്ണകിയെ ചൂണ്ടിക്കാട്ടി 'ഭ സ്മത്താൽ മൂടപ്പെട്ട തീക്കനലെന്നപോലെയിരിക്കുന്ന ഇവ

ശം അമൂല്യമായ ഒരു മാണിക്യമാകുന്നു. ലോകരക്ഷക്കായി അവതരിച്ച പുണ്യദേവതയാകുന്നു' എന്നിങ്ങിനെ പറഞ്ഞു. എന്നാൽ ഇതിൻെറ ശരിയായ അൎത്ഥം മൂഢന്മാരായ വേടന്മാർ ധരിച്ചില്ല. മനുഷ്യത്വം യഥാൎത്ഥ ദൈവീകാംശത്തെ മൂടിയിരിക്കുകനിമിത്തം കണ്ണകിയും സൂക്ഷ്മം അപ്പോശ അറിഞ്ഞില്ല. ശാലിനിതന്നെ പ്രശംസിക്കുന്നതായി കരുതി ലജ്ജിച്ച് അവശ ഭൎത്താവിൻെറ പിന്നിൽ ഒളിച്ചുകളഞ്ഞു. വനദുർഗ്ഗയാകട്ടെ തൻെറ ഭക്തന്മാരെ അനുഗ്രഹിച്ച് ഇഷ്ടവരങ്ങശ നൽകി മറയുകയും ചെയ്തു.

പിന്നീട്ട കോവലൻ ഭിക്ഷുണിയെ നോക്കി 'മാതാവെ, കണ്ണകിയെ ഇനി കഠിനവെയിലിൽ നടത്തുന്നതായാൽ ഒരു പക്ഷെ അവശക്കു വല്ല രോഗവും പിടിപെട്ടേക്കും. അവശ വളരെ ക്ഷീണിച്ചും കാലടികശ പൊട്ടിയും പൊള്ളിയുമിരിക്കുന്നു. ആയതുകൊണ്ടു മേലിൽ നമുക്കു രാത്രി നിലാവെളിച്ചത്തു യാത്രചെയ്യുന്നതാണ് നല്ലതെന്നു തോന്നുന്നു' എന്നു പറഞ്ഞു. ഭിക്ഷുണിയും അനുവദിച്ചു.

പിറേറന്നു പകൽ മുഴവനും അവർ വനദുർഗ്ഗാക്ഷേത്രത്തിൽതന്നെ താമസിച്ചു, രാത്രി ചന്ദ്രനുദിച്ച ഉടനെ യാത്രക്കൊരുങ്ങി. കോവലൻ പത്നിയെനോക്കി 'പ്രാണനാഥെ, നാം പോകുന്ന വഴി കാട്ടുംമററുമുള്ളതാകകൊണ്ടു ദുഷ്ടമൃഗങ്ങളെ കാണുവാനും അവയുടെ ഭയങ്കരശബ്ദം കേശപ്പാനും ഇടവന്നേക്കും. ഒട്ടും ഭയപ്പെടാതെ ധൈൎയ്യമവലംബിച്ചുകൊള്ളുക. നിന്നെ ഈ വിധം കഷ്ടപ്പെടുത്തേണ്ടിവന്ന എൻെറ ധൂൎത്തസ്വഭാവത്തെ ഞാൻ നിമിഷം

തോറും ഓക്കുകയും ശപിക്കയും ചെയ്യുന്നുണ്ട്. പ്രാണപ്രിയതമെ, സാവധാനത്തിൽ എന്റെ കരം അവലംബിച്ചു നടന്നുകൊള്ളുക' എന്നു പറഞ്ഞ് നിദ്രാലസ്യത്താലും ക്ഷീണത്താലും വാടിയിരിക്കുന്ന അവളുടെ കൈയ്യിനെ തന്റെ കഴുത്തോടു ചേർത്തു ചുററി അവളെ അരികെ ചേർത്തു നടന്നുതുടങ്ങി. ഭിക്ഷുണി ഈശ്വരമാഹാത്മ്യങ്ങളെ ഉദാഹരിക്കുന്നതായ കഥകളും ഐതിഹ്യങ്ങളും ബുദ്ധമതസിദ്ധാന്തങ്ങളും പറഞ്ഞുകൊണ്ടു മുമ്പെ നടന്നു. സന്ന്യാസിനിയുടെ ധർമ്മോപദേശങ്ങളിൽ ശ്രദ്ധപതിപ്പിക്കുക നിമിത്തം കണ്ണകി യാത്രാക്ലേശം അറിഞ്ഞതേയില്ല. ചന്ദ്രനും തന്റെ ശീതകിരണങ്ങളാൽ തലോടി അവളുടെ ദേഹക്ലേശത്തെ പരിഹരിച്ചു. ഇങ്ങിനെ പ്രഭാതംവരേയും അവർ നടന്നശേഷം സമീപത്തിലുള്ള ഒരു ബ്രാഹ്മണാഗ്രഹാരത്തിൽ ചെന്നു ചേർന്നു. എന്നാൽ അവിടെ വസിക്കുന്ന ബ്രാഹ്മണർ വേദപഠനം കൂടാതേയും യഥാർത്ഥ അനുഷ്ഠാനങ്ങൾ ചെയ്യാതേയും വേഷമാത്ര ബ്രാഹ്മണരായി വർത്തിക്കുന്നതു കണ്ടു 'വേദോക്ത വിധിപ്രകാരമുള്ള ബ്രാഹ്മണാനുഷ്ഠാനങ്ങൾ ചെയ്യാത്ത ബ്രാഹ്മണർ ചണ്ഡാലതുല്യരാണെ'ന്നു കരുതി അവിടെ നിന്നും തിരിച്ചുപോന്നു. ആ ഗ്രാമത്തിന്നു പുറമെയുള്ള ഒരു ക്ഷേത്രത്തിൽ ഭിക്ഷുണിയേയും കണ്ണകിയേയും ഇരുത്തി കോവലൻ നിത്യകർമ്മാനുഷ്ഠാനങ്ങൾക്കായി സമീപമുള്ള ഒരു തടാകത്തിലേക്കു പോയി.

പ്രതിദിവസവും ഭർത്താവു ഇന്നുവരും ഇന്നുവരുമെന്നു ആഗ്രഹിച്ചു കോവലന്റെ ആഗമനത്തെ അസഹിഷ്ണുത

യോടെ പ്രതീക്ഷിച്ചിരുന്ന മാധവി, കോവലൻ സ്വപത്നിയോരുമിച്ചു അന്യരാജ്യത്തിലേക്ക പോയതായി കേട്ട് കരകാണാത്ത ദുഃഖസാഗരത്തിൽ മഗ്നയായിഭവിച്ചു. അവൾക്ക ലോകം മുഴുവനും അന്ധകാരമയമായി തോന്നി. സുഖവസ്തുക്കളിലെല്ലാം വിരക്തി ജനിച്ചു. ഇതെല്ലാം താൻ നിമിത്തം സംഭവിച്ചതാണെന്നുള്ള മർമ്മഭേദകമായ ഓർമ്മ എല്ലാററിന്നും മീതെ അവളെ വേദനപ്പെടുത്തി. ഒടുവിൽ മാപ്പു ചോദിച്ചെങ്കിലും തൻെറ ദുസ്സഹവേദന അല്പം ശമിപ്പിക്കാമെന്നു അവൾ ഉറച്ചു. ഉടൻതന്നെ സമീപവാസിയായ കൌശികൻ എന്ന ബ്രാഹ്മണനെ വരുത്തി കോവലനെക്കണ്ടു പിടിച്ച് അദ്ദേഹം വശം കൊടുപ്പാനായി ഒരു ചെറു ലേഖനം എഴുതി കൊടുത്തയച്ചു.

കൌശികബ്രാഹ്മണൻ കോവലനെ പലെ ദിക്കിലും അന്വേഷിച്ചു കണ്ടുകിട്ടാതെ ശ്രമപരിഹാരാർത്ഥം കോവലൻ നില്ക്കുന്ന തടാകതീരത്തിൽ എത്തിച്ചേൎന്നു. വളരെ ദൂരം നടന്ന ക്ഷീണത്താലും ഈവിധം നേരിട്ട ദുൎയ്യോഗത്തെ ഓൎത്ത വ്യസനാധിക്യത്താലും പരവശനായി ചിന്താക്രാന്തനായി നില്ക്കുന്ന കോവലനെ കൌശികന്നു മനസ്സിലായില്ല. എങ്കിലും ഏകദേശസാമ്യം തോന്നുകയാൽ സംശയനിവൃത്തി വരുത്തുവാൻ വേണ്ടി സമീപം നിന്നിരുന്ന ഒരു മുല്ലവള്ളിക്കരുകിൽ ചെന്ന് അതിനോടെന്ന ഭാവത്തിൽ 'ഹേ, മാധവീ, കോവലൻെറ വിയോഗാഗ്നിയാൽ വാടിത്തളൎന്നിരിക്കുന്ന മാധവിയേപ്പോലെ• കഠിനമായ സൂൎയ്യകിരണങ്ങളേററ് നീയും വല്ലാതെ തളൎന്നിരിക്കുന്നു' എന്നിങ്ങിനെ

അനൎത്ഥമായി പറഞ്ഞു. തന്റേയും മാധവിയുടേയും പേർ ഉച്ചരിക്കുന്നതു കേട്ട് കോവലൻ തിരിഞ്ഞുനോക്കി. ബ്രാഹ്മണനെക്കണ്ട ഉടനെ അദ്ദേഹത്തിന്റെ സമീപം ചെന്ന് 'ഭവാൻ ആരാണ്' ഈ പറഞ്ഞതിന്റെ അൎത്ഥമെന്താണ്? എന്നു ചോദിച്ചു.

സംശയം തീൎന്ന ബ്രാഹ്മണൻ സന്തോഷത്തോടെ 'അല്ലയോ കോവലാ, നിന്നെ കണ്ടതുകൊണ്ടു ഞാൻ കൃതാൎത്ഥനായി. എന്റെ രാജ്യം കാവേരിപ്പൂമ്പട്ടണം തന്നെയാണ്. നിന്നാലുപേക്ഷിക്കപ്പെട്ട പട്ടണത്തിന്റെ ശോച്യസ്ഥിതി ഞാൻ എങ്ങിനെ വിവരിക്കട്ടെ. നീയും പത്നിയും അവിടം വിട്ടുതറിഞ്ഞു നിങ്ങളുടെ മാതാപിതാക്കൾ അതിദുഃഖിതരായിരിക്കുന്നു. നിന്റെ ബന്ധുക്കളും വളരെ വ്യസനിക്കുന്നു. രാജ്യമാകട്ടെ ശ്രീരാമൻ സീതാസമേതം വനവാസത്തിനുപോയ സമയത്തുള്ള അയോദ്ധ്യക്കു തുല്യമായിതീൎന്നിരിക്കുന്നു. ഇവക്കെല്ലാം പുറമെ നിന്നാൽ നിൎദ്ദയം ഉപേക്ഷിക്കപ്പെട്ടവളും നിന്റെ സ്നേഹാദരങ്ങൾക്കു ഒരുകാലത്തു പാത്രീഭവിച്ചിരുന്നവളുമായ മാധവി താൻ വസന്തമാല വശം അയച്ച ലേഖനത്തെ നീ തിരസ്കരിച്ചതിനാലുണ്ടായ അപാരക്ലേശം നിമിത്തം ദുസ്സഹവേദന അനുഭവിച്ചുകൊണ്ടിരിക്കെ നിന്റെ ദേശാന്തരഗമനം കേട്ട് തീയിൽപെട്ട പുഴുവെന്നപോലെ കിടന്നു തുടിക്കുന്നു. സ്വജീവിതത്തെ മഹാഭാരമായിട്ടാണ് അവൾ ഇപ്പോൾ കരുതി വരുന്നതു. നിന്റെ വക്കൽ തരുവാനായി അവൾ ഒരു ലേഖനം തന്നയി

ച്ചിട്ടുണ്ട്. അതിതാ സ്വീകരിച്ചാലും എന്നു പറഞ്ഞു ഓല യെടുത്ത് കോവലൻ വശം കൊടുത്തു.

അതിൽ, "ദേവതുല്യനായ എൻെറ പ്രാണനാഥാ, ഭവാൻെറ ദിവ്യപാദങ്ങളിൽ അശരണയായ മാധവി ഇതാ നമസ്കരിക്കുന്നു. ഭവാൻ മാതാപിതാക്കളുടെ ശുശ്രൂഷയേയും രാജ്യത്തെത്തന്നേയും ഉപേക്ഷിച്ച് പതിവ്രതാശിരോരത്നമായ ധർമ്മപത്നിയോടൊരുമിച്ച് രാത്രിയിൽ ഗമിപ്പാനുള്ള കാരണം എന്തെന്നറിയാതെ എൻെറ മനസ്സു കലങ്ങിമറിയുന്നു. അതിന്നുള്ള ഹേതു ഞാനാണെന്നുവരികിൽ, എൻെറ ക്ഷമാശീലനായ ഭർത്താവെ, ഭവാൻ എനിക്കു മാപ്പുതന്നു രക്ഷിക്കണം. പശ്ചാത്താപം എൻെറ ഹൃദയത്തെ വല്ലാതെ തുളച്ചു വേദനപ്പെടുത്തുന്നു. ഭവാൻെറയും, വിശിഷ്യ ഭവാൻെറ ധർമ്മപത്നിയും എൻെറ ജ്യേഷ്ഠത്തിയുമായ ആ സാദ്ധ്വീരത്നത്തിൻേറയും സകലവിധ കഷ്ടാനുഭവങ്ങൾക്കും ഹേതുഭൂതയായ ഈ മഹാപാപി മാപ്പിന്നനർഹയാണെങ്കിലും എൻെറ ജീവൻെറ സൽഗതിയെ ഓർത്ത് സദയം ക്ഷമിച്ചരുളുക." എന്നിങ്ങിനെ എഴുതിയിരുന്നു.

അതു വായിച്ചു നോക്കിയശേഷം കോവലൻ കുറെ നേരം ചിന്താഗ്രസ്തനായി അനങ്ങാതെ നിന്നു. ഒടുവിൽ വ്യസനത്തോടെ ബ്രാഹ്മണനെ നോക്കി "മാധവിയുടെ മേൽ കുററമില്ല. ഞാൻ മറിച്ചു വിചാരിച്ചുപോയി. സകല തെററിന്നും ഉത്തരവാദി ഞാൻ തന്നെയാണ്. എൻെറ വിധിവൈഭവത്താൽ ഈവിധമെല്ലാം വേണ്ടിവന്നു. ഈ വിവരം മാധവിയോടു ചെന്നു പറയുക. അച്ഛനമ്മമാരേ

യും കണ്ട് എൻെറ സാഷ്ടാംഗനമസ്കാരം പറഞ്ഞ് അവരെ സമാധാനപ്പെടുത്തണം. ഞാൻ ഭവാനൊരുമിച്ചുതിരിച്ചുവരാത്തതിൽ വ്യസനിക്കരുതെന്നും പറയണം.' എന്നിങ്ങിനെ പറഞ്ഞു അദ്ദേഹത്തെ തിരിച്ചയച്ചു.

പിന്നീട് കോവലൻ തൻെറ ഭാൎയ്യയേയും, ഭിക്ഷുണിയേയും കൂട്ടി യാത്ര തുടൎന്നു കുറെ ദൂരം ചെന്ന സമയം അവിടെ വയലുകളിൽ പ്രവൃത്തിയെടുക്കുന്ന ചില പാണരെ കണ്ടു. അവരോടു മധുരക്കു ഇനി എത്ര ദൂരമുണ്ടെന്നു ചോദിച്ചപ്പോൾ അവർ 'ഹേ പാന്ഥാ, സംഘവിദ്വാന്മാരുടെ കവിതാവാസനയോടു ഉദ്യാനങ്ങളിലെ പുഷ്പവാസനകൾ സമ്മേളിച്ച് ദിവ്യസുഗന്ധം പരത്തുന്ന പാണ്ഡ്യരാജ്യം വളരെ സമീപത്തിലാണ്' എന്നു മറുവടി പറഞ്ഞു. അന്നേദിവസം ആ പാണത്തെരുവിൽ വസിച്ചു നിലാവുദിച്ചപ്പോൾ യാത്ര തുടൎന്നു. മുമ്പോട്ടു പോകുന്തോറും മധുരാപട്ടണത്തിൽനിന്നും പെരുമ്പറകളുടെ ശബ്ദവും, മദകരികളുടെ നിലവിളിയും, കുതിരകളുടെ ഹേഷാരവങ്ങളും, ജനങ്ങളുടെ സംസാരധ്വനിയും കൂടികലൎന്നുള്ള ശബ്ദം കടലിരമ്പമെന്നപോലെ അധികമധികം സമീപത്തിൽ കേട്ടുതുടങ്ങി. പിന്നീട് അവർ ഫലവൃക്ഷങ്ങളും പുഷ്പച്ചെടികളും സസ്യവൎഗ്ഗങ്ങളും നിറഞ്ഞുനില്ക്കുന്ന വൈഗാനദീതീരത്തുകൂടെ നടന്നു മഹാ കവികളുടെ പ്രശംസക്കു പാത്രീഭൂതയായ ആ ദിവ്യനദിയെ വന്ദിച്ച് നദി കടന്നു മധുരാനഗരത്തിൻെറ കിഴക്കെ ഗോപുരദ്വാരസമീപമുള്ള ആഢമുനിയുടെ ആശ്രമത്തിൽ ചെന്നുചേൎന്നു.

UNIVERSITY LIBRARY 24 APR. 1939 MADRAS

## 4-ാം അദ്ധ്യായം.

പാണ്ഡ്യരാജാക്കന്മാരുടെ തലസ്ഥാനമായ മധുരാനഗരം പണ്ടുപണ്ടേ പേർ കേട്ട ഒരു വലിയ പട്ടണമായിരുന്നു. സാക്ഷാൽ പരമശിവനും പാർവ്വതീദേവിയും മനുഷ്യരൂപത്തിൽ അവതരിച്ച് രാജ്യഭാരം ചെയ്കതിനാലും ഹാലാസ്യനാഥനായ സുന്ദരേശ്വരൻെറ അറുപത്തിനാലു ലീലകളാലും സുപ്രസിദ്ധമായിതീൎന്ന ഈ സ്ഥലം ലോകമഹാ കവികളുടെ പ്രശംസക്കു എന്നെന്നും പാത്രീഭവിച്ചിരുന്നു. തമിഴ് രാജ്യത്തിലെ പുലവർ (വിദ്വാൽ) സംഘം ഉണ്ടായിരുന്നതു ഇവിടെയാണ്. തമിഴരുടെ ഭക്തിബഹുമാനങ്ങൾക്കു പാത്രവാന്മാരായ മാണിക്യവാചകർ, നൽക്കീരർ മുതലായ കവിതിലകന്മാരും ശ്രീ ഹാലാസ്യനാഥൻെറ കൃപാകടാക്ഷത്താൽ യോഗ്യത സിദ്ധിച്ചവരാണ്. മധുരാരാജ്യം വാണിരുന്ന രാജാക്കന്മാരുടെ പ്രശംസാൎഹങ്ങളായ കൃത്യങ്ങൾ പലതും ഇന്നും ഐതിഹ്യരൂപേണ ലോകത്തിൽ പ്രചരിച്ചുവരുന്നു. 'പൊൻകൈപാണ്ഡ്യ'ൻെറ ചരിത്രം സുപ്രസിദ്ധമാണല്ലോ.

മധുരയിൽ ഹാലാസ്യക്ഷേത്രത്തിന്നു പുറമെ വിഷ്ണുവിൻേറയും സുബ്രഹ്മണ്യൻേറയും ബലദേവരുടേയും ക്ഷേത്രങ്ങളും ഉണ്ട്. പാണ്ഡ്യരാജാക്കന്മാരുടെ അതി മനോഹരമായ രാജധാനിയും അഗാധമായ കിടങ്ങുകളാൽ ചുററപ്പെട്ട കോട്ടയും വൈഗാ നദീജലത്താൽ നനച്ചുണ്ടാക്കപ്പെട്ട രമണീയങ്ങളായ അനവധി ഉദ്യാനങ്ങളും നവരത്നങ്ങളും

പൊൻവെള്ളിസ്സാമാനങ്ങളും മററും വില്ക്കപ്പെടുന്ന വ്യാപാരസ്ഥലങ്ങളും ഉള്ളതായ ഈ സ്ഥലം സാക്ഷാൽ അമരാവതിയുടെ ഓൎമ്മ കാണികളുടെ മനസ്സിൽ അങ്കുരിപ്പിച്ചിരുന്നു.

മധുരാരാജ്യത്തിൻെറ ഇപ്രകാരമുള്ള ലോകം നിറഞ്ഞ കീൎത്തി കേട്ടു ഭ്രമിച്ചിട്ടായിരുന്നു കോവലൻ മധുരക്കു പുറപ്പെട്ടതു. എന്നാൽ മധുരയുടെ താല്ക്കാലികസ്ഥിതി ഇതിൽനിന്നും എത്രയോ വ്യത്യസ്ഥപ്പെട്ടിരുന്ന കഥ ആ സാധു അറിഞ്ഞിരുന്നില്ല. ഐശ്വൎയ്യം പൂൎത്തിയായാൽ അതിനെ തുടൎന്നുവരുന്നതായ എല്ലാ ദുൎഗ്ഗുണങ്ങൾക്കും അക്കാലത്തെ മധുര ആവാസഭൂമിയായി തീൎന്നിരുന്നു. ജനങ്ങൾ സ്ത്രീപുരുഷ ഭേദമന്യേ ഈശ്വരചിന്ത തീരെ വെടിഞ്ഞു ആഡംബരങ്ങളിലും ദുൎവ്യാപാരങ്ങളിലും മുഴുകി മദോന്മത്തരായി കാലം കഴിച്ചുവന്നു. പ്രജകളുടേയും, രാജ്യത്തിൻേറയും നിലനിൎത്തിപ്പിന്നു അസ്ഥിഭാരക്കല്ലായ ബ്രാഹ്മണർ വേദപാഠത്തേയും ബ്രാഹ്മണവൃത്തിയേയും ത്യജിച്ച് മദ്യപന്മാരും വേശ്യാസക്തരുമായി ഭവിച്ചു. അടിയിളകിയാൽ പിന്നെ മററുള്ള കഥ പറയേണ്ടതില്ലല്ലോ. സ്ത്രീകളുടെ ചാരിത്രനിഷ്ഠ ഭൎത്തൃസന്നിധിയിൽ മാത്രമായി പരിണമിച്ചു. ലോകരുടെ സദാചാരനിഷ്ഠ വെറും വെളിവേഷമായും തീൎന്നു. ബ്രാഹ്മണ്യം ജനനത്താലും യജ്ഞോപവീതത്താലും നിൎണ്ണയിക്കപ്പെട്ടുവന്നു. പൌരോഹിത്യം ധനസമ്പാദനമാൎഗ്ഗമായി കലാശിച്ചു.

'പാപോയം കൃഷ്ണരാമേത്യഭിലപതി
നിജംഗ്രഹിതുന്ദുശ്ചരിത്രം' എന്ന വിധം തങ്ങളു ടെ ദുഷ്പ്രവൃത്തികളെ മറക്കുവാൻ മാത്രമായി കപടസന്യാസം സ്വീകരിച്ച ജനങ്ങൾ സർവ്വത്ര നിറഞ്ഞുവശായി. ലോകസമക്ഷം തങ്ങൾ കുററക്കാരാവരുതെന്നല്ലാതെ ഈശ്വരാജ്ഞയെ അനുസരിച്ച് അദ്ദേഹത്തിൻെറ കൃപക്കു പാത്രീഭവിപ്പാനാഗ്രഹിക്കുന്നവർ അപൂർവ്വമായിതീൎന്നു. പാണ്ഡ്യരാജാക്കന്മാരും പൂർവ്വീകരുടെ നടവടിയേയും കീർത്തിപ്രതാപങ്ങളേയും വിസ്മരിച്ച് അക്രമഭരണത്തിൽ പ്രവേശിച്ചു. ലോഭഗുണം സർവ്വത്ര വിളങ്ങിക്കാണുമാറായി. ചുരുക്കിപ്പറയുന്നതായാൽ അധഃപതനം ആസന്നമായ ഒരു രാജ്യത്തിൻെറ ലക്ഷണങ്ങൾ മുഴുവനും മധുരയിൽ കാണപ്പെട്ടു. ഇപ്രകാരമുള്ള മധുരാരാജ്യത്തെ 'നെടുഞ്ചെഴിയൻ' എന്ന രാജാവു ഭരിച്ചിരുന്ന കാലത്താണ് കോവലനും കണ്ണകിയും അവിടെ വന്നുചേൎന്നതു.

എന്നാൽ രാജ്യത്തിൻെറ ഈ വിധമുള്ള നാശോന്മുഖമായ ഗതിവേഗം കോവലൻ അറിഞ്ഞിരുന്നില്ല. തങ്ങളെ നിമിത്തമാക്കി മധുരയെ അധർമ്മപഥത്തിൽനിന്നും പിന്തിരിപ്പാനുള്ള ഈശ്വരോദ്ദേശത്തേയും കണ്ണകിയാകട്ടെ കോവലനാകട്ടെ അപ്പോൾ ധരിച്ചില്ല.

ആഹതാശ്രമത്തിൽ വിശ്രമിച്ചിരുന്ന കോവലൻ ഭിക്ഷുണിയെ നോക്കി 'ഹേ, തപസ്വിനീ, ലജ്ജയും മാനവും ജീവനേക്കാൾ വിലയേറിയതായി ഗണിക്കുന്ന ഉത്തമസ്ത്രീകളെ പുറമെ കൊണ്ടുനടക്കുന്നതു മര്യാദയല്ലെന്നറിഞ്ഞിരി

ക്കെ, പെരുങ്കുടിവണികവംശജനായ ഞാൻ ഇവളെ ഈ വിധം കല്ലിലും മുള്ളിലും നടത്തിക്കൊണ്ടുപോന്നതു മഹാ കഠിനമായ്പ്പോയി. അപരിചിതമായ അന്യരാജ്യങ്ങളിൽ അലഞ്ഞു നടക്കേണ്ടുന്ന കാലം ഞങ്ങൾക്കു വരുമെന്നു ഞാൻ സ്വപ്നേപി കരുതിയിരുന്നില്ല. ഈ അശരണത്വം അനുഭവിപ്പാൻ എന്തുപാപം ചെയ്തിരിക്കാം. ആദ്യമായി ഞങ്ങൾ ഭവതിയെ കണ്ട സമയം 'ഞാനും മധുരക്കു വരാം' എന്നു പറഞ്ഞപ്പോൾതന്നെ കണ്ണകിക്ക് ആശ്രയസ്ഥാനം ലഭിച്ചുവെന്നു ഞാൻ കരുതിയിരുന്നു. ഇത്രയും വഴി നടന്നുപോന്നതു ആ ഒരു ധൈൎയ്യത്താൽ മാത്രമാണ്. ഭവതി ഇവളെ നോക്കി രക്ഷിച്ചുകൊള്ളുക. ഞാൻ നഗരത്തിൽച്ചെന്നു ഇവിടെയുള്ള വൈശ്യന്മാരെ കണ്ടു എന്റെ ആഗമനോദ്ദേശം ധരിപ്പിച്ചു തിരിച്ചു വരാം.' എന്നു വിനയത്തോടെ പറഞ്ഞു.

ഭിക്ഷുണി:—മകനെ, നീ എന്തിന്നു വ്യസനിക്കുന്നു. 'താന്താൻ നിരന്തരം ചെയ്യുന്ന കൎമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ' എന്ന മഹൽ വാക്യം സൎവ്വൎക്കും ബാധകമാണ്. നീ മുജ്ജന്മത്തിൽ ചെയ്ത പാപകൎമ്മഫലത്താൽ ഈ ചെറുപ്പകാലത്തു മാതാപിതാക്കളെ പിരിഞ്ഞ് ദ്രവ്യവും നശിച്ച് അബലയായ ധൎമ്മപത്നിയോടുകൂടെ അലയേണ്ടതായി വന്നു. എന്നിരിക്കിലും ധൈൎയ്യം കൈവിടരുത്. ആപൽക്കാലങ്ങളിൽ കാൎയ്യം കൂടാതെ വിലപിച്ച് തന്റെ ദേഹത്തേയും മനസ്സിനേയും കഷ്ടപ്പെടുത്തുന്നതു മൂഢന്മാരുടെ സമ്പ്രദായമാണ്. എന്തുതന്നെ സംഭവിച്ചാലും ക്ഷമ

യോടെ സഹിക്കുന്നതാണ് ഉത്തമന്മാരുടെ ലക്ഷണം. 'പാപം ചെയ്യരുത്; ചെയ്താൽ വ്യസനിക്കേണ്ടിവരും' എന്നിങ്ങിനെ മഹാത്മാക്കളായ നമ്മുടെ പൂർവ്വീകർ വായിനെ പറയാക്കിയും നാവിനെ കോലാക്കിയും വീണ്ടും വീണ്ടും കൊട്ടിഘോഷിച്ചിരിക്കുന്നു. എന്നാൽ ദുരഹങ്കാരികളായ മനുഷ്യർ അതിന്നു ചെവികൊടുക്കാതെ പിന്നേയും പിന്നേയും പാപകർമ്മങ്ങൾ ചെയ്യുന്നു. കാലക്രമത്തിൽ ആ ദുഷ്കർമ്മങ്ങൾ പരിപക്വത പ്രാപിച്ച് വ്യാധിരൂപമായും ആപത്സ്വരൂപമായും വന്നു ബാധിക്കുന്ന സമയത്താകട്ടെ അശരണരായി ഭയപ്പെട്ടു നടുങ്ങി കണ്ണുനീർ പൊഴിക്കുന്നു. ഇതു ലോകസ്വഭാവമാണ്. ധർമ്മാർത്ഥകാമങ്ങളിൽ അർത്ഥവും കാമവും ആരംഭത്തിൽ സുഖം നൽകി നമ്മെ മോഹിപ്പിച്ചശേഷം കരകാണാത്ത ദുഃഖസാഗരത്തിൽ പിടിച്ചു താഴ്ത്തുകയാണു ചെയ്യുന്നതു. ധർമ്മമാകട്ടെ, ആദ്യത്തിൽ കഷ്ടമായി തോന്നുമെങ്കിലും അവസാനം നമുക്കു ഗുണപ്രദമായി ഭവിക്കുന്നു. ഇതിൻെറ സൂക്ഷ്മം ധരിച്ച് തദനുസരണം നടക്കാത്തതിനാലാണ് ജനങ്ങൾ കഷ്ടപ്പെടേണ്ടിവരുന്നതു. കഴിഞ്ഞതിനെ ഓർത്ത് വ്യസനിച്ചിട്ട് ഇനി ഫലമില്ല. സുഖമായാലും ദുഃഖമായാലും അതനുഭവിച്ചേ തീരു. ഈ വകയെല്ലാം ക്ഷമയോടെ സഹിച്ച് മേലിലെങ്കിലും സ്വജീവിതത്തെ പരിശുദ്ധമാർഗ്ഗങ്ങളിൽക്കൂടെ നയിക്കുവാൻ ഉത്സാഹിക്കുക. ശ്രീരാമചന്ദ്രൻ പിതൃവാക്യാനുസരണം കാട്ടിൽ ച്ചെന്ന് സീതയെപ്പിരിഞ്ഞ് അനുഭവിച്ച സങ്കടം നീ കേട്ടിട്ടില്ലേ ? ഭഗവാൻ ദ്വന്ദ്വാതീതനാണെന്നിരിക്കിലും ലോ

കസ്വഭാവം അദ്ദേഹത്തെക്കൂടെ ബാധിച്ചു. നളചക്രവത്തി ദമയന്തിയെപ്പിരിഞ്ഞ് എത്ര കഷ്ടപ്പെട്ടു? ഇതു നളൻെറയോ ദമയന്തിയുടേയോ കുററത്താലാണോ? ഒരിക്കലുമല്ല. കമ്മവൈഭവം മാത്രമാണ് ഇവക്കെല്ലാം ഹേതു. അതു നമ്മെ എവിടേക്കിഴക്കുന്നുവോ അവിടേക്കു ചെല്ലുകയേ നമുക്കു നിവൃത്തിയുള്ളു. അതിനാൽ കോവലാ, നീ ധൈയ്യമായിരിക്കുക. നളനെപ്പോലെയോ, ശ്രീരാമനെപ്പോലയോ നിനക്കു ഭായ്യാവിരഹം സംഭവിച്ചിട്ടില്ലല്ലോ. ദ്രവ്യം നശിച്ചുപോയി. അതെത്ര തുഛം. പരിപൂണ്ണപ്രേമത്തോടെ ഏകമനസ്സായി യോജിച്ചു വത്തിക്കുന്ന ദമ്പതിമാക്കു ദ്രവ്യനാശമോ, ദേശാന്തരഗമനമോ സങ്കടകരമായിതീരുന്നതാണോ? അതി സാദ്ധ്വിയും സുന്ദരിയുമായ ഒരു നാരീരത്നത്തെ ഭായ്യയായി ലഭിച്ച നീ അതി ഭാഗ്യവാനാണെന്നാണു കരുതേണ്ടതു. ഇനി നീ ഒട്ടും വ്യസനിക്കാതെ പട്ടണത്തിൽച്ചെന്ന് വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തു് തിരിച്ചു വരുക.

ഈ ആശ്വാസമൊഴികളാൽ സമാധാനചിത്തനായി ഭവിച്ച കോവലൻ ഭിക്ഷുണിയെ വണങ്ങി കണ്ണകിയോട് അനുവാദം വാങ്ങി നഗരത്തിലേക്കു തിരിച്ചു. എന്നാൽ നഗരാന്തൎഭാഗത്തിൽച്ചെന്ന കോവലൻ അതിൻെറ മനോഹരകാഴ്ചകളിൽ മഗ്നചിത്തനായി താൻ ഉദ്ദേശിച്ചുവന്ന കായ്യം തീരെ വിസ്മരിച്ചുകളഞ്ഞു. കുറെനേരം അങ്ങുമിങ്ങും നടന്നു നോക്കിയ ശേഷം നേരം വൈകുന്നതോൎത്തു ആഢ്താശ്രമത്തിലേക്കുതന്നെ മടങ്ങിച്ചെന്ന് താൻകണ്ട അത്ഭു

തകാഴ്ചകളെ കണ്ണകിയോടും ഭിക്ഷുണിയോടും പറഞ്ഞുകൊണ്ടിരുന്നു.

ആ സമയം കാവേരി പട്ടണത്തിൻെറ തെക്കുപടിഞ്ഞാറ് നാലു നാഴിക ദൂരത്തിലുള്ള 'തലച്ചെങ്കാട്' എന്ന ദിക്കിൽ വസിക്കുന്ന ഒരു ബ്രാഹ്മണൻ അഗസ്ത്യമഹർഷി ഇരുന്നരുളുന്ന അഗസ്ത്യമലയിൽച്ചെന്നു തൊഴുത ആ മലയെ പ്രദിക്ഷണംചെയ്തു് കന്യാകുമാരിയിൽച്ചെന്നു വന്ദിച്ച് സ്വദേശത്തേക്കു മടങ്ങുന്ന വഴിയിൽ രാത്രി താമസത്തിന്നായി മേല്പറഞ്ഞ ആഹ്താശ്രമത്തിൽ കയറിച്ചെന്നു. കോവലനെ ഇദ്ദേഹത്തിന്നു മുമ്പുതന്നെ പരിചയമായിരുന്നതിനാൽ അവരെ അവിടെക്കണ്ട സമയം ബ്രാഹ്മണൻ ആശ്ചര്യപരതന്ത്രനായിതീൎന്നു. കോവലൻെറ അശരണസ്ഥിതി അദ്ദേഹത്തെ വല്ലാതെ വ്യസനിപ്പിച്ചു. അദ്ദേഹം കോവലനെ നോക്കി 'ഹേ; കോവലാ, നിനക്കു ഈ ശോച്യാവസ്ഥ വരുവാൻ കാരണമെന്തായിരിക്കും. നീ ഇജ്ജന്മത്തിൽ ഒരൊററ പാപകർമ്മംപോലും ചെയ്തതായി ഞാൻ കേട്ടിട്ടില്ല. നേരെ മറിച്ച് അനവധി ധർമ്മകാൎയ്യങ്ങൾ ചെയ്തതായി അറിവുണ്ടുതാനും. എന്നിരിക്കെ പതിവ്രതയായ ധർമ്മപത്നിയോടൊപ്പം തീരെ നിസ്സഹായനായി അലയേണ്ടിവന്നതു പൂർവ്വജന്മദുരിതംതന്നെ ആയിരിക്കും' എന്നു പറഞ്ഞു.

കോവലൻ:—കാരണം അന്വേഷിച്ചറിഞ്ഞതുകൊണ്ടു കഷ്ടാനുഭവം വിട്ടു മാറുകയില്ലല്ലോ. അതനുഭവിച്ചുതന്നെ കഴിയേണ്ടേ ? എൻെറ ആപത്തുകൾ ഇതുകൊണ്ടു

അവസാനിച്ചിട്ടില്ലെന്നാണ് എനിക്ക തോന്നുന്നതു. ഞാൻ ഇന്നു പ്രഭാതസമയം ഒരു സ്വപ്നം കാണുകയുണ്ടായി. അതിനെ പറയാതിരുപ്പാൻ എനിക്ക സാധിക്കുന്നില്ല. നമ്മുടെ കണ്ണകി വ്യസനത്താലും ഭയത്താലും വിറച്ചു നോക്കിക്കൊണ്ടിരിക്കെ എന്റെ വസ്ത്രം അന്യർ അപഹരിച്ചതായും ഒരു പന്നിയുടെ മുകളിൽ കയറി ഞാൻ തെക്കോട്ടുപോയതായും പിന്നീട് ഞാനും കണ്ണകിയും ഭവബന്ധത്തിൽ നിന്നും വേർപെട്ട് മോക്ഷം പ്രാപിച്ചതായും മാധവി മണിമേഖലയെ ബുദ്ധഭഗവാനു നൽകിയതായും കണ്ടു. പ്രഭാതത്തിൽ കണ്ട സ്വപ്നം ഉടനെ ഫലിക്കുമെന്നാണ് കേട്ടിട്ടുള്ളത്. എന്തോ ഒരു ആപത്ത് ഞങ്ങളെ ചുഴന്നിരിക്കുന്നതായി എനിക്ക തോന്നുന്നു.

ഇതുകേട്ട ഭിക്ഷുണിയും ബ്രാഹ്മണനും വളരെ വ്യസനിച്ചു. ഒടുവിൽ ഭിക്ഷുണി 'ഹേ, കോവലാ, നീ മറിച്ചൊന്നും സംശയിക്കേണ്ട. ഈ വക ആശ്രമങ്ങളിൽ സന്യാസികളല്ലാതെ മററുള്ളവർ താമസിക്കുക പതിവില്ല. അതിനാലായിരിക്കും ഈവക ദുസ്വപ്നങ്ങൾ കാണുന്നതു. നീ ഭാര്യയേയും കൂട്ടി നഗരത്തിലേക്ക ചെല്ലുക. നീ മാചാത്വാന്റെ പുത്രനാണെന്നു മനസ്സിലാക്കിയാൽ നിന്റെ ബന്ധുക്കൾ ആദരവോടെ നിങ്ങളെ സല്ക്കരിക്കും.' എന്നു പറഞ്ഞു.

കോവലൻ:—അങ്ങിനെതന്നെ. ഞങ്ങൾ നഗരത്തിലേക്ക ചെല്ലാം. എന്നാൽ എന്റെ ബന്ധുക്കളുടെ സമീപത്തിൽ ചെല്ലുവാൻ ഞാൻ വിചാരിക്കുന്നില്ല. എന്റെ ദൈന്യത അവരെ അറിയിക്കുന്നതിൽ എനിക്ക വളരെ

ലജ്ജയുണ്ട്. വേറെ എവിടെയെങ്കിലും താമസിച്ച് പൂൎവ്വ സ്ഥിതി പ്രാപിച്ച ശേഷമേ ഞാൻ അവരെച്ചെന്നുകാണു കയുള്ളൂ.

ഇങ്ങിനെ അവർ സംസാരിച്ചിരിക്കുന്ന സമയം ഇട യവംശത്തിൽപെട്ട 'മാതരി' എന്ന ഒരു സ്ത്രീ അവിടെ കയറിച്ചെന്നു, 'ആൎയ്യാംഗന' എന്ന ഒരു ഈശ്വരിക്കു പ്ര തിദിനവും പാല്പായസം വെച്ചു നിവേദിക്കുക ഇവളുടെ ദിനകൃത്യങ്ങളിൽ ഒന്നായിരുന്നു. അന്നും പതിവനുസരിച്ച അതിന്നായി പോകുമ്പോൾ ഭിക്ഷുണിയെ കാണുകകൊണ്ടു അവിടെചെന്നു വന്ദിച്ചു നിന്നു.

ഭിക്ഷുണി അവളെ അനുഗ്രഹിച്ചു. 'പശുക്കളെ അ തി വാത്സല്യത്തോടെ പോററി വളൎത്തി ഉപജീവനം കഴി ക്കുന്ന ഇടയരുടെ ജീവിതം പരിശുദ്ധമായതാണ്. ഇവൾ ശാന്തശീലയും സത്യവതിയുമാണെന്നു ഇവളുടെ നിഷ്കളങ്ക മായ മുഖഭാവം പ്രത്യക്ഷപ്പെടുത്തുന്നു. കണ്ണകിയെ ഇവൾ വശം ഏല്പിച്ചു കൊടുക്കുന്നതായാൽ യാതൊരപകടവും വരുവാനില്ല.' എന്നിങ്ങിനെ ആലോചിച്ച് ഗോപസ്ത്രീ യോട് 'ഹേ മാതരീ ഈ ഇരിക്കുന്നവർ ഭാൎയ്യാഭൎത്താക്കന്മാ രാണ്. കാവേരിപ്പൂമ്പട്ടണത്തിലുള്ള അതി ധനികനായ മാചാത്താനെന്ന വൈശ്യൻെറ പുത്രനാണ് ഈ കോവ ലൻ. ഇവിടെയുള്ള വൈശ്യന്മാർ ഇവരെ അറിയുന്നപ ക്ഷം അതി സന്തോഷത്തോടെ ആദരിച്ചു സല്ക്കരിക്കും. എ ന്നാൽ ഇപ്പോൾ ഇവർ കുറഞ്ഞൊരു കഷ്ടത്തിലകപ്പെട്ടിരി ക്കുന്ന കാലമാകകൊണ്ടു തങ്ങളുടെ യഥാൎത്ഥം വെളിപ്പെട്ടു

ത്താതെ ഒതുങ്ങി ജീവിക്കുവാനാഗ്രഹിക്കുന്നു. മധുര ഇവക്കു അപരിചിതരാജ്യമാകകൊണ്ടു പരിചയപ്പെടുന്നതുവരെ ഒരു സഹായം അത്യാവശ്യമാണ്. ആ ഭാരം ഞാൻ നിന്നെ ഏല്പിക്കുന്നു. ഇവരം വഴിനടന്ന ക്ഷീണത്താൽ വളരെയധികം തളന്നിരിക്കുന്നു. പുറത്തിറങ്ങി പരിചയിച്ചിട്ടില്ലാത്ത ഇവരം വഴിക്കനുഭവിച്ച സങ്കടങ്ങരം അവണ്ണനീയങ്ങളാണ. എന്നിരിക്കിലും അഗ്നിശിഖകളോടുപമിക്കത്തക്ക ഈ കഠിനവെയിലിൽ തൻെറ ദുസ്സഹക്ലേശത്തെ ഗണ്യമാക്കാതെ തൻെറ ഭത്താവോടൊരുമിച്ച് ഇവരം നടന്നു വന്നിരിക്കുന്നു. ഇവളുടെ പാതിവ്രത്യനിഷ്ഠ ഇതുകൊണ്ടു തെളിയുന്നുണ്ടല്ലോ. നീ ഇവളെ ഒരുമിച്ചു കൂട്ടിക്കൊണ്ടുപോയി സ്വപുത്രിയെപ്പോലെ യാതൊരാപത്തും സമീപിക്കാതെ അതിജാഗ്രതയോടെ രക്ഷിക്കുക. നിനക്കു ഇതിനാൽ ഗുണം ഭവിക്കും. മഹൽസംഗമം നിമിഷനേരമായാൽ കൂടിയും മഹത്തായ ഫലത്തെ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ട് യദൃച്ശയാ നിനക്കു ലഭിച്ച ഈ അവസരത്തെ ഫലപ്രദമാക്കിത്തീക്കുക. ഇവർ രണ്ടുപേരേയും ഞാൻ നിന്നെ ഏല്പിച്ചിരിക്കുന്നു. നിനക്കു സൽഗതി ലഭിക്കട്ടെ' എന്നു പറഞ്ഞു.

മാതരി അതി സന്തോഷത്തോടെ വൃദ്ധയുടെ കാല്ക്കൽ വീണു വണങ്ങി താൻ ആപ്രകാരം ചെയ്തുകൊള്ളാമെന്നു സമ്മതിച്ചു. യാത്ര ചോദിപ്പാനായി തൻെറ കാല്ക്കൽ വന്നു അടിയ ദമ്പതിമാരെ ഭിക്ഷുണി വാത്സല്യത്തോടെ എഴുന്നീല്പിച്ച് കണ്ണകിയെ മാറോടണച്ചാശ്ലേഷിച്ച് അവളുടെ ശി

രസ്സിൽ ചുംബിച്ചു. അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങളോടെ അവർ അന്യോന്യം പിരിഞ്ഞു. മാതരി ആ ദമ്പതികളെ തന്റെ ഒരുമിച്ചു കൂട്ടിക്കൊണ്ടു ഗൃഹത്തിലേക്കു തിരിച്ചു. പശുക്കൂട്ടങ്ങളെ തെളിച്ചും പാൽക്കുടങ്ങൾ ചുമന്നും വഴി നീളെ വന്നു കൊണ്ടിരുന്നു ഇടച്ചികളും ഇടയന്മാരും കണ്ണകിയുടെ സൌന്ദൎയ്യം കണ്ട് അത്ഭുതപ്പെട്ട് അവരെ പിന്തുടൎന്നു. ഒടുവിൽ അവർ ഇടയഗൃഹത്തിൽ എത്തിച്ചേൎന്നു.

തന്റെ വീട്ടിന്നു തൊട്ടുള്ളതും നാലുഭാഗവും വേലി കെട്ടി വൃക്ഷലതാദികൾ നട്ടുപിടിപ്പിച്ച് ഒരു ചെറു തോട്ടത്തിൻ മദ്ധ്യത്തിൽ പണിയപ്പെട്ടതുമായ ഒരു ചെറിയ നൂതനഗൃഹം മാതരി അവൎക്കു ഒഴിച്ചുകൊടുത്തു. പിന്നീടു കണ്ണകിയെ നോക്കി 'ഇതു ഭവതിയുടെ സ്വന്തഗൃഹമാണെന്നു വിചാരിച്ചുകൊള്ളുക. യാതൊന്നിന്നും വ്യസനിക്കേണ്ട. ഞങ്ങളെല്ലാവരും ഭവതിക്കു വേണ്ടി എന്തും ചെയ്വാൻ സന്നദ്ധരാണ്. എന്റെ മകളായ ഈ ദുൎഗ്ഗയെ ഇതാ ഞാൻ ഭവതിയെ ഏല്പിക്കുന്നു. ഇവളെ ഭൃത്യയായി സ്വീകരിച്ചു കൊള്ളുക. എന്താവശ്യമുണ്ടെങ്കിലും മടിക്കാതെ ഇവളോടു പറയുന്നതിന്നു വിരോധമില്ല. നാടും വീടും വിട്ടു പോന്നതിൽ ഭവതി വ്യസനിക്കരുത്" എന്നു പറഞ്ഞു കണ്ണകിയെ സമാധാനിപ്പിച്ചശേഷം താനും തന്റെ ചങ്ങാതികളുമായി കണ്ണകിയെ സ്നാനം ചെയ്യിപ്പിച്ച് അവൎക്കു ഭക്ഷണം പാകംചെയ്വാനുള്ള എല്ലാ സാധനങ്ങളും പാൽ, മോർ, നെയ്യ് എന്നിവയും പുതിയ പാത്രങ്ങളും ഒരുക്കിക്കൊടുത്തു. ദുൎഗ്ഗ വൈക്കോൽ വെച്ച് അടുപ്പിൽ തീക്കത്തിച്ചുകൊടു

ത്തു. കണ്ണകി അതിവേഗത്തിൽ ഭക്ഷണം പാകം ചെയ്തു ശേഷം ഭർത്താവിനെ ഉണ്ണുവാൻ വിളിച്ചു. പനയോലത്തടുക്കിന്മേലിരുന്നു, തൻെറ പത്നിയാൽ വിളമ്പപ്പെട്ട ഭക്ഷണത്തെ കോവലൻ അതി സ്വാദോടെ ഭക്ഷിച്ചു. അനന്തരം കണ്ണകിയും ഭക്ഷണം കഴിച്ച് ഭർത്താവിന്നരുകിൽ ചെന്നിരുന്നു.

തൽസമയം കോവലൻ പത്നിയെ നോക്കി 'പ്രിയെ, നാം അവസാനം മധുരയിൽ വന്നുചേൎന്നു. പകൽ സമയത്തുകൂടെ നിൎഭയം കൊള്ളയും കൊലയും നടക്കുന്ന വമ്പിച്ച കാടുകൾ വഴിയായി ഈ പൊരിയുന്ന വെയിലിൽ നിന്നെ കൂട്ടിക്കൊണ്ടു വന്നതോൎക്കുന്തോറും എൻെറ മനസ്സു വല്ലാതാവുന്നു. നാം ഇപ്രകാരം കഷ്ടപ്പെടുവാൻ സംഗതി വന്നു വല്ലോ. അച്ഛനമ്മമാരേയും പതിപരായണയായ ധൎമ്മപത്നിയേയും വ്യസനിപ്പിച്ച് വേശ്യാലമ്പടനായി കാലം കഴിച്ച എനിക്കു ഈ ശിക്ഷ ന്യായമാണെന്നു വിചാരിക്കാം. എന്നാൽ പ്രിയപ്രേയസി, യാതൊരു പാപവും ചെയ്യാത്ത ധൎമ്മനിഷ്ഠയായ നിനക്കു ഈ ദുൎയ്യോഗം എങ്ങിനെ സംഭവിച്ചുവെന്നാണ് ഞാൻ അത്ഭുതപ്പെടുന്നതു. എൻെറ ജന്മം നിന്നെ കഷ്ടപ്പെടുത്തുവാൻ മാത്രമാണെന്നു വരുമോ? വളരെക്കാലം നിന്നെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ വ്യസനിപ്പിച്ച നീചാധമനായ ഞാൻ എൻെറ കൂടെ മധുരക്കു വരേണമെന്നു നിന്നോട് ആവശ്യപ്പെട്ടപ്പോൾ ഈ നിൎല്ലജ്ജനായ ധൂൎത്തൻെറ ഒരുമിച്ച് സംശയംകൂടാതെ പുറപ്പെട്ടുവല്ലോ. അങ്ങിനേയും ഞാൻ നിനക്കു കഷ്ടം

MUL
051148

ഉണ്ടാക്കിത്തീൎത്തു. നീ എന്റെ കൂടെ വരുവാൻ വൈമുഖ്യം ഭാവിക്കയോ എന്നോടു അനാദരവു കാണിക്കയോ ചെയ്തിരുന്നെങ്കിൽ എനിക്കിത്ര സങ്കടം തോന്നുകയില്ലായിരുന്നു. നിന്റെ അനുസരണവും ഭക്തിയുമാണ് എന്നെ അത്യധികം പശ്ചാത്തപിപ്പിക്കുന്നതു. പ്രാണപ്രിയതമെ, ഈ മഹാപാപങ്ങൾ എന്നെ വിട്ടൊഴിയുമോ ? എന്റെ കുററം ജഗദീശ്വരൻ ക്ഷമിക്കുമോ? ഹാ, ദൈവമെ മേലിലെങ്കിലും എനിക്കു സൽബുദ്ധി തോന്നേണമേ" എന്നിങ്ങിനെ അതിസങ്കടത്തോടെ പറഞ്ഞു.

കണ്ണകിയാവട്ടെ ഭൎത്തൃദേഹത്തെ സ്വകരംകൊണ്ടു തടവി അദ്ദേഹത്തെ സമാധാനപ്പെടുത്തിക്കൊണ്ട് 'പ്രിയനാഥാ, കഴിഞ്ഞ സംഭവങ്ങളെല്ലാം മറന്നുകളയുക. ഭവാൻ തെററു ചെയ്തിട്ടുണ്ടെങ്കിൽ അതിന്നു ഈ പശ്ചാത്താപം തന്നെയാണ് തക്കതായ പരിഹാരം. ഈശ്വരൻ ഒരിക്കലും ഭവാനെ ഉപേക്ഷിക്കുകയില്ല. മക്കൾ തെററുചെയ്തുവെന്നു കരുതി അച്ഛനമ്മമാർ അവരെ ത്യജിക്കാറുണ്ടോ ? തന്നെത്താൻ തങ്ങളുടെ തെററിനെ കണ്ടറിഞ്ഞ് പശ്ചാത്താപത്തോടെ അതിനെ സമ്മതിച്ച് മേലിൽ സദ്വൃത്തരായി കാലം കഴിപ്പാനാഗ്രഹിക്കുന്നവരെ ഈശ്വരൻ സൎവ്വപ്രകാരേണയും സഹായിക്കുന്നതാണ്. എന്നെസ്സംബന്ധിച്ചേടത്തോളം ഒട്ടുംതന്നെ ഭവാൻ വിചാരപ്പെടേണ്ടതില്ല. ഭവാന്റെ ആജ്ഞകളെ ഗുണദോഷവിവേചനം കൂടാതെ അക്ഷരം പ്രതി അനുസരിക്കുവാൻ ബാദ്ധ്യതപ്പെട്ടവളായ ഞാൻ ഭവാനെ പിന്തുടൎന്നതിൽ ഇത്ര പ്രശംസിപ്പാനെന്താണു

ള്ളത്? അതു സ്ത്രീകളുടെ സാധാരണ ധമ്മമാണല്ലോ. പിന്നെ വഴിയാത്രകൊണ്ടുള്ള ക്ലേശമല്ലെ? അതും എനിക്കു വലുതായി തോന്നുന്നില്ല. ഭവാനെ തനിയെ അന്യരാജ്യത്തിലേക്കയച്ച്, എൻെറ ദേഹപോഷണത്തെ മാത്രം കരുതി ഞാൻ സ്വഗൃഹത്തിലിരിക്കുന്നതായാൽ ഞാൻ എത്ര നിന്ദ്യയായിത്തീരുമായിരുന്നു! ഭവാനെക്കൂടാതെയുള്ള ഗൃഹജീവിതം സവ്വസുഖസമ്പൂൎണ്ണമായിരുന്നാൽക്കൂടിയും എനിക്കു നരകതുല്യമായി തോന്നുന്നതാണ്. നേരെ മറിച്ച് ഭവാനൊരുമിച്ച് ആ പ്രേമപൂൎണ്ണമായ ലാളനകൾക്കു പാത്രമായി പലെ സ്ഥലങ്ങളും കണ്ടുംകൊണ്ടുള്ള ഈ യാത്ര എത്ര സുഖപ്രദമാണ്. ഭവാൻ ഒരുമിച്ചുള്ളപ്പോൾ മററു അസൌകൎയ്യങ്ങളൊന്നും എനിക്കു ഗണ്യമല്ല' എന്നു പറഞ്ഞു.

പിറേറദിവസം ഭക്ഷണാദികൾ കഴിഞ്ഞശേഷം കോവലൻ ഭാൎയ്യയെ വിളിച്ച് 'പ്രാണനാഥെ, നാടും വീടും ബന്ധുക്കളെയും ത്യജിച്ച് പാതിവ്രത്യത്തെമാത്രം സ്വരക്ഷയായിക്കരുതി എന്നോടൊപ്പം പോന്ന നിനക്ക് ആ പാതിവ്രത്യംതന്നെ ആലംബമായി ഭവിക്കട്ടെ.

'ചാരിത്രനിഷ്ഠയും ബുദ്ധികൌശല്യവും
ചാരുസ്വഭാവവുമുള്ളോരു നാരിമാർ
തന്നുടെ രക്ഷക്കു താൻപോരുമെന്നുള്ള
തിന്നുള്ളതല്ലാ ജഗൽപ്രസിദ്ധം ദൃഢം'

എന്ന പ്രമാണം വളരെ വാസ്തവമായതാണ്. എൻെറ ദുഃഖത്തിൽ പൂൎണ്ണമനസ്സോടെ പങ്കുകൊണ്ട നിന്നെ

സർവ്വപ്രകാരേണയും സന്തോഷിപ്പിക്കേണ്ട ബാദ്ധ്യത എനിക്കുണ്ട്. എന്നാൽ എന്റെ പ്രിയ കണ്ണകീ, കുറച്ചു സമയം നിന്നെ പാതിവ്രത്യത്തിന്റെ രക്ഷയിലേല്പിച്ച് എനിക്കു പുറമെ പോകേണ്ടിവന്നിരിക്കുന്നതിൽ നീ വ്യസനിക്കരുത്. ഞാൻ നഗരത്തിൽച്ചെന്നു നിന്റെ കാൽചിലമ്പു വിററ് പണം വാങ്ങിക്കൊണ്ട് വേഗത്തിൽ മടങ്ങിവരാം. അതേവരെ ഗോപസ്ത്രീകളോട് സംസാരിച്ചുകൊണ്ടിരിക്കുക. പുതിയ ദിക്കായതുകൊണ്ട് അധൈര്യം തോന്നേണ്ട. ഞാൻ വേഗം വരാം.' എന്നു പറഞ്ഞ് അവളെ മാറോടണച്ചാശ്ലേഷിച്ച് കപോലങ്ങളിൽ ചുംബിച്ചു. അപരിചിതരാജ്യത്തിൽ സപത്നിയെ ഏകാകിയാക്കി വിട്ടു പിരിയേണ്ടിവന്ന തന്റെ ഹതവിധിയോർത്തു കോവലന്റെ കണ്ണുകളിൽ ബാഷ്പം നിറഞ്ഞു. അതികഠിനമായ ഒരു വേദന അവന്റെ ഹൃദയത്തെ പിളക്കുന്നതായി തോന്നി. എന്നാൽ തന്റെ അശ്രുക്കൾ കണ്ണകി കാണുന്നപക്ഷം അവൾ ഭിന്നധൈര്യയായേക്കുമെന്നു കരുതി അതിനെ ഒതുക്കി. കണ്ണകി തന്റെ കാലിൽ നിന്നു അഴിച്ചുകൊടുത്ത ചിലമ്പുമെടുത്ത് പുറപ്പെട്ടു. മനസ്സു പിന്നാക്കം വലിച്ചുതുടങ്ങി. വാതുക്കൽ നോക്കിനില്ക്കുന്ന കണ്ണകിയെ പിന്നേയും പിന്നേയും തിരിഞ്ഞുനോക്കിക്കൊണ്ട് ഒരുവിധം മുന്നോട്ടു നടന്നു. തൽസമയം ഒരു പോത്ത് അവന്റെ നേരെ ഓടിവന്നു. എന്നാൽ മനസ്സു മുഴുവൻ കണ്ണകിയുടെ മേലായിരുന്നതിനാൽ കോവലൻ അതിനെ കാണുകയാകട്ടെ ആ ദുശ്ശകുനത്തെപ്പററി

ചിന്തിക്കുകയാകട്ടെ ഉണ്ടായില്ല. ഇങ്ങിനെ കുറെ നടന്ന് ആയാറം അങ്ങാടിത്തെരുവിൽ എത്തിച്ചേൎന്നു.

ചിലമ്പു ആരുടെ അടുക്കലൊണ് കൊണ്ടുചെല്ലേണ്ട തെന്നു കോവലൻ ആലോചിച്ചുകൊണ്ടു നില്ക്കുന്ന സമയം കുറെ ആളുകൾ ആ വഴി വരുന്നതുകണ്ടു. അവരുടെ ഇടയിൽ രാജാവിനാൽ നൽകപ്പെട്ട സ്വൎണ്ണമുദ്രകൾ ധരിച്ച ഒരാൾ ഉണ്ടായിരുന്നു. അവന്റെ വക്കലുള്ള ആയുധങ്ങൾ കൊണ്ടും മററു ജനങ്ങളെ കാണുമ്പോൾ ഒരു വശത്തെ ക്കൊതുങ്ങി വഴി മാറിക്കൊടുക്കുന്നതിനാലും അവൻ ഒരു തട്ടാനാണെന്നും സ്വൎണ്ണമുദ്രകൾ ധരിച്ചിരിക്കുക നിമിത്തം ശ്രുതിപ്പെട്ട പണിക്കാരനായിരിക്കണമെന്നും കോവലൻ ഊഹിച്ചു. ഇവനോടു പറയുന്നതായാൽ ചിലമ്പു എളുപ്പത്തിൽ വില്ക്കാമെന്നു കരുതി കോവലൻ അവന്റെ സമീപം ചെന്നു അവൻ ആരാണെന്നും മററും അന്വേഷിച്ചു. അവൻ രാജധാനിയിലെ പൊൻപണിക്കാരനായ തട്ടാനാണെന്നും കൂടെയുള്ളവർ അവന്റെ ശിഷ്യന്മാരാണെന്നും സ്വൎണ്ണംകൊണ്ടും രത്നങ്ങൾ കൊണ്ടുമുള്ള ഏതുതരം പണിയും തനിക്കറിയാമെന്നും അവൻ പറഞ്ഞപ്പോൾ കോവലൻ ചിലമ്പെടുത്തു അവനെ കാണിച്ചു. 'മഹാരാജാവിന്റെ പട്ടമഹിഷി അണിയത്തക്ക ഈ ചിലമ്പിന്നു വിലമതിക്കാമോ ? എന്നു ചോദിച്ചു. അവൻ ചിലമ്പുവാങ്ങി തിരിച്ചും മറിച്ചും നോക്കിത്തുടങ്ങി. അങ്ങിനെയിരിക്കെ പെട്ടെന്നു അവന്റെ മനസ്സിൽ ഒരു നൂതനവിചാരം അങ്കുരിച്ചു. താൻ കുറച്ചുദിവസം മുമ്പു രാജധാനിയിൽ നിന്നും

മോഷ്ടിച്ച് കൈവശംവെച്ചിരിക്കുന്ന രാജ്ഞിയുടെ ചില മ്പിന്നു ഇതു എല്ലാംകൊണ്ടും തുല്യമായിരിക്കുന്നതിനാൽ രാജഭടന്മാർതന്നെ കണ്ടു പിടിക്കുന്നതിന്നു മുമ്പായി ആ മോഷണക്കുററം ഇവനിൽ ചുമത്തി തനിക്കൊഴിയാമെന്നു അവൻ ആലോചിച്ചുറച്ചു. സ്വല്പനേരം അതിൻെറ വി ചിത്രവേലകൾ നോക്കുന്ന ഭാവത്തിൽ നിന്നശേഷം 'ഈ ചിലമ്പു വളരെ വിചിത്രമായിരിക്കുന്നു. ഇതു മഹാരാജ്ഞി ക്കു യോജിച്ചതു തന്നെയാണ്. എന്നുമാത്രമല്ല മററാരും ഇതിന്നു തക്ക വിലകൊടുത്തു വാങ്ങുകയുമില്ല. ഞാൻ ഇതി നെ രാജധാനിയിൽ കൊണ്ടുചെന്നു കാണിച്ച് മടങ്ങി വരാം. അതുവരെ എൻെറ ഈ ചെറുകുടിലിൽ ഇരിക്കുക' എന്നു പറഞ്ഞ് കോവലന്നു തൻെറ ഗൃഹം കാണിച്ചുകൊ ടുത്തശേഷം അവൻ രാജധാനിക്കു തിരിച്ചു. കോവലൻ തട്ടാൻെറ ഗൃഹത്തിലുള്ള പുറംതിണ്ണയിൽ ചെന്നിരുന്നു.

തട്ടാനാകട്ടെ തനിക്കു രക്ഷാമാർഗ്ഗം കണ്ടു കിട്ടിയതി ലുള്ള അത്യുത്സാഹത്തോടെ അരമനയിലേക്കു നടന്നു. അ വൻ അവിടെ എത്തിയസമയം പാണ്ഡ്യരാജാവ് പരിചാ രകന്മാരാൽ ചൂഴപ്പെട്ട് അന്തപ്പുരത്തിലേക്കു പോവുകയാ യിരുന്നു. തട്ടാൻ രാജാവിനെക്കണ്ട ഉടനെ താണു വണ ങ്ങി ആചാരോപചാരങ്ങൾ ചെയ്തശേഷം 'മഹാപ്രഭോ, നമ്മുടെ അരമനയിൽ നിന്നും കുറച്ചുദിവസംമുമ്പ് ദേവിയു ടെ കാലിലണിയുന്ന ചിലമ്പ് കളവുപോവുകയുണ്ടായല്ലോ. രാജഭടന്മാർ ഇത്രത്തോളം കഷ്ടപ്പെട്ടു തിരഞ്ഞിട്ടും കണ്ടുകി ട്ടാത്ത ആ തസ്കരനെ ചിലമ്പോടുകൂടി ഇന്നെനിക്കു പിടി

കിട്ടിയിരിക്കുന്നു. അവനെ ഞാൻ ഒരു സൂത്രം പറഞ്ഞ് എന്റെ വീട്ടിൽ ഇരുത്തീട്ടുണ്ട്. ഭടന്മാരെ എന്റെ ഒരുമിച്ചയക്കുന്നപക്ഷം അവനെ കാണിച്ചുകൊടുക്കാം. ആ ചിലമ്പു ഇതാ' എന്നു പറഞ്ഞ് ചിലമ്പിനെ രാജാവിന്നു കാണിച്ചുകൊടുത്തു. രാജാവു ഇതു കേട്ടപ്പോഴേക്കും അതി ക്രുദ്ധനായിതീൎന്നു. ക്രോധത്താലും ദുഷ്കാലത്താലും ഗ്രസിക്കപ്പെട്ട രാജാവ് ചിലമ്പിനെ ഒന്നു നോക്കി. ഉടൻതന്നെ തിരിഞ്ഞ് തന്റെ ഭടന്മാരെ വിളിച്ച് 'ഹേ, ഭടന്മാരെ എന്റെ രാജധാനിയിൽ നിൎഭയം കടന്ന് മായാവിദ്യകൾ പ്രയോഗിച്ച് മഹാരാജ്ഞിയുടെ ചിലമ്പു കട്ടുകൊണ്ടുപോയ തസ്കരാധമനെ പിടികിട്ടിയിരിക്കുന്നുപോലും. നിങ്ങൾ ഈ തട്ടാന്റെ ഒരുമിച്ചു ചെന്ന് ഇവൻ കാണിക്കുന്ന ആൾ ഈ ചിലമ്പു തന്റേതാണെന്നു സമ്മതിക്കുന്ന പക്ഷം ഉടൻതന്നെ അവനെ വധിച്ച് ചിലമ്പിനെ തിരികെ കൊണ്ടുപോരുവിൻ' എന്നിങ്ങിനെ ആജ്ഞാപിച്ചു.

തട്ടാൻ തന്റെ ഉദ്ദേശം സഫലമായതിനാൽ വളരെ സന്തോഷിച്ചു. ഉടൻതന്നെ രാജഭടന്മാരേയുംകൂട്ടി സ്വഗൃഹത്തിലേക്കു ചെന്ന് അവിടെയിരിക്കുന്ന കോവലനെ അവൎക്കു കാണിച്ചുകൊടുത്തു. രാജഭടന്മാർ കോവലന്റെ സമീപം ചെന്ന് 'ഈ തട്ടാൻ ഇപ്പോൾ രാജധാനിയിൽ കൊണ്ടുവന്ന ഈ ചിലമ്പു ഭവാന്റേതാണോ എന്നു അന്വേഷിച്ചുവരുവാൻ രാജാവു കല്പിച്ചിരിക്കുന്നു' എന്നു പറഞ്ഞു. കോവലനാകട്ടെ യാതൊരു സംശയവും കൂടാതെ ആ ചിലമ്പു തന്റേതു തന്നെയാണെന്നും വില്പാനായി തട്ടാൻ

വശം കൊടുത്തതാണെന്നും ഉത്തരം പറഞ്ഞു. തട്ടാൻ ഭടന്മാരോട് 'ഇപ്പോൾ നിങ്ങൾക്കു സംശയം തീൎന്നുവല്ലോ. ബാക്കി സംഗതികളെല്ലാം ഞാൻ പറയാം. ഇങ്ങോട്ടു വരുവിൻ' എന്നു പറഞ്ഞ് രാജഭടന്മാരെ ഒരു ഏകാന്തസ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി വിലയുടെ കാൎയ്യം സംസാരിപ്പാനാണ് തട്ടാൻ ഭടന്മാരെ വിളിച്ചുകൊണ്ടു പോയതെന്നു വിശ്വസിച്ച് കോവലൻ അവിടെത്തന്നെ ഇരുന്നു.

നിഷ്ഠുരഹൃദയനായ തട്ടാൻ രാജഭടന്മാരെ നോക്കി 'ഹേ, ഭടന്മാരെ നിങ്ങൾക്കു തൃപ്തിയായില്ലെ ? അരമനച്ചിലമ്പു ഇതുതന്നെയാണ്. അതപഹരിച്ച കള്ളനും ഇവൻ തന്നെയാണ്' എന്നിങ്ങിനെ ലേശവും കൂസൽകൂടാതെ പറഞ്ഞു.

രാജഭടന്മാർ വിഷണ്ഡഭാവത്തോടെ അന്യോന്യം നോക്കി നില്പായി. അവൎക്കു തട്ടാന്റെ വാക്ക് വിശ്വസിപ്പാൻ കഴിഞ്ഞില്ല. 'മഹാ മനസ്കനും ഗാംഭീൎയ്യ നിധിയുമായ ഈ ഉത്തമ പുരുഷൻ ഒരിക്കലും ഒരു തസ്കരനാവാനിടയില്ല. അദ്ദേഹത്തിന്റെ മുഖം നിഷ്കളങ്കതയെ പ്രത്യക്ഷപ്പെടുത്തുന്നു. ഈ മനുഷ്യനെ കള്ളനാണെന്നു സംശയിക്കുന്നതുപോലും പാപമാണ്. അങ്ങിനെയിരിക്കെ ഈയാളെ കൊല്ലുന്നതെങ്ങിനെ ? കള്ളന്മാർ രാജഭടന്മാരെന്ന ശബ്ദത്താൽപോലും നടുങ്ങിയേക്കും. ഇദ്ദേഹമാവട്ടെ ചാഞ്ചലംകൂടാതെയാണു മറുവടി പറഞ്ഞത്. അദ്ദേഹത്തിന്റെ രൂപവും വാക്കും ഒരുപോലെ മനോഹരമായിരിക്കുന്നു' എന്നിങ്ങിനെ അവർ പലതും പറഞ്ഞുതുടങ്ങി. ഭടന്മാരുടെ

ഇപ്രകാരമുള്ള സംശയഭാവം വഞ്ചകനായ തട്ടാനെ വല്ലാതെ വിഷമിപ്പിച്ചു. എന്നിട്ടും അവൻെറ ഹൃദയത്തിൽ അണുഃപോലും ദയയോ, പാപഭയമോ ജനിക്കുകയുണ്ടായില്ല. അവൻ ഭടന്മാരെ നോക്കി ചിരിച്ചുംകൊണ്ടു 'ഹേ, സാധുക്കളെ, നിങ്ങൾ ഇങ്ങിനെയാണോ ധരിച്ചത്? തസ്കരന്മാരുടെ വശം എന്തെല്ലാം മായാജാലങ്ങളുണ്ടെന്നു നിങ്ങൾക്കറിയാമോ ? ജനങ്ങൾ നോക്കിനില്ക്കെ, അവരെ മായാവിദ്യകളാൽ മോഹിപ്പിച്ച് കളവുനടത്തുന്ന കള്ളന്മാരെപ്പററി ഞാൻ കേട്ടിട്ടുണ്ട്. രാജധാനിയിൽ കടന്നുചെന്നു മോഷ്ടിക്കുവാൻ ധൈൎയ്യപ്പെട്ട തസ്കരൻ രാജഭടന്മാരെക്കണ്ട് ഭയപ്പെടുമോ ? തൻെറ മനസ്സിലുള്ളതിനെ മറച്ചുവെക്കുവാൻ അവന്നു നല്ല പരിചയമുണ്ടാവും. പുറമെ മൎയ്യാദക്കാരാണെന്നു നടിക്കുന്നവരായിരിക്കും വലിയ കള്ളന്മാർ. മുഖത്തിൻെറ ഭംഗിയും വാക്കിൻെറ മധുരവും കണ്ടു ഭ്രമിച്ച് തിരിച്ചുപോകുവാനാണ് നിങ്ങൾ ഭാവിക്കുന്നതെങ്കിൽ അങ്ങിനെ ചെയ്തു കൊള്ളുവിൻ. അവൻ നിങ്ങളെ ഒരൊററ നോട്ടംകൊണ്ടു വശീകരിച്ചുവെന്നാണ് തോന്നുന്നതു. ഞാൻ എൻെറ ഭാരം ഒഴിച്ചു. രാജകല്പനക്കെതിരായി നടപ്പാൻ നിങ്ങൾക്കു ധൈൎയ്യമുള്ളപക്ഷം അങ്ങിനെ ചെയ്യുവിൻ. അതിൻെറ ഫലം അനുഭവിക്കുന്നതും നിങ്ങൾ തന്നെ ആയിരിക്കുമല്ലോ' എന്നു പറഞ്ഞു.

രാജഭടന്മാർ ധൎമ്മസങ്കടത്തിലായി. ഇരുതലകൊള്ളുത്തിയ തീക്കൊള്ളിയുടെ മദ്ധ്യത്തിലകപ്പെട്ട ഉറുമ്പെന്നപോലെ അവർ അങ്ങോട്ടും ഇങ്ങോട്ടും പോകുവാൻ തരമില്ലാ

ാതെ കുഴങ്ങി. രാജാജ്ഞയെ ധിക്കരിക്കുവാൻ അവൎക്കു ധൈൎയ്യമില്ല; കോവലനെ വധിപ്പാനും മനസ്സുവരുന്നില്ല. ഇങ്ങിനെ എന്തുചെയ്യേണമെന്നറിയാതെ നില്ക്കുന്ന സമയം അവരുടെ കൂട്ടത്തിൽ ധൈൎയ്യക്കാരനായ ഒരു ഭടൻ മററുള്ളവരെ നോക്കി 'ഹേ, സഹോദരന്മാരെ, ഈ തട്ടാൻ പറഞ്ഞതു വാസ്തവമായിരിക്കും. മുമ്പൊരിക്കൽ ഞാൻ ഗോപുരദ്വാരത്തിൽ പാറാവുനില്ക്കുന്നസമയം ഒരു കള്ളൻ നേരിട്ടുവന്ന് എൻെറ വക്കലുള്ള വാളും തട്ടിപ്പറിക്കയുണ്ടായി. ഞാൻ തിരിഞ്ഞുനോക്കുമ്പോഴേക്കും അവൻ മായമായിപ്പോയ്ക്കളഞ്ഞു. അതിനാൽ മായ പ്രയോഗിക്കുന്ന കള്ളന്മാരുണ്ട്. ഇവൻ അത്തരത്തിൽപെട്ടവനല്ലെന്നു എങ്ങിനെ നിശ്ചയിക്കാം? തട്ടാനാകട്ടെ ഇവൻ കള്ളനാണെന്നു ഉറപ്പു പറയുന്നു. വെറുതെ ഇവനെ കൊല്ലിച്ചതുകൊണ്ട് തട്ടാനു എന്താണു ലാഭം? നാം ഇപ്പോൾ സംശയത്താൽ ഇവനെ വിടുന്നപക്ഷം കഠിനമായ രാജകോപത്തിന്നു ഇരയായിതീരും. നേരെമറിച്ച് ഇവനെ കൊല്ലുന്നതുകൊണ്ട് നമുക്കു പാപം സംഭവിക്കുന്നതല്ല. രാജകല്പനപ്രകാരം നാം ചെയ്യുന്നതാകകൊണ്ട് അതിൻെറ ഫലം രാജാവിന്നുതന്നെയാണ്. നല്ലതായാലും ചീത്തയായാലും സംശയം കൂടാതെ നാം രാജാജ്ഞ നിറവേററുവാൻ ബാദ്ധ്യസ്ഥന്മാരാണ്' എന്നിങ്ങിനെ പറഞ്ഞു.

ഹാ, ദൈവമെ, പിന്നീടു നടന്ന ഘോരസംഭവം എങ്ങിനെ വിവരിക്കട്ടെ. അതിനെപ്പററി ചിന്തിക്കുമ്പോൾ കൂടിയും ദേഹം വിറക്കുകയും മനസ്സു തളരുകയും ചെയ്യുന്നു.

യാതൊരു കപടവും അറിയാത്ത കോവലൻ തൻെറ പ്രിയപത്നിയുടെ ചിന്തയിൽ മുഴുകി അവളെ ധ്യാനിച്ചു കൊണ്ടിരിക്കെ, പെട്ടെന്നു ഭടന്മാരിൽ ഒരുവൻ പിൻഭാഗത്തുകൂടെചെന്ന് കോവലൻെറ തലയെ ലക്ഷ്യമാക്കി വാളിനെ പ്രയോഗിച്ചു. തൽക്ഷണം കോവലൻെറ ശിരസ്സു താഴെ വീഴുകയും രക്തം പ്രവഹിച്ച് ആ സ്ഥലത്തെ മറക്കുകയും ചെയ്തു. തൽസമയം മധുരാരാജ്യത്തിൽ പലെ ദുന്നിമിത്തങ്ങളും കാണപ്പെട്ടു. ഭൂമി വിറക്കുകയും, കൊടുങ്കാററടിക്കുകയും, വാഹനമൃഗങ്ങൾ കണ്ണുനീർ തൂകുകയും, പാണ്ഡ്യരാജാവിൻെറ ചെങ്കോൽ ഇളകുകയുംചെയ്തു. രാജഭടന്മാരാകട്ടെ ചിലമ്പുംകൊണ്ട് രാജധാനിക്കു മടങ്ങി.

ഇങ്ങിനെയിരിക്കെ, രാജധാനിയിൽനിന്നും പെരുമ്പറയുടെ ശബ്ദം കേട്ടുതുടങ്ങി. ഇതു കേട്ടപ്പോൾ മാതരി തനിക്കു അന്നേദിവസം അരമനയിൽ നെയ്യ് അളക്കേണ്ടുന്ന മുറയാണെന്നു ഓമ്മിച്ച് അതിന്നുള്ള ഒരുക്കങ്ങൾ കൂട്ടി. കുറച്ചുനേരം കഴിഞ്ഞപ്പോൾ മാതരി വളരെ വ്യസനത്തോടെ തൻെറ മകളെ വിളിച്ച് ഇപ്രകാരം പറഞ്ഞു. 'എൻെറ മകളെ, നാം ഇന്നലെ ഉറയൊഴിച്ചുവെച്ച പാൽക്കുടങ്ങളിലൊന്നും ഉറകൂടിക്കാണുന്നില്ല. അടുപ്പിൽവെച്ച വെണ്ണ ഉരുകുന്നതുമില്ല. തൊഴുത്തിൽ നില്ക്കുന്ന കാളകൾ കണ്ണീർ പൊഴിക്കയും പശുക്കൾ ദേഹംനടുങ്ങി നിലവിളിക്കയുംചെയ്യുന്നു. ആട്ടിൻകുട്ടികൾ തുള്ളിച്ചാടിക്കളിക്കാതെ ചുരുണ്ടുകിടക്കുന്നു. ഈ വക ദുന്നിമിത്തങ്ങൾ എന്തോ ഒരു ആപത്തിനേയാണ് സൂചിപ്പിക്കുന്നതു. നമ്മുടെ ആപ

ത്തുകളെ നീക്കി രക്ഷിപ്പാൻ ഇടയവംശത്തിൽ ജനിച്ചുവല്ല ന്ന ഗോപാലകനായ ശ്രീകൃഷ്ണഭഗവാനോടപേക്ഷിക്കുകയേ നിവ്വാഹമുള്ളു. പൂൎവ്വനടവടിയനുസരിച്ച് അതു ഇപ്പോഠം തന്നെ ചെയ്യണം. നീ പുറമെ ചെന്ന് കുറെ ഗോപസ്ത്രീകളെ വിളിച്ചുകൊണ്ടു വരിക.'

ദുൎഗ്ഗ ഉടൻതന്നെ ഇടയത്തെരുവിൽച്ചെന്ന് കുറെ സ്ത്രീകളെ കൂട്ടിക്കൊണ്ടുവന്നു. അവരെല്ലാവരും വട്ടത്തിൽ നിന്ന് ശ്രീകൃഷ്ണൻെറ ബാലലീലകളേയും ശ്രീവിഷ്ണുവിൻെറ ദശാവതാരങ്ങളേയും ശ്രീഭഗവതിയുടെ വിവാഹത്തേയും മററും പാടിക്കളിച്ചു. അനന്തരം എല്ലാവരുംകൂടി തങ്ങളേയും ഗോകുലത്തേയും രക്ഷിപ്പാനായി കംസവൈരിയായ ഭഗവാനോടപേക്ഷിച്ചു. തദനന്തരം ശ്രീകൃഷ്ണന്നു പാൽപായസവും നവനീതവും നിവേദിക്കുന്നതിന്നു വേണ്ടപ്പെട്ട ഒരുക്കങ്ങഠം ചെയ്യാൻ ദുൎഗ്ഗയോടേല്പിച്ച് മാതരി വൈഗാനദിയിലേക്കു കുളിപ്പാൻ പോയി.

തൽസമയം മോരും തൈരും വില്പാനായി മധുരാനഗരത്തിൽ ചെന്നിരുന്ന ഒരു ഇടയസ്ത്രീ കോവലനെ കൊലചെയ്തതായി കേട്ട് പരിഭ്രമിച്ച് മാതരിയോടു വിവരം പറവാനായി ഓടി എത്തി. എന്നാൽ മാതരി പുറമെ പോയിരിക്കുന്നതായി ദുൎഗ്ഗ പറഞ്ഞറിഞ്ഞു. കണ്ണകിയോടു നേരിട്ടുചെന്നു പറവാൻ അവഠംക്കു ധൈൎയ്യം വന്നില്ല. അതുകൊണ്ടു അവഠം മാതരി കുളിച്ചുവരുന്ന വഴിയിൽച്ചെന്നു നിന്നു. കുറച്ചു കഴിയുമ്പോഴേക്കും മാതരി തിരിച്ചെത്തി.

ഗോപസ്ത്രീ പടിക്കൽവെച്ചുതന്നെ മാതരിയോടു വിവരം പറഞ്ഞു. രണ്ടുപേരും ഒരുപോലെ കരഞ്ഞുതുടങ്ങി.

ഒരു ഗോപസ്ത്രീ കരിഞ്ഞ മുഖത്തോടെ ഓടിവരുന്നതും പിന്നീട് തിരിച്ചുപോയി മാതരിയെക്കണ്ട് അവളോട് തന്നെ ചൂണ്ടിക്കാണിച്ച് എന്തോ പറയുന്നതും രണ്ടുപേരും നിന്നു കരയുന്നതും ദൂരത്തിലിരിക്കുന്ന കണ്ണകി കണ്ടു. പെട്ടെന്നു അവളൊന്നു നടുങ്ങി. ഹൃദയം അതിവേഗത്തിൽ അടിച്ചുതുടങ്ങി. എങ്കിലും ധൈര്യമവലംബിച്ച് പൊട്ടിപ്പോകുമോ എന്നു തോന്നുന്ന തന്റെ ഹൃദയത്തെ അമർത്തിപ്പിടിച്ചുകൊണ്ട് അവൾ പടിക്കലേക്കു നടന്നു. അവരുടെ സമീപത്തിൽ എത്തിയാറെ വ്യസനം നിറഞ്ഞുകവിയുന്ന ശബ്ദത്തിൽ ഗൽഗദാക്ഷരങ്ങളോടുകൂടെ ഈവിധം ചോദിച്ചു. 'ഹേ, സോദരി, നീ ഇപ്പോൾ മാതരിയോടു പറഞ്ഞ വ്യസനസംഗതി എന്താണ്? എന്നെക്കാണിച്ചു പറയുകകൊണ്ട് അതു എന്നെ സംബന്ധിച്ചതാണെന്നു തോന്നുന്നു. നിങ്ങൾ രണ്ടുപേരും എന്തുകൊണ്ടാണ് ഇങ്ങിനെ കരയുന്നതു? എന്നോടു പരമാൎത്ഥം പറയണം. ചിലമ്പുവില്പാനായിപോയ എന്റെ ഭൎത്താവ് ഇനിയും വന്നുകാണുന്നില്ല. വേഗത്തിൽ തിരിച്ചുവരാമെന്നു പറഞ്ഞുപോയ ജീവനാഥൻ ഇതേവരെ വന്നുകാണായ്കയാൽ എന്റെ മനസ്സു ആപൽശങ്കകൊണ്ടു തീയിലിട്ട മെഴുകെന്നപോലെ ഉരുകുന്നു. അദ്ദേഹം പോയതുമുതൽ ഞാൻ പലേ ദുൎല്ലക്ഷണങ്ങളും കാണുന്നുണ്ട്. പ്രേമോജ്വലമായ ആ സുന്ദരമുഖം കാണ്മാൻ ഞാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കയാണ്. എന്റെ

ഹൃദയം വല്ലാതെ തുടിക്കുന്നു. അതിനാൽ ദയവുചെയ്ത് വിവരം വേഗത്തിൽ പറയുക.

ഇതുകേട്ട ഗോപസ്ത്രീ അതിവ്യസനത്തോടെ കണ്ണകിയെനോക്കി 'പ്രിയ സഹോദരീ, ഞാൻ എങ്ങിനെ ആ സംഗതി ഭവതിയോടു പറയട്ടെ. പറയാതിരുന്നതുകൊണ്ടും ഫലമില്ല. ധൈര്യമവലംബിക്കുക. ഭവതിയുടെ ഭർത്താവ് ചിലമ്പുവില്പാൻ ചെന്നസമയം ആ ചിലമ്പു ഈയിടെ രാജധാനിയിൽനിന്നും കളവുപോയ ചിലമ്പിനൊത്തിരിക്കുന്നതിനാൽ അതു കട്ടതു അദ്ദേഹമാണെന്നു കരുതി രാജകല്പനപ്രകാരം രാജഭടന്മാരാൽ ഭവതിയുടെ ഭർത്താവു വധിക്കപ്പെട്ടു.' എന്നു ഒരുവിധം വിറച്ചുംകൊണ്ട് പറഞ്ഞു.

അതു മുഴുവനും കേൾക്കുന്നതിന്നു മുമ്പായി കണ്ണകി മോഹാലസ്യപ്പെട്ട് നിലത്തുവീണു. ഗോപസ്ത്രീകൾ അതിസങ്കടത്തോടെ അവളെയെടുത്ത് ഗൃഹത്തിലേക്കു കൊണ്ടുചെന്ന് ശീതോപചാരങ്ങൾ ചെയ്തു. കുറെനേരം കഴിഞ്ഞപ്പോൾ കണ്ണകിക്ക് സ്വബോധംവന്നു. അതോടുകൂടെ പലതും പറഞ്ഞ് തലയിലും മാറിലും അടിച്ചും കരഞ്ഞും നിലത്തുകിടന്നുരുണ്ടുതുടങ്ങി. 'ഹാ, ജഗദീശ്വരാ, ഞാൻ ഇതേവരെ അനുഭവിച്ച ഭർത്തൃവിരഹം പോരെന്നു കരുതിയാണോ എന്നെനോക്കുമായി എന്റെ ഭർത്താവിനെ പിരിച്ചതു? ഈ കഠിനദുഃഖം അനുഭവിപ്പാൻ ഞാൻ എന്തുപാപംചെയ്തു, ഭർത്താവിനെ ഈശ്വരനായിക്കരുതി ത്രിവിധകരണങ്ങളാൽ ഞാൻ പൂജിച്ചുവന്നതിന്റെ ഫലം ഈ കഠിനശിക്ഷയാണോ? എന്നെ ദുഃഖാനുഭവത്തിന്നു മാത്രമായിട്ടാണോ

ദൈവം സൃഷ്ടിച്ചതു? ഹാ, കഷ്ടം. നാടും വീടും ഉപേക്ഷിച്ച് ഭർത്താവിനെമാത്രം ഏകാവലംബനമായി കരുതിപ്പോന്ന അനന്യശരണയായ ഞാൻ എന്തു ചെയ്യട്ടെ! എവിടെപ്പോകട്ടെ! എന്തു ചെയ്താലാണ് എൻെറ മനസ്സു സമാധാനപ്പെടുക! പാണ്ഡ്യരാജാവിൻെറ വിചാരശൂന്യമായ കർമ്മം എൻെറ തലയിൽ തീക്കോരിയിട്ട് എന്നെ അഗതിയാക്കിത്തീർത്തുവല്ലോ. ഇനി ഈ ദേഹത്തെ വെച്ചുകൊണ്ടിരിക്കുന്നതിൽ പ്രയോജനമില്ല; എന്നിങ്ങിനെ പലതും പറഞ്ഞ് കല്ലുപോലും ദ്രവിക്കത്തക്കവിധം കരഞ്ഞു. ഇടക്കിടെ മോഹാലസ്യപ്പെട്ടും പിന്നെയും ഉണൎന്നു കരഞ്ഞും അഗ്നിമദ്ധ്യസ്ഥമായ കീടമെന്നപോലെ കിടന്നു പിടക്കുന്ന കണ്ണകിയെ നോക്കിനിന്നു കരയുവാനല്ലാതെ അവളെ സമാധാനിപ്പിപ്പാൻ ഗോപസ്ത്രീകൾക്കാൎക്കും ധൈൎയ്യമുണ്ടായില്ല. നാടും വീടും ഉപേക്ഷിച്ച് ഭർത്താവിൻെറ ഏകരക്ഷയിന്മേൽ അന്യരാജ്യത്തെ ശരണം പ്രാപിച്ച യുവതിയായ ഒരു അബല ഭർത്താവിൻെറ മരണവാർത്ത കേട്ടുണ്ടായ കഠിനകദനത്താൽ രോദിക്കുമ്പോൾ ആൎക്കു എന്തുതന്നെ പറയുവാൻ കഴിയും!

കുറെനേരം ഇങ്ങിനെ കഴിഞ്ഞു. പിന്നീടു കണ്ണകി അവിടെനിന്നും എഴുനീററ് തൻെറ ചുററുംനിന്നു കരയുന്ന ഗോപസ്ത്രീകളെനോക്കി 'ഹേ സഹോദരിമാരെ, ഈ മഹാപാപിയുമായുള്ള ചേർച്ച് നിങ്ങളെക്കൂടെ ഈവിധം വ്യസനിക്കുമാറാക്കി. എന്തുചെയ്യാം. ഞാൻ ഇപ്പോൾത്തന്നെ എൻെറ ദേഹത്തെ ത്യജിക്കുന്നതാണ് സതീധൎമ്മം. പ

ക്ഷെ എൻെറ ഭത്താവിൻെറ മരണം സ്വാഭാവികമായി വന്നുചേൎന്നതല്ല. എന്നു മാത്രമല്ല, അദ്ദേഹത്തിൻെറ മേൽ ഒരു മിഥ്യാപവാദം ചുമത്തിയുമിരിക്കുന്നു. അതിൻെറ യാഥാൎത്ഥ്യം തെളിയിച്ച് അദ്ദേഹത്തിൻെറ നിരപരാധത സ്ഥാപിക്കാത്തപക്ഷം ഈ ദുൎയ്യശസ്സു ലോകത്തിൽ നില നിന്നേക്കും. ഭൂലോകത്തിൽ ദുഷ്കീൎത്തി എത്രകാലം നിലനില്ക്കുന്നുവോ അത്രയുംകാലം നരകവാസം വേണ്ടിവരുമെന്നാണല്ലോ നമ്മുടെ പൂൎവ്വികന്മാർ പറഞ്ഞുകേട്ടിരിക്കുന്നതു. അദ്ദേഹത്തിൻെറ ദുൎയ്യശസ്സു നീക്കുവാൻ ഞാനല്ലാതെ മററാരും ഇല്ലതാനും. അദ്ദേഹം നിരപരാധിയാണെന്നു നിങ്ങൾ അറിയുമെങ്കിലും അതു ലോകരെക്കൂടെ ബോദ്ധ്യപ്പെടുത്തേണ്ടതു അദ്ദേഹത്തിൻെറ ധൎമ്മപത്നിയായ എൻെറ കടമയാണ്. അതിനാൽ അതു ചെയ്തുതീക്കുന്നതുവരെ ഞാൻ ഈ ദേഹത്തെ ചുമക്കാം. നിങ്ങളിൽ ആരെങ്കിലും ഇതിൻെറ യാഥാൎത്ഥ്യത്തെപ്പററി സംശയിക്കുന്നുണ്ടെങ്കിൽ ഇതാ കേട്ടുകൊള്ളുക' എന്നുപറഞ്ഞ് ആകാശത്തിൽ പ്രകാശിക്കുന്ന സൂൎയ്യനെനോക്കി 'ഹേ സൎവ്വസാക്ഷിയായ ആദിത്യഭഗവാനെ, എൻെറ ഭത്താവു ഒരു തസ്കരനാണോ?' എന്നു ചോദിച്ചു. ഉടനെ ആകാശത്തിൽനിന്നും 'ഹേ, വീരപത്നി, നിൻെറ ഭത്താവു നിരപരാധിയാണ്; തസ്കരനല്ല. അവനെ ഇപ്രകാരം അന്യായമായി വധിക്ക നിമിത്തം ഈ രാജ്യം കാലതാമസമന്യെ അ ധഃപതിക്കും; എന്നിങ്ങിനെ അശരീരോക്തി കേൾക്കുമാറായി. ഗോപസ്ത്രീകൾ ക

ണ്ണകിയുടെ ദിവ്യശക്തി കണ്ടത്ഭുതപ്പെട്ട് അവളുടെ കാല്ക്കൽ വീണു വണങ്ങി.

അതിന്നുശേഷം കണ്ണകി, കോവലൻ വശം വില്പാൻ കൊടുത്തയച്ച ചിലമ്പിന്നു ഇണയായി തന്റെ കാലിൽകിടന്ന മറ്റേ ചിലമ്പിനെ ഊരി കൈയ്യിൽപിടിച്ചുകൊണ്ട് തന്റെ ഭർത്താവിന്റെ ശവശരീരം കിടക്കുന്ന ദിക്കന്വേഷിച്ചു പുറപ്പെട്ടു. ശോകം മൂർത്തീകരിച്ചപോലെയിരിക്കുന്ന കണ്ണകിയെക്കണ്ട് നഗരവാസികൾ നടുങ്ങി. ചില സ്ത്രീകൾ അവളുടെ സമീപംചെന്ന് വിവരം ചോദിച്ചു. കണ്ണകി അവരോട് "ഹേ, സഹോദരിമാരെ, ഞാൻ അന്യരാജ്യത്തുള്ള ഒരു വൈശ്യന്റെ പത്നിയാണ്. എന്റെ ചിലമ്പുവില്പാനായിപോയ എന്റെ ഭർത്താവിനെ അതപഹരിപ്പാൻ വേണ്ടി ഈ നാട്ടുകാർ അദ്ദേഹത്തിൽ മോഷണക്കുറ്റം ചുമത്തി വധിപ്പിച്ചുകളഞ്ഞു. എന്റെ കൈയ്യിലുള്ള ഈ ചിലമ്പു അതിന്നിണയാണ്. ഇങ്ങിനെ ഒരു അന്യായകർമ്മം നിങ്ങൾ ഏതു ദിക്കിലെങ്കിലും കേട്ടിട്ടുണ്ടോ? സഹോദരിമാരെ, ഞാൻ എത്രയോ കഷ്ടതകളും സങ്കടവും അനുഭവിച്ചു. എന്നിട്ടും എന്റെ നിർഭാഗ്യത്തിന്നൊരവസാനമില്ല. നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കുന്നതിൽ പതിന്മടങ്ങു പ്രേമത്തോടെ ഞാൻ എന്റെ ജീവനാഥനെ ആരാധിക്കുന്നു. അദ്ദേഹത്തെ എന്റെ ജീവിതസർവ്വസ്വമായികരുതി നാടും വീടും വെടിഞ്ഞ് അദ്ദേഹത്തിന്റെ കാലടികളെ പിന്തുടൎന്നു ഇവിടെ എത്തി. ഈ രാജ്യത്തിലെ സ്വേച്ഛാഭരണം നിരപരാധിയായ അദ്ദേഹത്തെ കൊലപ്പെട്ട

ത്തി. ഈ വിരഹം സഹിക്കത്തക്കതാണോ? ഹാ, ദൈവമെ, ഇത്തരം ക്രൂരകൃത്യത്തിന്ന ശിക്ഷയില്ലെന്നോ? എന്ന പറഞ്ഞു.

കണ്ണകിയുടെ കഠിനദുഃഖത്തെ സമാധാനിപ്പിക്കുവാൻ വഴികാണാതെ അവർ അന്യോന്യം നോക്കി. 'മരണപൎയ്യന്തം വ്യസനസാഗരത്തിൽ ഇവളെ ആഴ്ത്തിയ പാണ്ഡ്യരാജാധിപത്യം ഇനി നിലനില്ക്കുമോ? ഇതിനാൽ എന്താപത്താണ് സംഭവിക്കുന്നതെന്നറിയുന്നില്ല. ഒററച്ചിലമ്പും കൈയ്യിലേന്തി നില്ക്കുന്ന ഇവൾ സാക്ഷാൽ ഭഗവതിയെപ്പോലെ ശോഭിക്കുന്നുവല്ലോ' എന്നും മററും പറഞ്ഞുതുടങ്ങി.

ഇതിന്നുശേഷം നഗരസ്ത്രീകളാൽ വഴികാട്ടപ്പെട്ട കണ്ണകി കോവലൻെറ ശവശരീരം കിടക്കുന്ന സ്ഥലത്തെത്തി. ആ ഭയങ്കരക്കാഴ്ച അവളുടെ രക്തനാഡികളെക്കൂടെ സ്തംഭിപ്പിച്ചുകളഞ്ഞതിനാൽ അവൾ കുറെനേരം നിൎന്നിമേഷയായി നിന്നു. സ്വല്പനേരം കഴിഞ്ഞപ്പോൾ തൻെറ ശോച്യസ്ഥിതി അവൾക്ക് ഓൎമ്മവന്നു. ഉടൻതന്നെ ഭൎത്താവിൻെറ രക്തം പുരണ്ട ദേഹത്തിൽ വീണു പ്രലപിച്ചുതുടങ്ങി. "ഹാ, നാഥാ, ഭവാനെ ഇനി ഞാൻ എന്നുകാണും. പ്രിയനാഥെ, അല്പനേരം തനിയെ ഇരിക്കേണ്ടിവരുന്നതിൽ വ്യസനിക്കരുത്. ചിലമ്പുവിററ് ഞാൻ വേഗത്തിൽ വരാം• എന്നുപറഞ്ഞ് എന്നെ ആശ്വസിപ്പിച്ചു പോയതല്ലെ? പ്രേമോജ്ജ്വലമായ ആ സുന്ദരമുഖം മേലിൽ എനിക്കു കാണ്മാൻ കഴിയുകയില്ലെന്നു ഞാൻ അപ്പോൾ അറിഞ്ഞില്ല

ല്ലോ. മാർഗ്ഗക്ലേശത്തേയും മററു ബുദ്ധിമുട്ടുകളേയും ഗണ്യമാക്കാതെ ഞാൻ ഭവാനെ പിന്തുടൎന്നതു ഈ ഘോരമായ കാഴ്ച കാണുവാനാണോ! പ്രിയ ഭൎത്താവെ, പുഷ്പതലത്തിൽ കിടക്കേണ്ടുന്ന ഭവാൻെറ കോമളകളേബരം ഇപ്രകാരം രക്തം പുരണ്ട് മണ്ണിൽ കിടക്കുന്നതു കണ്ടിട്ടും മന്ദഭാഗ്യയായ എൻെറ ഹൃദയം പൊട്ടിത്തകരുന്നില്ലല്ലോ. പ്രിയനാഥാ, അനന്യശരണയായ ഈ അബലയെ ആർവശം ഏല്പിച്ചിട്ടാണ് ഭവാൻ ഭൂലോകവാസം വെടിഞ്ഞതു? പാതിവ്രത്യമുള്ള സ്ത്രീകൾ സ്വരക്ഷക്കു മതിയാവുന്നതാണെന്നു ഭവാൻ മുൻകൂട്ടിപറഞ്ഞതു എനിക്കു വരുവാൻ പോകുന്ന അശരണതാത്തെ സൂചിപ്പിച്ചായിരുന്നുവോ? ഈ ഘോരസംഭവം ഞാൻ എങ്ങിനെ സഹിക്കട്ടെ. എൻെറ ജീവനെ ത്യജിക്കാമെന്നുവെച്ചാൽ എൻെറ ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന വൈരനിൎയ്യാതനേച്ഛ അതിന്നനുവദിക്കുന്നില്ല. എന്നെ ഈ വിധം അലഞ്ഞുനടക്കാറാക്കിയതും അകാലവൈധവ്യം വരുത്തിയതും ദുഷ്ടാഗ്രേസരനായ പാണ്ഡ്യരാജനാണല്ലോ. അവനെച്ചെന്നുകണ്ട് ഇതിന്നുതക്ക പ്രതികാരം ചെയ്യല്ലാതെ ഞാൻ അടങ്ങുന്നതല്ല. എൻെറ സകല സുഖങ്ങളും അവൻനിമിത്തം നശിച്ചു. അവൻെറ സകല ഐശ്വൎയ്യങ്ങളും രാജ്യവും ഞാൻ കാരണമായി നശിക്കണം. എൻെറ ഭൎത്താവിനെ അന്യായമായി വധിച്ചതിനെക്കണ്ട് ഞാൻ അടങ്ങിയിരിക്കുന്നതായാൽ ഭൎത്താവിൻെറ പേരിലുള്ള കളങ്കത്തെ കഴുകിക്കളെവാൻ ശ്രമിക്കാത്തതായ ഒരു മഹാപാപം എന്നെ ബാധിച്ചേക്കും, അതിനാൽ ഇതിൻെറ

പരമാൎത്ഥം ലോകസമക്ഷം വെളിപ്പെടുത്തി ഭൎത്താവിന്റെ നിരപരാധതയെ സ്ഥാപിക്കുകയാണ് എന്റെ പ്രഥമകൎത്തവ്യം' എന്നിങ്ങിനെ പലതും തന്നെത്താൻ പറഞ്ഞും കരഞ്ഞും കുറെനേരം കഴിച്ചു.

പിന്നീട് കണ്ണകി അവിടെനിന്നു എഴുനീററ് ശവശരീരത്തിൽ ദൃഷ്ടി പതിപ്പിച്ചുംകൊണ്ട് ചിന്താഗ്രസ്ഥയെന്നപോലെ അനങ്ങാതെ നിന്നു. ക്രമത്തിൽ അവളുടെ മുഖഭാവം പകൎന്നുതുടങ്ങി. ഇടവിടാതെ ഒഴുകിക്കൊണ്ടിരുന്ന കണ്ണുനീർ നിശ്ശേഷം വററി. നേത്രങ്ങൾ ക്രോധത്താൽ തീക്കനൽപോലെ ചുവന്നു. പുരികക്കൊടികൾ വളഞ്ഞു. നാസാഗ്രവും അധരവും വിറച്ചു. കോവലന്റെ ശവശരീരം നോക്കുന്തോറും അവളുടെ ക്രോധവും അത്യധികം വൎദ്ധിച്ചുവന്നു. ചുരുക്കി പറയുന്നതായാൽ അല്പനേരം മുമ്പ് ശോകമൂൎത്തിയായി കാണപ്പെട്ടിരുന്ന കണ്ണകി ക്ഷണനേരംകൊണ്ട് ഒരു ക്രോധമൂൎത്തിയായി പരിണമിച്ചു. അവളുടെ ശക്തിമത്തായ താപം കഠിന ക്രോധമായി മാറി. കണ്ണുകളിൽനിന്നു തീപ്പൊരി പറക്കുന്നതായി തോന്നി. അവൾ അത്യുഷ്ണമായി നിശ്വസിച്ചുംകൊണ്ട് ചിലമ്പിനേയുമെടുത്ത് പാണ്ഡ്യരാജാവിന്റെ രാജധാനി നോക്കി നടന്നു.

തത്സമയം അവൾ താൻ മുമ്പുകണ്ട സ്വപ്നത്തെ ഓൎത്തു. അല്പനേരം അതിനെപ്പററി ചിന്തിച്ചുകൊണ്ടു എന്തു വേണ്ടുവെന്നറിയാതെ അവിടെത്തന്നെ നിന്നു. വീണ്ടും മനസ്സിനെ ധൈൎയ്യപ്പെടുത്തി മുമ്പോട്ടു നടന്നു.

ഇങ്ങിനെയിരിക്കെ പാണ്ഡ്യരാജാവിന്റെ പട്ടമഹിഷി അന്തഃപ്പുരത്തിൽ ഉള്ള തന്റെ സഖിമാരെ വിളിച്ച്, 'സഖികളെ, ഞാൻ ഇന്നലെ രാത്രി അനവധി ദുസ്സ്വപ്നങ്ങൾ കണ്ടു. അവ എന്റെ മനസ്സിൽനിന്നു വിട്ടൊഴിയാതെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ വെൺകൊററക്കുടയും ചെങ്കോലും ചാഞ്ഞു വീണതായും അരമനവാതുക്കൽ കെട്ടിത്തൂക്കിയിരിക്കുന്ന ആപത്തിനെ അറിവുതരുന്ന മണി രാജ്യം വിറക്കത്തക്ക വിധം തുടരെത്തുടരെ അടിക്കുന്നതായും കൊടിക്കൂറ കീറിയതായും സൂൎയ്യനെ അന്ധകാരം വ്യാപിച്ചതായും രാത്രികാലത്തു മഴവില്ലു കാണപ്പെട്ടതായും പകൽസമയം കൊള്ളിമീൻ വീണതായും പിന്നേയും പല ദുസ്സ്വപ്നങ്ങളും കാണുകയുണ്ടായി. ഇവയെല്ലാം ആപൽസൂചകങ്ങളാണ്. രാജാവിന്നും രാജ്യത്തിന്നും എന്തോ ആപത്തു അടുത്തിരിക്കുന്നതായി എനിക്കു തോന്നുന്നു. ഇതെല്ലാം രാജാവിനെ അറിയിച്ച് തക്ക പ്രതിവിധി ഉടനെ ചെയ്യിക്കണം. അതിന്നു നമുക്ക് രാജസമീപം പോകുക' എന്നു പറഞ്ഞു സഖിമാരോടുകൂടെ രാജസഭയിൽചെന്ന് സ്വപ്നവൃത്താന്തങ്ങൾ അറിയിച്ചു.

കണ്ണകി നേരെ രാജധാനിക്കു ചെന്നു. ക്രോധത്താൽ മതിമറന്ന് ഒററച്ചിലമ്പും കയ്യിലേന്തി നടന്നുചെല്ലുന്ന കണ്ണകിയെക്കണ്ട് ജനങ്ങൾ ഭയപ്പെട്ടുവിറച്ചു. സകലരുടേയും സംസാരവിഷയം കണ്ണകിയെപ്പററിയായിത്തീൎന്നു. ക്ഷണത്തിൽ ഈ വൃത്താന്തം നഗരമെങ്ങും പരന്നു. രാജധാനിവാതുക്കൽ ജനങ്ങൾ വന്നു കൂടിത്തുടങ്ങി. കണ്ണകി രാജധാ

നിയുടെ വാതുക്കൽ ചെന്ന് ദ്വാരപാലകനെ നോക്കി 'ഹേ ദ്വാരപാലാ, ദുഷ്ടാഗ്രേസരനായ നിൻെറ രാജാവിനെ കാണ്മാനായി അവൻെറ അക്രമ ആജ്ഞ നിമിത്തം വൈധവ്യം പ്രാപിച്ച ഒരു സ്ത്രീ വന്നിരിക്കുന്നതായി അറിയിക്കുക' എന്നു പറഞ്ഞു.

കണ്ണകിയുടെ ക്രോധസമ്മിശ്രമായ വാക്കുകേട്ട് ഭയപ്പെട്ട ദ്വാരപാലൻ ബദ്ധപ്പെട്ടു ചെന്നു രാജാവിനെ വണങ്ങി 'മഹാ പ്രഭോ, ഗോപുരദ്വാരത്തിൽ ഒരു സ്ത്രീ വന്നു നില്ക്കുന്നു. അവൾക്ക് അടിയന്തരമായി ഭവാനെ കാണേണമെന്നു പറയുന്നു. അവൾ മഹിഷാസുരനെ കൊലചെയ്ത ചണ്ഡികയോ, ദാരികനെ വധിച്ച ഭദ്രകാളിയോ എന്നു സംശയിക്കത്തക്കവിധം ക്രോധം മൂർത്തീകരിച്ചതുപോലെ കാണപ്പെടുന്നു. കയ്യിൽ ഒരു ചിലമ്പും ഉണ്ട്. വിധവയാണെന്നും തോന്നും' എന്നു പറഞ്ഞു.

'എന്നെക്കാണേണമെന്നുണ്ടെങ്കിൽ വരുവാൻ പറയുക' എന്നിങ്ങിനെ രാജാവിനാൽ അനുജ്ഞ നൽകപ്പെട്ട ശേഷം കണ്ണകി രാജസഭയിലേക്കു ചെന്നു.

രാജാവ്:—ഭവതി ആരാണ് ? എന്നെ കാണേണമെന്നു ആവശ്യപ്പെട്ടതു എന്തിനായിട്ടാണ് ?.

കണ്ണകി:—ഹേ രാജാധമനായ പാണ്ഡ്യാ, കേട്ടുകൊള്ളുക. പൂർവ്വകാലത്ത് ഒരു കപോതത്തിൻെറ ജീവനെ രക്ഷിപ്പാനായി സ്വദേഹമാംസത്തെ നിസ്സംശയം അരുത്തുകൊടുത്ത ശിബി ചക്രവർത്തിയുടെ നാട്ടിലുള്ളവളാണ ഞാൻ. രാജനീതി തെററാതെ രാജ്യഭാരം ചെയ്യുന്ന ചോളരാജാ

വിൻെറ പ്രജയും ധാമ്മികനായ മാചാതൻമാനെന്ന വണിക്ശ്രേഷ്ഠൻെറ സ്നഷയുമാണ്. എൻെറ കാൽചിലമ്പു വില്പാനായി ഈ മധുരാപട്ടണത്തിൽ വന്ന് നിൻെറ അന്യായാജ്ഞക്കു ഇരയായിഭവിച്ച കോവലൻെറ ധമ്മപത്നിതാണു ഞാൻ. എൻെറ പേർ കണ്ണകിയെന്നാണ്.

രാജാവ്:—ഭവതി ഈ പറഞ്ഞതെല്ലാം വാസ്തവമായിരിക്കാം. എന്നാൽ എൻെറ അന്യായ ആജ്ഞയെന്നു പറഞ്ഞതിൻെറ അത്ഥം എനിക്കു മനസ്സിലാകുന്നില്ല. കള്ളനെ ശിക്ഷിക്കുന്നതു അന്യായമാണോ? സൂക്ഷ്മം ധരിക്കാതെയാണ് ഭവതി ഇപ്രകാരമെല്ലാം എന്നെ അധിക്ഷേപിക്കുന്നതു. പക്ഷെ ഭവതിയുടെ തല്ക്കാലത്തെ ശോച്യസ്ഥിതിയോത്ത് ഞാൻ അതിന്നു മാപ്പുതരുന്നു.

കണ്ണകി:—മൂർഖനായ പാണ്ഡ്യാ, നിൻെറ ഹൃദയത്തിൽ ദയക്കും ഇരുപ്പിടമുണ്ടോ? സൂക്ഷ്മം ധരിക്കാതെ പറയുന്നതു ഞാനാണെന്നോ? അതു ഞാൻ നിനക്കു ബോദ്ധ്യപ്പെടുത്തിത്തരാം. സംശയം തെളിയത്തക്ക വിധത്തിൽ വിചാരണ ചെയ്യാതെ ശിക്ഷിക്കുന്നതു സ്വേച്ഛാഭരണമോ, അതോ ന്യായമായ ഭരണമോ? ഏതു ഭരണശാസ്ത്രത്തിലാണ് തെളിവെടുക്കാതെ ശിക്ഷിക്കേണമെന്നു പറഞ്ഞിരിക്കുന്നതു? ഏതു രാജ്യഭരണതന്ത്രജ്ഞന്മാരാണ് അതിനെ ആദരിച്ചിരിക്കുന്നതു? നിണക്കു ഭരണതന്ത്രം യാതൊന്നും അറിവില്ലെങ്കിൽ അറിവുള്ളവരോടു ആലോചിച്ചു വേണ്ടെ അന്യായാജ്ഞ നൽകുവാൻ. ഹേ, ദുഷ്ടാ! നീ ചെയ്ത പ്രവൃത്തിയുടെ ഭയങ്കരത നീ അറിയുന്നുണ്ടോ? തെററു

ചെയ്താൽ അതിനെ ശരിപ്പെടുത്തത്തക്ക പ്രാപ്തി നിനക്കു ണ്ടായിരുന്നെങ്കിൽ വിരോധമില്ലായിരുന്നു. നീ ചെയ്തതു അന്യായമാണെന്നും വധിച്ചതു നിരപരാധിയെയാണെന്നും ഞാൻ തെളിയിച്ചാൽ എന്റെ ഭത്താവിന്റെ ജീവനെ വീണ്ടുതരുവാൻ നിന്നാൽ സാദ്ധ്യമാണൊ? ഹേ, മൂഢാ ക്രൂരകമ്മം പ്രവത്തിക്കുന്നതു വളരെ ആലോചിച്ചു വേണമെന്നെങ്കിലും നിനക്കറിഞ്ഞുകൂടെ? നിന്നെ അനുകരിച്ചല്ലെ നിന്റെ പ്രജകളും പ്രവത്തിക്കുക. ധമ്മനിഷ്ഠനായ രാജാവു ഭരിക്കുന്ന രാജ്യം സുഖസമൃദ്ധമായിരിക്കും. ദുർഭിക്ഷവും മഹാവ്യാധികളും അവിടെ ഉണ്ടാകുകയില്ല. രാജാവാണ് കാലത്തിന്നു കാരണമെന്നു പുരാണാദികൾ വിളിച്ചു പറയുന്നു. നിന്റെ പൂർവ്വീകർ എത്ര ധമ്മമായി രാജ്യം ഭരിച്ചു. അവരുടെ കീത്തിക്കു മലിനത ചേപ്പാനായിട്ടാണോ നിന്റെ അവതാരം? ഹേ രാജാധമാ, നീ നിമിത്തം എന്റെ സവ്വ സുഖവും നശിച്ചു. ഞാൻ ജീവന്മൃതയായി തീന്നു. നിരപരാധിയും നിഷ്കളങ്കഹൃദയനും സത്യവാനുമായ എന്റെ ഭത്താവിൽ മോഷണക്കുററം അന്യായമായി ആരോപിച്ചു അദ്ദേഹത്തിന്റെ യശസ്സിന്നു നീ കളങ്കമുണ്ടാക്കിത്തീത്തു. നാടും വീടും ഉപേക്ഷിച്ചു നിന്റെ രാജ്യത്തിൽ അഭയം പ്രാപിച്ച ഈ സാധു ദമ്പതിമാരെ നീ നിർദ്ദയം നശിപ്പിച്ചു കളഞ്ഞുവല്ലൊ. ശരണാഗതന്മാരെ സ്വജീവനെ ഉപേക്ഷിച്ചും രക്ഷിക്കുന്നതാണ് രാജധമ്മം. നിന്റെ പ്രവൃത്തിയോ തീരെ വിപരീതമായിരിക്കുന്നു. നിന്റെ ധമ്മനിഷ്ഠ ഞാൻ ഇപ്പോൾ സമ്മുമ്പാകെ പ്രത്യക്ഷപ്പെടുത്തി

യേക്കാം. നിൻെറ പട്ടമഹിഷിയുടെ ചിലമ്പിനേയും എൻെറ ഭർത്താവിങ്കൽനിന്നും നീ അപഹരിച്ച ചിലമ്പിനേയും കൊണ്ടുവരുവാനാജ്ഞാപിക്കുക. എൻെറ ചിലമ്പിന്നുള്ളിൽ ഇട്ടിരിക്കുന്ന തരി മാണിക്യക്കല്ലുകളാണ്. രാജ്ഞിയുടെ ചിലമ്പിൽ എന്താണ്? അതു പരിശോധിച്ചാൽ സത്യമറിയാം.

രാജാവ്:—അങ്ങിനെ തന്നെ. രാജ്ഞിയുടെ ചിലമ്പിന്നുള്ളിൽ മുത്തുകളാണ് ഇട്ടിരിക്കുന്നതു, എന്നു പറഞ്ഞു, കോവലൻെറ പക്കൽനിന്നും കിട്ടിയ ചിലമ്പു കൊണ്ടുവരുവാൻ ഭടന്മാരോടു ആജ്ഞാപിച്ചു. അതുപ്രകാരം അവർ കൊണ്ടുവന്ന ചിലമ്പിനെ വാങ്ങി കണ്ണകി കൈകൊണ്ട് അമർത്തിപ്പൊട്ടിച്ചു. അതിൽനിന്നും മാണിക്യക്കല്ലുകൾ അതിശോഭയോടെ നിലത്തു പതിച്ചു. കണ്ണകി കഠിനകോപത്തോടെ 'ഹേ പാണ്ഡ്യാ, നോക്കുക. ഈ ചിലമ്പ് എൻേറതാണെന്നു ഇപ്പോൾ തീർച്ചപ്പെട്ടില്ലേ? നീ എന്തു കുററത്തിന്നാണ് എൻെറ ഭർത്താവിനെ വധിപ്പിച്ചത്? ഞാൻ തെററിദ്ധരിച്ചു പറയുകയാണെന്നു ഇനിയും നീ പറയുന്നുവോ? എൻെറ ഭർത്താവ് കള്ളനോ നിരപരാധിയോ? എന്ന് അത്യുച്ചത്തിൽ ചോദിച്ചു.

തൽസമയം സാക്ഷാൽ ഭദ്രകാളിയുടെ രൂപം കണ്ണകിയിൽ പ്രത്യക്ഷപ്പെട്ടുകണ്ട് കാണികൾ നടുങ്ങി. അവളുടെ കണ്ണുകളിൽനിന്നു തീപ്പൊരി പറക്കുന്നതായി തോന്നി. സഭ നിശ്ശബ്ദമായി തീൎന്നു.

ക്രുദ്ധയായ കണ്ണകിയുടെ ഭയങ്കരരൂപത്തേയും തന്റെ ന്യായരഹിതമായ കഠോരകമ്മത്തേയുംപ്രത്യക്ഷമായി കണ്ടറിഞ്ഞ പാണ്ഡ്യരാജാവ് ഭയപ്പെട്ടു വിറച്ചു. ഹാ ദൈവമെ വഞ്ചകനായ തട്ടാനെ വിശ്വസിച്ച് ഞാൻ അന്യായം പ്രവത്തിച്ചുപോയി. എന്റെ സ്വന്തനാശത്തെ ഞാൻ ഗണ്യമാക്കുന്നില്ല. പൂർവ്വീകരുടെ യശസ്സു ഞാൻ നിമിത്തം കളങ്കപ്പെട്ടതിലാണ് എനിക്കു വ്യസനം തോന്നുന്നത്! അതിന്നു പുറമെ പതിവ്രതയുടെ നേൎക്കു അപരാധം പ്രവത്തിച്ച മഹാപാപത്തിന്നും ഞാൻ പാത്രമായിതീൎന്നു. ഇനി ഞാൻ എന്തിനു ജീവിക്കുന്നു? എന്നിങ്ങിനെ പറഞ്ഞ് കൈയ്യിൽ ചിലമ്പേന്തി തലമുടി പിരിച്ചിട്ടു ഭദ്രകാളിസ്വരൂപം ധരിച്ച് ലോകത്തെത്തന്നേയും ദഹിപ്പിക്കത്തക്ക കഠിനകോപത്തോടെ തന്നെ നോക്കിനില്ക്കുന്ന കണ്ണകിയിൽ ദൃഷ്ടിയുറപ്പിച്ചു മോഹാലസ്യപ്പെട്ട് സിംഹാസനത്തിൽ നിന്നും നിലത്തു പതിച്ച് മരിച്ചു.

ഇതെല്ലാം കണ്ടുംകൊണ്ടിരുന്ന മഹാരാജ്ഞി ഭയത്താലും വ്യസനത്താലും പരവശയായി എഴുന്നീററു ചെന്നു കണ്ണകിയുടെ കാല്ക്കൽ വീണു. 'അമ്മേ, ദേവി, അറിയാതെ ചെയ്തുപോയ അപരാധം ക്ഷമിക്കുക. ഭത്താവു മരിച്ചാൽ സ്ത്രീകൾക്കു വേറെ ഗതിയില്ലെന്നു ഭവതിക്കറിയാമല്ലോ. അതിനാൽ ദയവുചെയ്തു കോപത്തെ ശമിപ്പിച്ചു എന്റെ ഭത്താവിനെ രക്ഷിച്ച് എനിക്കു മാംഗല്യഭിക്ഷ നൽകുക. ഭവതിക്ക് യാതൊന്നും അസാദ്ധ്യമല്ല.' എന്നിങ്ങിനെ കരഞ്ഞപേക്ഷിച്ചു.

കണ്ണകി രാജ്ഞിയെ നോക്കി 'ഹേ രാജ്ഞി, ഞാൻ നിൻെറ ഭൎത്താവിനെ യാതൊന്നും ശിക്ഷിക്കുകയുണ്ടായിട്ടില്ല. പാപം ചെയ്യുവർ അതിൻെറ ഫലമനുഭവിക്കുന്നതു സൎവ്വസാധാരണമാണ്. ആ ലോകനിയതിക്ക് നിൻെറ ഭൎത്താവ് ഇരയായിത്തീൎന്നതാണ്. സ്ത്രീകൾക്കു ഗതി ഭൎത്താവു മാത്രമാണെന്നു അറിഞ്ഞിരിക്കെ നീ ഏതുപ്രകാരമാണ് എന്നോടു ക്ഷമിപ്പാനാവശ്യപ്പെടുന്നത്? ഭൎത്തൃമരണം സാധാരണരീതിയിലായിരുന്നാൽ കൂടിയും ദുസ്സഹമാണ്. എന്നിരിക്കെ ഇപ്രകാരം കഠോരശിക്ഷക്കു പാത്രീഭവിച്ചു ദുൎമ്മരണം പ്രാപിച്ച എൻെറ ഭൎത്താവിൻെറ വിയോഗം സഹിക്കത്തക്കതാണോ? ഹേ രാജ്ഞി, എൻെറ സങ്കടം ഞാൻ ഞാൻ പണിപ്പെട്ടു സഹിക്കുവാൻ ശ്രമിക്കാം. എന്നാൽ എൻെറ ഹൃദയത്തിൽ നിറഞ്ഞു വഴിയുന്ന വൈരനിൎയ്യാതനേഛ ഒതുക്കി നിൎത്തുവാൻ ഞാൻ ശക്തയല്ല. എൻെറ ദേഹം വിറക്കുന്നു. കോപം എൻെറ ഹൃദയത്തെ പിടിച്ചു താഴ്ത്തുന്നു. ഈ അക്രമഭരണം നടക്കുന്ന മധുരാരാജ്യത്തെ ഞാൻ വെറുതെ വിടുമെന്നു നീ സംശയിക്കേണ്ട. രാജാവു മരിച്ചു കഴിഞ്ഞു. ഞാൻ പാതിവ്രത്യമുള്ളവളാണെങ്കിൽ ഈ രാജാവിൻെറ മരണത്തോടുകൂടി ദുഷ്ടന്മാർ നിറഞ്ഞ ഈ മധുരയേയും നശിപ്പിക്കുമെന്നു തീൎച്ചയാണ്. ഈ അക്രമം കണ്ടു സഹിപ്പാൻ സാധിക്കുന്നതല്ല. എൻെറ ശക്തി കണ്ടുകൊള്ളുക." എന്നിങ്ങിനെ വീരാവേശത്തോടെ പറഞ്ഞ് തൻെറ വക്കലുണ്ടായിരുന്ന ഒററച്ചിലമ്പിനെ

രാജ്ഞിയുടെ മുമ്പാകെ വീശിയെറിഞ്ഞു അതിരൌദ്രഭാവത്തിൽ രാജധാനി വിട്ട് പുറത്തിറങ്ങി.

ഇവയെല്ലാം കണ്ണകി പറഞ്ഞു തീൻ ഉടൻ തന്നെ രാജ്ഞി ഭർത്തൃകളേബരത്തിൽ പതിച്ച് ജീവത്യാഗം ചെയ്തു.

ക്രുദ്ധയായ കണ്ണകി നേരെ നടന്നു ഒരു തെരുവീഥിയുടെ അററത്തു ചെന്നുനിന്നു 'ഹേ ദേവന്മാരെ, തപസ്വികളെ, എല്ലാവരും കേട്ടുകൊൾവിൻ! ഞാൻ പതിപരായണയായ സാദ്ധ്വിയാണെങ്കിലും എൻെറ ഭർത്താവായ കോവലൻ നിരപരാധിയാണെങ്കിലും ഈ മധുരാപട്ടണം തീപ്പിടിച്ചു നശിക്കട്ടെ' എന്നു പറഞ്ഞ് മൂന്നു പ്രദിക്ഷണം വെച്ച് വലത്തെ കൈകൊണ്ട് തൻെറ ഇടത്തെ സ്തനത്തെ പറിച്ചെടുത്ത് ഊക്കോടെ വീശി എറിഞ്ഞു. രക്തം മാറിൽനിന്നും ധാരമുറിയാതെ ഒഴുകിത്തുടങ്ങി. ദുസ്സഹമായ വേദനയും തോന്നി. തൽസമയം നഗരത്തിൽ വെണ്ണവില്ലാൻ പോയിരുന്ന ഒരു ഇടയസ്ത്രീ ഇതുകണ്ട് പരിഭ്രമത്തോടെ ഓടിവന്നു കുറെ വെണ്ണയെടുത്ത് കണ്ണകിയുടെ മാറത്തുപററിച്ച് തൻെറ പുടവത്തുമ്പുകൊണ്ട് വീശിത്തുടങ്ങി. തന്നെ ഇപ്രകാരം ആശ്വസിപ്പിച്ച ഗോപസ്ത്രീയെ കണ്ണകി കൃപാദൃഷ്ടിയാൽ വീക്ഷിച്ചു. 'സഹോദരി' നിൻെറ ഈ ഉചിതകൃത്യത്തിന്നു തക്കഫലം നിനക്കുലഭിക്കും. എന്നെ പല വിധത്തിലും സഹായിച്ച ഇടയവർഗ്ഗം മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കട്ടെ. ഏതു തെരുവുകൾ തീപ്പിടിച്ചു നശിച്ചാലും ഇടയത്തെരുവിൽ അഗ്നി ബാധിക്കുന്നതല്ല. എന്നിങ്ങിനെ അവളെ അനുഗ്രഹിച്ചു. തൽസമയം അഗ്നിഭഗവാൻ ബ്രാഹ്മ

ണവേഷം ധരിച്ച് അവിടെ പ്രത്യക്ഷമായി. അദ്ദേഹം കണ്ണകിയോട് 'ഹേ വീരപത്നി' ഞാൻ അഗ്നി ദേവനാണ്. ഭവതി കോപിക്കുന്ന കാലത്ത് ഈ പട്ടണത്തെ നശിപ്പിക്കുവാൻ എനിക്കു മുമ്പുതന്നെ ആജ്ഞ ലഭിച്ചിട്ടുണ്ട്. ഈ രാജ്യത്തിൽ രക്ഷിക്കപ്പെടേണ്ടവർ ആരെങ്കിലുമുണ്ടെങ്കിൽ പറയുക; അവരെ ഞാൻ വിട്ടേക്കാം എന്നു പറഞ്ഞു.

"സദ്വൃത്തരായ ബ്രാഹ്മണരേയും ധർമ്മപരന്മാരേയും ഈശ്വരഭക്തന്മാരേയും പതിവ്രതകളേയും വൃദ്ധരേയും ബാലരേയും പശുക്കളേയും വിട്ടുകളയുക. ക്ഷേത്രങ്ങളും മഠങ്ങളും ഇടയത്തെരുവും നശിക്കരുത്. ചുരുക്കിപ്പറയുന്നതായാൽ ദുഷ്ടന്മാരെയെല്ലാം ജാതിമതഭേദമന്യേ നശിപ്പിക്കുക" എന്നിങ്ങിനെ കണ്ണകി മറുവടി പറഞ്ഞു. ബ്രാഹ്മണൻ മറയുകയും ചെയ്തു.

കണ്ണകിയുടെ സ്തനം ചെന്നുവീണ ദിക്കിൽനിന്നും തീയുത്ഭവിച്ച് നഗരമെങ്ങും വ്യാപിച്ചുകത്തിത്തുടങ്ങി. നഗരരക്ഷകരായ ദേവതകൾ, രാജാവിന്റെ ധർമ്മം പിഴച്ചുള്ള നടവടിയും പ്രജകളുടെ ദുർവൃത്തികളും കണ്ട് മുമ്പുതന്നെ അവിടം വിട്ടിരിക്കുന്നു. രാജാവും പത്നിയും മരിച്ചശേഷം അവിടെ വന്നു കൂടി അനന്തര കൃത്യങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്ന മന്ത്രികളും രാജപരിവാരങ്ങളും രാജധാനി തീപ്പിടിച്ചതറിഞ്ഞ് പരിഭ്രമിച്ച് പുറത്തേക്കു ഓടി. നാലുഭാഗവും ഒരു പോലെ അഗ്നി ബാധിച്ചിരിക്കുന്നതായി കണ്ട് രക്ഷപ്പെടാൻ വഴികാണാതെ ജനങ്ങൾ നിലവിളിതുടങ്ങി. ആന, കുതിര മുതലായ വാഹനമൃഗങ്ങൾ ഓടി നഗ

രത്തിന്നു പുറമെ ചെന്നുരക്ഷപ്പെട്ടു. പശുക്കളെല്ലാം ഇടയ ത്തെരുവിനെ അഭയംപ്രാപിച്ചു. സ്ത്രീപുരുഷന്മാർ സ്വാശി ശ്രുക്കളെയെടുത്ത് പുറത്തേക്കുപാഞ്ഞു. പതിവ്രതാശിരോ മണിയായ കണ്ണകിക്ക് അപരാധം ചെയ്ത പാണ്ഡ്യരാജാ വിനെ ശപിച്ചും കണ്ണകിയെസ്തുതിച്ചും വൃദ്ധജനങ്ങൾ പുറ ത്തുകടന്നു രക്ഷപ്പെട്ടു. സജ്ജനങ്ങൾക്കെല്ലാം അഗ്നിവഴിമാ റിക്കൊടുത്തു. ദുർജ്ജനങ്ങൾ ഒന്നൊഴിയാതെ അഗ്നിയിൽ പെട്ടുനശിക്കയും ചെയ്തു. തെരുവീഥികളും അങ്ങാടികളും രഥവീഥിയും, വാസഗൃഹങ്ങളും അഗ്നിക്കിരയായിത്തീൎന്നു. ഏറ്റിന്നധികം പറയുന്നു. കുറച്ചുനേരത്തിലകം മധുരാന ഗരം ഭസ്മാവശേഷമായി പരിണമിച്ചു. പെരുമ്പറകളുടേ യും വാദ്യഘോഷങ്ങളുടേയും ശബ്ദം കേൾക്കാതായി. വേദ ധ്വനിയും സംസാരശബ്ദവും നിലച്ചു. വിളക്കും വെളിച്ചവു മില്ലാതെ നഗരം അന്ധകാരത്തിൽ ലയിച്ചു. നിശ്ശബ്ദത സ ൎവ്വത്ര കുടികൊണ്ടു.

കണ്ണകി ഇതെല്ലാം നിൎന്നിമേഷയായി നോക്കിക്കൊ ണ്ട് അനങ്ങാതെനിന്നു. മധുര മുഴുവനും അഗ്നിക്കിരയായി ത്തീൎന്നപ്പോൾ അവൾ അവിടെനിന്നും പുറപ്പെട്ടു. അഗ്നി തന്റെ ധൂമത്തെ പുറത്തേക്കു വമിക്കുന്നതുപോലെ അത്യു ഷ്ണമായി നിശ്വസിച്ചുംകൊണ്ട് ആ നശിച്ച തെരുവീഥി കളിൽ ഏകാകിയായി കുറെ നേരം അങ്ങുമിങ്ങും അലഞ്ഞു നടന്നു. പിന്നീട് നേരെ പടിഞ്ഞാറെ ഭാഗത്തേക്കു ചെ ന്നു. ഗോപുരദ്വാരത്തിലെത്തിയ സമയം തന്റെ കൈയ്യി ലുള്ള വളകളും കഴുത്തിലെ മാംഗല്യസൂത്രവും മററാഭരണ

ങ്ങളും പൊട്ടിച്ച് അവരം ദൂരെ എറിഞ്ഞു. 'എൻെറ ഭത്താവൊടൊപ്പം കിഴക്കെ ഗോപുരദ്വാരത്തിൽ കൂടെ മധുരക്കകത്തു പ്രവേശിച്ച ഞാൻ, വിധവയായി, ഏകാകിയായി പടിഞ്ഞാറെ ഗോപുരം കടക്കേണ്ടിവന്നുവല്ലോ' എന്നിങ്ങിനെ തന്നെത്താൻ പറഞ്ഞു വ്യസനിച്ചുകൊണ്ട് അവരം സ്വല്പനേരം അവിടെനിന്നു.

തൽസമയം മധുരാപുരവാസിനിയായ ശ്രീ ഭഗവതി അവിടെ പ്രത്യക്ഷീഭവിച്ചു. കണ്ണകിയുടെ മുമ്പിൽ ചെല്ലുവാൻ ധൈയ്യംവരാതെ അവളുടെ പിൻഭാഗത്തു ചെന്നുനിന്ന്, ഹേ വീരപത്നി, എന്തിന്നു വ്യസനിക്കുന്നു? എന്നിങ്ങിനെ മൃദുസ്വരത്തിൽ ചോദിച്ചു. കണ്ണകി വലത്തുഭാഗത്തേക്കു തിരിഞ്ഞുനോക്കി. 'ആരാണ് എൻെറ പിന്നിൽ നില്ക്കുന്നത്; എനിക്കു സംഭവിച്ച ആപത്തു നീ അറിഞ്ഞിട്ടുണ്ടോ? എന്നു ഉഗ്രസ്വരത്തിൽ ചോദിച്ചു.

കണ്ണകിയുടെ കോപം ഇനിയും ശമിച്ചിട്ടില്ലെന്നറിഞ്ഞ ശ്രീ ഭഗവതി അതിശാന്തതയോടെ 'ഹേസ്ത്രീരത്നമെ, കോപം ത്യജിക്കുക. ഞാൻ മധുരാപുരി വാസിനിയായ ദേവിയാണ്. ഭവതിക്കു നേരിട്ട അത്യാപത്തു ഞാൻ അറിഞ്ഞു. അതിൽ മനഃപൂവ്വം ഞാൻ അനുശോചിക്കുന്നു. പൂവ്വകമ്മഫലത്താലാണ് കോവലന്നു ഈ വിധം ദുമ്മരണം സംഭവിച്ചതു. പണ്ടൊരിക്കൽ കലിംഗരാജ്യത്തിനോട്ട ചേന്ന സിംഹപുരത്തിലെ രാജാവായ വസുവിന്നും കപിലപുരരാജാവായ കുമാരന്നും തമ്മിൽ യുദ്ധം നടക്കുകയുണ്ടായി. അക്കാലത്ത് ഒരു രാജ്യത്തിലെ പ്രജകരം മററു രാജ്യത്തിലേക്കു ഭയം

നിമിത്തം സാധാരണ പോകാറില്ലായിരുന്നു. അങ്ങിനെയിരിക്കെ സംഗമൻ എന്ന ഒരു വൈശ്യൻ ദ്രവ്യാഗ്രഹം നിമിത്തം പത്നിസമേതം സിംഹപുരത്തിൽച്ചെന്ന് കച്ചവടം ചെയ്തു തുടങ്ങി. ആ രാജവാസിയായ ഭരതൻ എന്നാൾ ഈ വിവരം അറിഞ്ഞ രാജസമീപം ചെന്ന് സംഗമൻ കപിലപുരത്തെ ചാരനാണെന്നും മററും ഏഷണിപറഞ്ഞു ധരിപ്പിച്ചു. രാജാജ്ഞപ്രകാരം ഉടൻതന്നെ സംഗമൻ വധിക്കപ്പെട്ടുകയും ചെയ്തു. ആ പാപകർമ്മത്തിൻെറ ഫലം അനുഭവിപ്പാൻ വേണ്ടി മേല്പറഞ്ഞ ഭരതൻ കോവലനായി വന്നു ജനിച്ച് ഇപ്രകാരം വധിക്കപ്പെട്ടതാണ്. അതിനാൽ ഭവതി അതിനെപ്പററി വ്യസനിക്കരുത്. പാണ്ഡ്യൻ അതിന്നു ഒരു നിമിത്തമായിത്തീൎന്നുവെന്നേഉള്ളൂ. സുഖദുഃഖങ്ങൾ സ്വകൎമ്മാനുസരണം വന്നു ചേരുന്നതാണ്. പക്ഷെ അജ്ഞാനവശംവദരായ മനുഷ്യർ അതിനെ അന്ന്യൻ വരുത്തിക്കൂട്ടിയതായി കരുതി മോഹിച്ച് ക്രോധത്താൽ അവരെ ശിക്ഷിച്ച് വീണ്ടും പാപം സമ്പാദിക്കുകയാണു ചെയ്യുന്നതു. അപ്രകാരമുള്ള മായാമോഹത്തിൽ ഭവതി ഒരിക്കലും ഉൾപ്പെടരുത്. മധുരയുടെ നാശത്തിന്നു താൻ കാരണഭൂതയായെന്നു കരുതിയും ഭവതി വ്യസനിക്കേണ്ടതില്ല. അതിൻെറ കാരണവും പറയാം. ഈ പാണ്ഡ്യരാജ്യത്തിൽ ദാനധൎമ്മങ്ങൾ മറഞ്ഞ് അക്രമികളും ദുഷ്ടന്മാരും നിറഞ്ഞ് ദുഷ്കൎമ്മങ്ങൾക്കിരിപ്പിടമായി തീൎന്നിരിക്കകൊണ്ട് അവയെ നശിപ്പിച്ച് ധൎമ്മത്തെ പുനഃസ്ഥാപിക്കേണ്ടതു അത്യാവശ്യമായി വന്നു. ധൎമ്മം നശിച്ച് അധൎമ്മം തലപൊക്കുന്ന കാല

ത്തെല്ലാം ലോകരക്ഷാൎത്ഥം ഓരൊ അവതാരം ഉണ്ടാവുക പതിവാണ്. അതനുസരിച്ച് മഹാകാളിയുടെ ചൈതന്യ ത്തോടുകൂടെ ഭൂലോകത്തിൽ അവതരിച്ച പുണ്യമൂൎത്തി യാണ്, ഭവതി. മാനുഷരൂപം അവലംബിക്കുക നിമിത്തം മായാ ഭ്രമത്തിനാൽ യഥാൎത്ഥരൂപം ഭവതി അറിയുന്നില്ലെ ന്നെഉള്ളു. ഭവതിയെ നിമിത്തമാക്കി അക്രമകൎമ്മത്തിന്നുള്ള ഭയങ്കരശിക്ഷയും പാതിവ്രത്യമാഹാത്മ്യവും ലോകരെ ധരി പ്പിക്കുകയും മധുരാനഗരത്തെ അധൎമ്മപദത്തിൽ നിന്നു പിന്തിരിപ്പിക്കയും ആണ് ഈശ്വരന്റെ ഉദ്ദേശം. ഭവതി യുടെ അവതാരോദ്ദേശം ഇപ്പോൾ പൂൎത്തിയായിരിക്കുന്നു. അതിനാൽ മായാസംബന്ധമായി ഈ ശോകമോഹങ്ങൾ ത്യജിച്ച സ്വസ്ഥചിത്തയായിഭവിക്കുക. കാൎയ്യംകഴിഞ്ഞാൽ പിന്നീടു ക്രോധിക്കുന്നതു ഉത്തമന്മാരുടെ ലക്ഷണമല്ല. ആ യതുകൊണ്ട് ശാന്തസ്വരൂപത്തെ അവലംബിച്ച് ഭക്താനു ഗ്രഹാൎത്ഥം സൎവ്വജനപൂജിതയായി വാഞ്ഛിതാൎത്ഥ ഫലപ്രദ യായി ഈ ലോകത്തിൽ എന്നെന്നും സ്ഥിതിചെയ്യുക. ഇ ന്നേക്കു പതിനാലാം ദിവസം ഭവതി സ്വൎഗ്ഗസ്ഥയായി ഭവി ക്കും. ഭവതിയുടെ സഹചൎയ്യം നിമിത്തം കോവലനും സ്വർ ഗ്ഗവാസം ലഭിച്ചിരിക്കുന്നു." എന്നിങ്ങിനെ പറഞ്ഞ് അവി ടെത്തന്നെ മറഞ്ഞു.

ഈ വാക്കുകളിൽ ബോധിതയായ കണ്ണകി കോപം നിശ്ശേഷം ത്യജിച്ച് ശാന്തസ്വഭാവം അവലംബിച്ചു. പി ന്നീട് അവിടെ നിന്നും പുറപ്പെട്ടു വൈഗാനദി തീരത്തിൽ കൂടെ കുന്നും കുഴിയും ലക്ഷ്യമാക്കാതെ രാവും പകലും നട

ന്ന് ഏതാനും ദിവസംകൊണ്ട് മലയാളരാജ്യത്തിൽ എത്തി. പെരിയാററിൻ തീരത്തു സ്ഥിതിചെയ്യുന്നതും ചേരനാട്ടിൻെറ തലസ്ഥാനവും കൊടുങ്ങല്ലൂരിൽ നിന്നു ഒന്നരനാഴിക വഴി ദൂരത്തുള്ളതുമായ വഞ്ചിപട്ടണത്തോടു ചേ൪ന്ന 'തൃച്ചെങ്കുന്ന്', എന്ന മലയിൽ കയറി പടന്നു പിടിച്ചു തഴച്ചു നില്ക്കുന്ന ഒരു വേങ്ങമരത്തണലിൽ താൻ ക്രോധാവേശത്താൽ ചെയ്ത കഠിനക്രിയകളെ ഓ൪ത്തു പരിതപിച്ചുംകൊണ്ട് നിന്നു.

## 5-ാം അദ്ധ്യായം

ഇപ്രകാരം മരത്തണലിൽ സ്ഥിതി ചെയ്തിരുന്ന കണ്ണകിയെ ആ മലയിൽ വസിക്കുന്നവരായ മലയന്മാരും വേടന്മാരും കണ്ട് അരുകിൽ ചെന്നു വന്ദിച്ചു. 'സുബ്രഹ്മണ്യ പത്നിയായ വല്ലി ദേവിയെന്ന പോലെ മലയിൽ വന്നിരിക്കുന്ന ഭവതി ആരാണ്? ഭവതിക്ക് എന്തോ ഒരു അത്യാപത്ത് നേരിട്ടതായി മുഖഭാവം സൂചിപ്പിക്കുന്നു; സ്തനം അററുപോയുമിരിക്കുന്നു. എന്താണ് ഇതിന്നെല്ലാം കാരണം?' എന്നിങ്ങിനെ വിനയപൂ൪വ്വമായ അവരുടെ ചോദ്യം കേട്ട് കണ്ണകി 'മധുരാധിപൻെറ അനീതിയും എൻെറ പൂ൪വ്വജന്മദുരിതവും ഒന്നായിച്ചേരുകനിമിത്തം അകാല വൈധവ്യം പ്രാപിക്കേണ്ടിവന്ന ഒരു ഭാഗ്യഹീനയാണ് ഞാൻ എന്നു മറുവടി പറഞ്ഞു.

തൽസമയം ദേവന്മാരാൽ ചൂഴപ്പെട്ട് ദേവരൂപധരനായി കോവലൻ ദേവരഥത്തിൽ അവിടെ വന്നിറങ്ങി. തന്റെ ഭത്താവിനെ സുഖസ്ഥിതിയിൽ കണ്ട കണ്ണകി ആനന്ദപരവശയായി ഭത്തൃപാദങ്ങളിൽ നമസ്കരിച്ചു. കോവലനാകട്ടെ കണ്ണകിയുടെ കൈപിടിച്ച് തന്റെ രഥത്തിൽ കയററി അവളോടൊപ്പം സ്വർഗ്ഗത്തിലേക്കു ഗമിച്ചു. ദേവന്മാർ പുഷ്പം വഷിക്കയും ദേവദുന്ദുഭി ശബ്ദിക്കയും ദേവസ്ത്രീകൾ കണ്ണകിയുടെ ഭത്തൃഭക്തിയെ പുകഴ്ത്തിപ്പാടുകയും ചെയ്തു.

കണ്ണകി ആകാശത്തിൽച്ചെന്നു മറയുന്നതുവരെയും മലയന്മാർ അത്യത്ഭുതത്തോടെ നോക്കിനിന്നു. പിന്നീട് ആ സ്ഥലം നോക്കി അവരെല്ലാവരും ദണ്ഡനമസ്കാരം ചെയ്തു. തദനന്തരം മററു വേടന്മാരേയും മലയന്മാരേയും വിളിച്ചുകൂട്ടി ഈ അത്ഭുത സംഭവത്തെപ്പററി പറഞ്ഞുതുടങ്ങി. 'ഈ ദേവിയെപ്പോലെ ഒരു പ്രത്യക്ഷഭഗവതിയെ ഇതേവരെ കാണുകയുണ്ടായിട്ടില്ല. അവർ ഇവിടെ വന്നതു നമ്മെ അനുഗ്രഹിപ്പാനായിട്ടാണ്. അതിനാൽ ദേവി വന്നിരുന്ന സ്ഥലമായ വേങ്ങ മരച്ചുവട്ടിൽ അവരെ നമ്മുടെ കുലദേവതയായി സങ്കല്പിച്ച് പൂജിക്കണം. നമ്മളും നമ്മളുടെ മലയും മേൽക്കുമേൽ അഭിവൃദ്ധിപ്രാപിക്കട്ടെ' എന്നിങ്ങിനെ അന്യോന്യം പറഞ്ഞു. തദനുസരണം ഉത്സവവും ആരംഭിച്ചു. പലവിധവാദ്യങ്ങൾ മുഴങ്ങിത്തുടങ്ങി. മലയിലുണ്ടാവുന്ന ധാന്യങ്ങളും തിനയും, മധുവും ശക്കരയും നിവേദിച്ചു പൂജിച്ചു. കാട്ടുപുഷ്പങ്ങൾ കൊണ്ടുവന്നു ചൊരിഞ്ഞു. സുഗന്ധദ്രവ്യങ്ങളുടെ വാസന കാടെങ്ങും പരന്നു, വേടസ്ത്രീകൾ ചണ്ഡിക

യുടേയും കാളിയുടേയും മഹാത്മ്യങ്ങൾ പാടിനൃത്തം ചെയ്തു. അവരുടെ വായ്ക്കുരവകളാൽ ദിക്കെങ്ങും മാറെറാലികൊണ്ടു. അന്നുതുടങ്ങി അവർ പ്രതിദിവസവും കണ്ണകി ദേവിയെ ഭക്തിപൂർവ്വം ഭജിച്ചുവന്നു.

ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ചേര രാജ്യത്തിൻെറ തലസ്ഥാനനഗരമായ തിരുവഞ്ചിക്കുളത്തിലിരുന്ന് ഏകഛത്രാധിപതിയായി രാജ്യഭാരം ചെയ്തുവന്ന 'ചേരൻ ചെങ്കുട്ടവൻ' എന്ന ചേരരാജാവ് തൻെറ ഭരണത്തിൻ കീഴിലുൾപ്പെട്ട മലപ്രദേശങ്ങൾ കാണ്മാനായി പുറപ്പെട്ടു. രാജാവിൻെറ പട്ടമഹിഷിയും സന്യാസിയായ സഹോദരനും, രാജപരിവാരങ്ങളും അദ്ദേഹമൊരുമിച്ച് യാത്രക്കൊരുങ്ങി. ചെങ്കുട്ടവരാജാവിൻെറ സഹോദരൻ വളരെക്കാലം മുമ്പുതന്നെ സന്യസിച്ചിരുന്നു. ഒരിക്കൽ ചെങ്കുട്ടവനും സഹോദരനും അവരുടെ പിതാവൊന്നിച്ചു രാജസഭയിൽ ഇരിക്കുന്ന സമയം അതിനിപുണനായ ഒരു ദൈവജ്ഞൻ അവിടെ വന്നു. അദ്ദേഹം ഈ രാജകുമാരന്മാരെക്കണ്ട് അവരെ ഉററുനോക്കി 'ഇവരിൽ ഇളയവന്നു രാജ്യഭാരം ചെയ്യേണ്ടുന്ന ലക്ഷണം പൂർണ്ണമായുണ്ട്' എന്നു പറഞ്ഞു. ഇതുകേട്ട ഇളയരാജകുമാരൻ ഇപ്രകാരം ചിന്തിച്ചുതുടങ്ങി. 'സാധാരണ രാജ്യഭാരം ചെയ്യുന്നതു മൂത്തപുത്രനാകകൊണ്ട് ഈ ലക്ഷണം ഫലിക്കണമെങ്കിൽ ജ്യേഷ്ഠന്നു അപായം വന്നേ നിവൃത്തിയുള്ളു. അങ്ങിനെ വരുന്നപക്ഷം 'ജ്യേഷ്ഠൻെറ മരണത്തിന്നു ഉത്തരവാദി ഞാനായിത്തീരും. അതിന്നു ഒരിക്കലും ഇട വരരുത്, എന്തെങ്കിലും ഒരു നിവൃത്തിമാർഗ്ഗം ഉടനെ

കണ്ടു പിടിക്കണം' എന്നിങ്ങിനെ അദ്ദേഹം ആലോചിച്ചുറച്ചു. അതനുസരിച്ച് ഉടൻതന്നെ ആ യൌവ്വനം പൂർത്തിയായ കാലത്തിൽ അദ്ദേഹം പൂർണ്ണമനസ്സോടെ സന്ന്യാസം സ്വീകരിച്ചു. അച്ഛൻെറ സന്തോഷത്തിന്നായി നിത്യബ്രഹ്മചാരിത്വം സ്വീകരിച്ച ശന്തനപുത്രനായി ഭീഷ്മരെന്നപോലെ' ജ്യേഷ്ഠൻെറ അഭ്യുദയത്തിന്നു വേണ്ടി ഈ രാജകുമാരനം പൂർണ്ണസന്തോഷത്തോടെ സകലസുഖസാധനങ്ങളേയും ത്യജിച്ച് സന്ന്യാസിയായിത്തീൎന്നു. മഹത്തായ ഈ ത്യാഗത്തിൻെറ ഖ്യാതി ലോകമെങ്ങും പരന്നു. സർവ്വരും അദ്ദേഹത്തെ പ്രശംസിച്ചുതുടങ്ങി. ഇളയരാജസ്ഥാനത്തിരുന്ന് സന്ന്യസിച്ചതിനാൽ 'ഇളങ്കോവിടികൾ, എന്ന നാമധേയവും അദ്ദേഹത്തിന്നു സ്ഥിരപ്പെട്ടു.

ചേരരാജാവും പത്നിയും സഹോദരനം 'വഞ്ചിപട്ടണത്തിൽ നിന്നും പുറപ്പെട്ട് വേങ്ങ, കടമ്പ്, മഞ്ചാടി, പുന്ന തുടങ്ങിയ, വൃക്ഷങ്ങൾ നിറഞ്ഞു ശോഭിക്കുന്ന 'പെരിയാററി'ൻ കരയിൽ എത്തി അവിടെ കൂടാരമടിച്ചു താമസിച്ചു.

രാജാവുവന്നെത്തിയതായിക്കേട്ട മലയന്മാർ, പുലിനഖം, നരിത്തോൽ, ചമരിമുടി, മാൻകൊമ്പ്, മയിൽപീലി, തേൻ, ചന്ദനമുട്ടി, മട്ടിപ്പാൽ, ഏലം, കുരുമുളക്, ചുക്ക് പലവിധ പറവജാതികൾ എന്നു തുടങ്ങിയ മലയിലുണ്ടാവുന്ന അനവധി സാധാനങ്ങളെ തിരുമുൽക്കാഴ്ച്ചക്കായി എടുത്തുംകൊണ്ട് കൂട്ടംകൂട്ടമായി രാജാവിനെക്കാണ്മാൻ വന്നുതുടങ്ങി

കാഴ്ച്ചദ്രവ്യങ്ങൾ രാജാവിന്മുമ്പാകെ വെച്ചു വണങ്ങിയശേഷം 'മഹാപ്രഭോ, ഞങ്ങൾ പറയുന്നതു ദയചെയ്തു

കേട്ടരുളുക. കുറച്ചു ദിവസങ്ങൾക്കുമുമ്പ് ഈ മലയിലുള്ള ഒരു വേങ്ങമരത്തിൻ ചുവട്ടിൽ സ്തനം ഛേദിക്കപ്പെട്ട ഒരു ദിവ്യസ്ത്രീ വളരെ വ്യസനത്തോടെ വന്നുനിന്നു. തൽസമയം അനവധി ദേവന്മാർ ആകാശത്തിൽനിന്നും ഇറങ്ങിവന്ന് തങ്ങൾ കൊണ്ടുവന്ന രഥത്തിൽ അവരെ കയററി എല്ലാവരുംകൂടെ മേല്പോട്ടുപോയി മറയുകയുംചെയ്തു. ആ സ്ത്രീ ആരാണെന്നോ, ആരുടെ പുത്രിയാണെന്നോ ഞങ്ങൾക്കറിവില്ല. മധുരയിൽനിന്നു വന്നതാണുപോലും' എന്നു പറഞ്ഞു.

ഇതുകേട്ടപ്പോൾ ചേരരാജാവിന്റെ ഒരുമിച്ചുണ്ടായിരുന്ന തമിഴ്വിദ്വാനായ 'കൂലവാണികൻ ചാത്തനാർ' രാജാവിനോട് മഹാരാജാവെ, ഇവർ പറഞ്ഞതു യഥാൎത്ഥമാണ്. ആ സംഗതി എനിക്കറിയാം; എന്നു പറഞ്ഞ് ചോളരാജ്യത്തിലുള്ള പൂമ്പുകാർ നഗരത്തിൽ ജനിച്ച കണ്ണകി കോവലനെ വിവാഹം ചെയ്തതും കോവലൻ മാധവിയിൽ അനുരക്തനായി കണ്ണകിയെ വിസ്മരിച്ചതും പിന്നീട് മാധവിയെ ഉപേക്ഷിച്ച് കോവലൻ കണ്ണകിയോടുകൂടെ മധുരക്കു പോയതും ചിലമ്പു വില്പാൻപോയ കോവലൻ തട്ടാന്റെ വഞ്ചനയാൽ വധിക്കപ്പെട്ടതും അതറിഞ്ഞ കണ്ണകി രാജാവിനെക്കണ്ട് സഭമുമ്പാകെ പരമാൎത്ഥം വെളിപ്പെടുത്തിയതും രാജാവും രാജ്ഞിയും മരിച്ചതും പാതിവ്രത്യശാലിനിയായ കണ്ണകിയുടെ ക്രോധാഗ്നി മധുരയെ ദഹിപ്പിച്ചതും കണ്ണകി മലയാളത്തിൽ എത്തിച്ചേൎന്നതും രാജാവിനെ വിവരമായി ധരിപ്പിച്ചു.

വിസ്മയഭരിതനായ രാജാവ് 'ഈ കഥയെല്ലാം ഭവാൻ എങ്ങിനെ അറിഞ്ഞു?' എന്നു ചോദിച്ചു.

ചാത്തനാർ:—ഞാൻ മധുര അഗ്നിക്കിരയായ ദിവസം ശ്രീഹാലസ്യക്ഷേത്രത്തിൽ പോയിരുന്നു. ദർശനം കഴിഞ്ഞ് രാത്രി അവിടെ മഠത്തിൽ കിടന്നുറങ്ങി. രാത്രി കണ്ണകിയുടെ രോദനംകേട്ട് ഞാൻ ഉണരുകയും ആ സമയം മധുരാപുരവാസിനിയായ ഭഗവതി പ്രത്യക്ഷപ്പെട്ട് കണ്ണകിയെ സമാധാനപ്പെടുത്തുന്നതു കേൾപ്പാനിടവരുകയും ചെയ്തു. കണ്ണകി ഈശ്വരിയുടെ അംശാവതാരമാണെന്നു അറിഞ്ഞ ശേഷം ദേവിയുടെ ആദ്യചരിത്രങ്ങൾ ഞാൻ അന്വേഷിച്ചറിഞ്ഞു.

ഈ അത്ഭുതചരിത്രം കേട്ട രാജാവു പത്നിയെ നോക്കി, പ്രിയതമെ, ചാത്തനാർ പറഞ്ഞ കഥ നീ കേട്ടുവല്ലോ. ഭർത്താവു മരിച്ചതറിഞ്ഞ ഉടൻ അദ്ദേഹത്തോടൊപ്പം ജീവത്യാഗംചെയ്ത പാണ്ഡ്യരാജപത്നിക്കോ, തെററിന്നുതക്ക ശിക്ഷ നൽകി പാതിവ്രത്യശക്തി തെളിയിച്ചു നമ്മുടെ രാജ്യത്തിൽ വന്നെത്തിയ കണ്ണകിക്കോ ആൎക്കാണു അധികം ശ്രേഷ്ഠത?' എന്നു ചോദിച്ചു.

രാജ്ഞി:—പ്രാണനാഥ, ഭർത്തൃവിയോഗം സഹിക്കാതെ അദ്ദേഹത്തോടൊപ്പം ജീവത്യാഗം ചെയ്ത് സ്വർഗ്ഗം പ്രാപിച്ച പാണ്ഡ്യരാജപത്നി ദേവസ്ത്രീകളാൽ പുകഴ്ത്തപ്പെട്ടവളായി ദിവ്യഭോഗങ്ങൾ അനുഭവിക്കട്ടെ. നമ്മുടെ രാജ്യത്തിൽ വന്നുചേൎന്ന ഈശ്വരിയെ നാം പൂജിക്കുക.

ഇതു കേട്ട് രാജാവ് മന്ത്രിമാരെ നോക്കി. രാജാവിന്റെ അഭിപ്രായമറിഞ്ഞ മന്ത്രി 'സതീരത്നമായ കണ്ണകിയെ ശിലാബിംബരൂപത്തിൽ പ്രതിഷ്ഠിച്ച് പൂജിക്കേണ്ടതു അത്യാവശ്യമാണ്. അതിന്നുള്ള ഉത്തമശില അഗസ്ത്യമലയിലോ, ഹിമവാനിലോ മാത്രമേ ലഭിക്കയുള്ളൂ. ഹിമവാനിൽ നിന്നെടുക്കുന്ന ബിംബം ഗംഗാനദിയിലും, അഗസ്ത്യമലയിൽ നിന്നെടുക്കുന്നതിനെ കാവേരീനദിയിലുമാണ് ജലവാസം ചെയ്യിക്കുക പതിവ്" എന്നു പറഞ്ഞു.

രാജാവ്:—വീരകേസരികളെന്നു പേർ കേട്ട ചേരരാജാക്കന്മാൎക്ക് സമീപമുള്ള അഗസ്ത്യമലയിൽ നിന്നു ശില കൊണ്ടു വരുന്നതു പോരായ്മയാണ്. അതിനാൽ ഹിമവാനിൽ നിന്നുതന്നെയാകട്ടെ. ആ ദിക്കിലുള്ള രാജാക്കന്മാരിൽ ആരെങ്കിലും ഇതിന്നു തടസ്ഥം വരുത്തുന്നതായാൽ അപ്പോൾ ചേരരാജാവിന്റേയും സൈന്യങ്ങളുടേയും ശൌൎയ്യം അവർ അറിയുവാനിടവരും. എന്നുമാത്രമല്ല, കനകൻ, വിജയൻ എന്ന ആൎയ്യരാജാക്കന്മാർ തമിഴ് രാജാക്കന്മാരെപ്പററി വളരെ ഹാസ്യമായി സംസാരിക്കുന്നുവെന്നു ഞാൻ ഇയ്യിടെ കേട്ടു. അവരെ യുദ്ധം ചെയ്തു തോല്പിച്ച് ഞാൻ കൊണ്ടുവരുവാനുദ്ദേശിക്കുന്ന ശിലാബിംബം അവരുടെ തലയിൽ കയററി കൊണ്ടുവരേണമെന്നാണ് ഞാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നതു. ഒരു യാത്രകൊണ്ട് രണ്ടുകാൎയ്യം ഒന്നായി സാധിക്കാം. അതിനാൽ ഉടൻതന്നെ സൈന്യങ്ങളെ ഒരുക്കി യാത്രക്കു തെയ്യാറാവുക.

ഈ കല്പനയനുസരിച്ച് യുദ്ധസന്നാഹങ്ങൾ കൂട്ടി. ചേരരാജാവ് സമീപത്തുള്ള ശിവക്ഷേത്രത്തിൽച്ചെന്ന് തൻെറ കുലദൈവത്തെ വണങ്ങി, ശുഭമുഹൂത്തംനോക്കി സപരിവാരം ഹിമവാനിലേക്കു യാത്രപുറപ്പെട്ടു. തൽസമയം തിരുവനന്തപുരത്തുനിന്നും വന്ന ഒരു ബ്രാഹ്മണൻ പത്മനാഭസ്വാമിയുടെ പ്രസാദം രാജാവിന്നു നൽകി. അദ്ദേഹം അതിനെ ഭക്തിപൂവ്വം സ്വീകരിച്ചു. യാത്രാരംഭത്തിലുള്ള ഈ ശുഭലക്ഷണം രാജാവിൻെറ ഉന്മേഷത്തെ പൂവ്വാധികം വദ്ധിപ്പിക്കയും ചെയ്തു. ഏതാനും ദിവസങ്ങൾ കൊണ്ട് അവർ 'നീലഗിരി'യിൽ എത്തിച്ചേന്നു. ആ സമയം ഹിമവൽ പ്രദേശം ഭരിക്കുന്ന 'ആറവർ കന്നർ' അയച്ച ഒരു ദൂതൻ അവിടെ വന്നെത്തി. 'ചേരരാജാവ് ഒരു ബിംബത്തിന്നുവേണ്ടി ഇത്രയധികം ദൂരം യാത്രചെയ്യേണ്ടതില്ലെന്നും ശരിയായ ബിംബമുണ്ടാക്കി ഗംഗയിൽ നീരാടിച്ച് ചേരരാജ്യത്തിൽ തങ്ങൾ എത്തിച്ചുകൊടുക്കാമെന്നും' അവർ പറഞ്ഞയച്ചവിവരം ദൂതൻ രാജാവിനെ അറിയിച്ചു. അവർ കൊടുത്തയച്ച കാഴ്ച്ചദ്രവ്യങ്ങളേയും നൽകി. 'അന്യരുടെ സഹായത്തിന്മേൽ ഒരു കാര്യം സാധിപ്പിക്കുന്നതു തൻെറ വംശപാരമ്പയ്യത്തിന്നു യോജിച്ചതല്ലെന്നും നേരിട്ടുചെന്നു ശത്രുക്കളെ ജയിച്ച് കാര്യം നേടേണമെന്നാണ് താൻ വിചാരിക്കുന്നതെന്നും അതുകൂടാതെ കനകവിജയന്മാരെ ജയിക്കേണമെന്ന ഉദ്ദേശംകൂടെ തനിക്കുണ്ടെന്നും അതിനാൽ തനിക്കും സൈന്യങ്ങൾക്കും ഗംഗ കടക്കുവാനുള്ള കപ്പലും മറവും മുൻകൂട്ടി തെയ്യാറാക്കിവെച്ചാൽ മാത്രം മ

തിയെന്നും മറുവടി പറഞ്ഞ് ചേരരാജാവ് ദൂതനെ തിരി ച്ചയച്ചു.

ചേരരാജാവു യാത്രതുടൻ. ഏതാനും ദിവസങ്ങൾക്ക കം അവർ ഗംഗാതീരത്തിൽ എത്തി. അവിടെ തെയ്യാറാ ക്കിയിരുന്ന കപ്പലുകളിൽ കയറി നദികടന്നു ആ രാജാവി ൻെറ സല്ക്കാരം സ്വീകരിച്ച് നേരെ വടക്കോട്ടുപോയി ശ ത്രുരാജ്യസമീപത്തിൽ എത്തി. അവിടെവെച്ച് തന്നെ അ പഹസിച്ച ആര്യരാജാക്കന്മാരെ ഒരൊററ ദിവസത്തെ യു ദ്ധത്താൽ പരാജിതരാക്കി കനക വിജയന്മാരേയും വേറെ 52 പേരേയും തടവുകാരാക്കിപ്പിടിച്ചു. ശേഷമുള്ളവർ വേ ഷംമാറി ഓടിഒളിച്ചുകളഞ്ഞു. പിന്നീട് ഹിമവാനിൽ‌ച്ചെ ന്ന് ശ്രുതിപ്പെട്ട കൽപ്പണിക്കാരെ വരുത്തി കണ്ണകിയുടെ ബിംബം ശാസ്ത്രോക്തമാംവണ്ണം പണിയിച്ചു ഗംഗയിൽ നീരാടിച്ചു. തൻെറ പ്രതിജ്ഞപ്രകാരം അതിനെ കനക വിജയന്മാരുടെ തലയിൽ കയററിക്കൊണ്ടുപോന്നു. യുദ്ധ ത്തിൽ വധിക്കപ്പെട്ടവരുടേയും മുറിയേററവരുടേയും കുടും ബങ്ങൾക്ക് അനവധി ധനം നൽകി അവരെ സന്തോഷി പ്പിച്ചശേഷം ഏതാനും മാസങ്ങൾകൊണ്ട് തൻെറ സ്വ ന്തരാജ്യത്തിൽ മടങ്ങിയെത്തി. ഉടൻതന്നെ ക്ഷേത്രം പ ണിചെയ്യാനും പ്രതിഷ്ഠക്കുള്ള സംഭാരങ്ങൾ ഒരുക്കുവാനും കല്പനനൽകി.

ഇങ്ങിനെയിരിക്കെ കാവേരിപ്പൂമ്പട്ടണത്തിലുള്ള 'മാ ടലൻ' എന്ന ഒരു ബ്രാഹ്മണൻ തീർത്ഥാടനത്തിന്നുപോകുന്ന വഴി ചേരരാജ്യത്തിൽ വന്നുചേൻ. ചേരരാജാവ് അദ്ദേഹ

ത്തിൻെറ വൎത്തമാനങ്ങൾ അന്വെഷിച്ചപ്പോൾ ബ്രാഹ്മ ണൻ താഴെ പറയുംപ്രകാരം മറുവടിപറഞ്ഞു.

'മഹാരാജാവെ, ഞാൻ കുറെക്കാലം മുമ്പ് അഗസ്ത്യ മലയിൽച്ചെന്നു അതിനെ പ്രദക്ഷിണംവെച്ച് കന്യാകുമാ രീശ്വരിയെ വണങ്ങി സ്വദേശത്തേക്ക മടങ്ങുന്ന സമയം മധുരയിൽ പോവുകയുണ്ടായി അവിടെവെച്ച് എൻെറ രാജ്യക്കാരായ കോവലനേയും കണ്ണകിയേയും കാണ്മാനിട വന്നു. എന്നാൽ പിറെറദിവസംതന്നെ കോവലൻ അന്യാ യമായി വധിക്കപ്പെട്ടതും കണ്ണകി രാജസഭയിൽച്ചെന്ന് പ രമാൎത്ഥം തെളിയിച്ചതും രാജാവും രാജ്ഞിയും മരിച്ചതും കണ്ണകിയാൽ മധുരാപട്ടണം അഗ്നിക്കിരയായതും കേട്ടു. അതിന്നും പുറമെ കണ്ണകിയുടെ വൃത്താന്തങ്ങൾ കേട്ട് മാത രിയെന്ന ഇടയസ്ത്രീ, ഗൌന്തി ഭിക്ഷുണിയാൽ തന്നിൽ ഭര മേല്പിക്കപ്പെട്ട ദമ്പതികളെ രക്ഷിപ്പാൻ സാധിക്കാഞ്ഞ വ്യസനം നിമിത്തം ആ അൎദ്ധരാത്രിയിൽ തന്നെ ചിതാപ്ര വേശം ചെയ്തുവെന്നും, തൻെറ സ്നേഹവാത്സല്യങ്ങൾക്ക പാത്രീഭൂതയായ കണ്ണകിയുടെ കഷ്ടാനുഭവങ്ങൾ കേട്ടറി ഞ്ഞ ഗൌന്തി ഭിക്ഷുണി കോപത്തോടെ രാജാവിനെ ശ പിപ്പാൻ ഒരുങ്ങിയാറെ രാജാവും രാജ്യവും കണ്ണകിയാൽ ന ശിച്ചതറിഞ്ഞ് ദേഹത്യാഗം ചെയ്തതായും ഞാൻ അറി ഞ്ഞു. ഇതെല്ലാം കേട്ട് കഠിനവ്യസനത്തോടെ ഞാൻ സ്വ ദേശത്തേക്ക മടങ്ങിച്ചെന്ന് ഈ വൃത്താന്തങ്ങൾ എൻെറ സ്നേഹിതന്മാരോട്ടു പറഞ്ഞു. സ്വല്പനേരംകൊണ്ട് ഈ വ്യ സനസംഭവം നാടെങ്ങും പരന്നു. തൻെറ മരുമകൾക്കും

മകനും നേരിട്ട അത്യാപത്തുകളെപ്പററി കേട്ട് 'കാവല
ന്റെ അച്ഛൻ വ്യസനസാഗരത്തിൽ മുങ്ങി, തന്റെ സൎവ്വ
സ്വവും സാധുക്കൾക്കു ദാനംചെയ്ത് ബുദ്ധമത ഭിക്ഷുവായി
ഭവിച്ചു. കണ്ണകിയുടെ പിതാവും അതേപ്രകാരം ബുദ്ധമത
ത്തിൽ ചേൎന്നു. അവരുടെ അമ്മമാർ ദുഃഖ്യാധിക്യത്താൽ മ
രണംപ്രാപിച്ചു. മാധവിയാകട്ടെ തന്റെ ഓമനമകളായ
മണിമേഖലയെ സ്വമാതാവിൻ വശമേല്പിച്ച് ജീവപൎയ്യ
ന്തം അവളെ വേശ്യാവൃത്തിയിൽ ഏൎപ്പെടുത്തുന്നതല്ലെന്നു
ചിത്രാവതിയെക്കൊണ്ടു സത്യം ചെയ്യിച്ച് തന്റെ കേശ
ഭാരത്തേയും ആഭരണാദികളേയും ത്യജിച്ച് ബുദ്ധമത സ
ന്യാസിനിയായിത്തീൎന്നു. ഇത്രയും മാററങ്ങൾ വന്നുചേൎന്ന
തും ചിലർ ജീവത്യാഗം ചെയ്യാനിടയായതും എന്റെ വാ
ക്കുനിമിത്തമാകകൊണ്ട് തത്സംബന്ധമായ എന്റെ പാ
പം നശിപ്പാൻവേണ്ടി ഞാൻ ഗംഗാസ്നാനം ചെയ്യാൻ പു
റപ്പെട്ടതാണ്".

പിന്നീട് ചേരരാജാവ് അതിഭംഗിയായി പണിചെ
യ്യപ്പെട്ട ദിവ്യക്ഷേത്രത്തിൽ കണ്ണകീദേവിയുടെ ശിലാബിം
ബത്തെ ശാസ്ത്രവിധിപ്രകാരം മന്ത്രപൂൎവ്വകം പ്രതിഷ്ഠിപ്പി
ച്ചു. ആ ക്ഷേത്രത്തിലേക്കു വേണ്ടുന്ന സകല സാമഗ്രികളും
ദിവ്യാഭരണങ്ങളും നൽകിയതിന്നു പുറമെ ഉത്സവാദികളും
നിത്യപൂജയും കഴിപ്പാൻ വേണ്ടുന്ന ധനവും ഭൂമിയും ചേര
രാജാവ് ക്ഷേത്രത്തിലേക്കായി സമൎപ്പിച്ചു. താൻ തടവുകാ
രാക്കിപ്പിടിച്ചുകൊണ്ടുവന്ന കനകവിജയന്മാരേയും മററു ത
ടവുകാരേയും ഈ ശുഭ സന്ദൎഭം പ്രമാണിച്ച് വെറുതെ വിട്ടു

വാൻ അദ്ദേഹം കല്പനകൊടുത്തു. അവരെല്ലാവരും സന്തോഷസമേതം ഈ ആഘോഷത്തിൽ പങ്കുകൊണ്ടു പ്രതിഷ്ഠ ഉത്സവം മുതലായവ കഴിയുന്നതുവരെ സകല ജനങ്ങൾക്കും ജാതിഭേദമന്യെ ഭക്ഷണം നൽകി. തൻെറ ക്ഷണനമനുസരിച്ചു വന്നുചേൎന്നവരായ അന്യരാജാക്കന്മാരെയും ചേരരാജാവ് യഥോചിതം സല്ക്കരിച്ചു.

ഇതിങ്ങിനെയിരിക്കെ, കോവലനെ കൊലചെയ്തു വിവരംകേട്ട് കണ്ണകീകോവലന്മാരുടെ പിതാക്കന്മാർ സന്യസിക്കയും അമ്മമാർ ജീവത്യാഗം ചെയ്കയും ചെയ്തപ്പോൾ കണ്ണകിയുടെ ബാല്യസ്നേഹിതയായ ദേവന്തി ആ രാജ്യത്തിലിരുപ്പാനിഷ്ടപ്പെടാതെ ദുഃഖപരവശയായി കണ്ണകിയെ അന്വേഷിപ്പാനായിക്കൊണ്ട് മധുരക്കു പുറപ്പെട്ടു. ആവിടെ എത്തി വിവരങ്ങൾ അന്വേഷിച്ചാറെ കണ്ണകിയാൽ മധുരാനഗരം നശിച്ചതായും കണ്ണകി നേരെ പടിഞ്ഞാറെ ഭാഗത്തേക്കു പോയതായും അറിവുകിട്ടി. അവൾ ഉടൻതന്നെ കണ്ണകി താമസിച്ചിരുന്ന മാതരിയുടെ ഗൃഹത്തിലേക്കു ചെന്നു. മാതരി ജീവത്യാഗം ചെയ്തവിവരം ദുൎഗ്ഗ പറഞ്ഞുകേട്ടപ്പോൾ ഇനി ഇവിടെ താമസിച്ചിട്ടു ഫലമില്ലെന്നു കരുതി ദേവന്തി ദുൎഗ്ഗയേയുംകൂട്ടി കണ്ണകി പോയവഴി ചോദിച്ചറിഞ്ഞുകൊണ്ട് മലയാളരാജ്യം നോക്കി നടന്നു. ഏതാനും ദിവസംകൊണ്ട് അവർ കണ്ണകിയുടെ പുതിയക്ഷേത്രത്തിൽ എത്തിച്ചേൎന്നു. അവിടെയുള്ളവരിൽനിന്നു തൻെറ പ്രിയസഖി സ്വൎഗ്ഗസ്ഥയായ വിവരം അറിഞ്ഞ് തൻെറ ശ്രമം നിഷ്ഫലമായതോൎത്ത് അവൾ വളരെ വ്യസനിച്ചു. എന്നാ

ൽ ആ ശിലാബിംബമെങ്കിലും കണ്ട് തൻെറ മനസ്സിനെ സമാധാനപ്പെടുത്താമെന്നു കരുതി അവൾ ക്ഷേത്രത്തിന്നകത്തു കടന്നു. ആ ബിംബം കണ്ടസമയം തങ്ങൾ ഒന്നിച്ചു കളിച്ചുനടന്നതു മുതല്ക്കുള്ള ഓരോ സംഭവങ്ങളും തൻെറ സഖി അനുഭവിക്കേണ്ടിവന്ന കഠിനകഷ്ടങ്ങളും ഓർത്ത് അവൾ പൊട്ടിക്കരഞ്ഞുപോയി. തൻെറ പ്രാണസഖിയുടെ വിയോഗം സഹിപ്പാൻ ശക്തയല്ലാതെ അവൾ പലതും പറഞ്ഞ് കരഞ്ഞുതുടങ്ങി. ഇതെല്ലാം കണ്ടുനിന്നിരുന്ന ചേരരാജാവ് ഇപ്രകാരം കഠിനസങ്കടത്തോടെ കരയുന്ന ഈ സ്ത്രീ ആരാണ് എന്നന്വേഷിക്കയും കണ്ണകിയുടെ ബാല്യസഖിയാണെന്നു ദുർഗ്ഗ പറഞ്ഞറിയുകയും ചെയ്തു.

തൽസമയം പൊൻചിലമ്പും മേഖലയും വൈരകുണ്ഡലങ്ങളും മററു ദിവ്യാഭരണങ്ങളും ധരിക്കപ്പെട്ട രക്തവസ്ത്രാലംകൃതയായ കണ്ണകിയുടെ പ്രത്യക്ഷരൂപം ആകാശത്തിൽ വിദ്യുൽപ്രകാശമെന്നപോലെ കാണുമാറായി. ചേരരാജാവും ദേവന്തിയും മററു രാജാക്കന്മാരും ഭക്തജനങ്ങളും അതുകണ്ട് രോമാഞ്ചത്തോടെ ഭൂമിയിൽവീണ് സാഷ്ടാംഗം നമസ്കരിച്ച് തൊഴുതുകൊണ്ടു നിന്നു. ഗഗനസ്ഥയായ ഭഗവതി, അവരെ നോക്കി 'ഹേ, ചേരരാജാവെ, നിൻെറ ഭക്തിയാൽ ഞാൻ സന്തുഷ്ടയായിരിക്കുന്നു. ദേവന്തി, നിൻെറ ആത്മാർത്ഥസ്നേഹംകണ്ട് ഞാൻ സന്തോഷിക്കുന്നു. നിങ്ങൾക്ക് വേണ്ടുന്ന വരങ്ങൾ വരിച്ചുകൊള്ളുക' എന്നിങ്ങിനെ അരുളിച്ചെയ്തു. ഭക്തിപരവശനായ രാജാവ് ഭഗവതിയെ തൊഴുതുകൊണ്ട് 'അമ്മെ, ഭഗവതീ, ഭവതി എ

ന്നിൽ പ്രസാദിച്ചിരിക്കുന്നുവെങ്കിൽ എന്നാൽ പ്രതിഷ്ഠിതമായ ഈ സ്ഥലത്തും മേലിൽ എന്റെ രാജ്യത്തിൽ നിമ്മിക്കപ്പെടുന്ന എല്ലാ ഭഗവതീക്ഷേത്രങ്ങളിലും ഭവതിയുടെ സാന്നിദ്ധ്യം ഉണ്ടായിരിപ്പാനായി അനുഗ്രഹിക്കണം. അതുകൂടാതെ എന്നിലും എന്റെ പ്രജകളിലും ഭവതിയുടെ കൃപാദൃഷ്ടി എപ്പോഴും ഉണ്ടായിരിക്കയും വേണം. ഭവതിയിൽ എന്നെന്നും നിശ്ചലമായ ഭക്തി എനിക്കുണ്ടായിരിക്കണം. ഇത്രമാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു' എന്നു പറഞ്ഞു. ഭഗവതിയാകട്ടെ മലയാളരാജ്യത്തിലെങ്ങും പ്രത്യേകിച്ച് പ്രസ്തുതക്ഷേത്രത്തിലും തന്റെ നിത്യസാന്നിദ്ധ്യം ഉണ്ടാവുന്നതാണെന്നും ഭക്തജനങ്ങളെ രക്ഷിപ്പാൻ താൻ ബദ്ധശ്രദ്ധയായിരിക്കുന്നതാണെന്നും അരുളിച്ചെയ്തു. അനന്തരം തന്റെ ജീവാവസാനംവരെ ഈ ബിംബത്തെ കാണ്മാനും പൂജിപ്പാനും വരം നൽകേണമെന്നു പ്രാത്ഥിച്ച ദേവന്തിയെ അനുഗ്രഹിച്ച് മററു ഭക്തന്മാക്കും ദുർഗ്ഗക്കും അഭീഷ്ടവരങ്ങൾ നൽകി എല്ലാവരേയും കൃപാദൃഷ്ടികൊണ്ടു വീക്ഷിച്ച് അവിടെത്തന്നെ മറഞ്ഞു.

അതിന്നുശേഷം ചേരരാജാവ് ദേവന്തിയെ സമീപത്തിൽ വിളിച്ചു 'നീ ഭഗവതിയെ നോക്കി പലതും പറഞ്ഞു കരയുന്ന കൂട്ടത്തിൽ 'കോവലന്റെ മരണത്തിന്നും കണ്ണകിയുടെ കഷ്ടങ്ങൾക്കും ഹേതുഭൂത മാധവിയാണെന്നു പറഞ്ഞ്, ലോകജനങ്ങൾ നിന്ദിക്കുന്നതിനെ സഹിപ്പാൻ കഴിയാതെ തന്റെ സവ്വസ്വവും ബുദ്ധഭഗവാന്നായി സമപ്പിച്ച് അവൾ സന്ന്യാസം സ്വീകരിച്ചതും പിന്നീട് മണിമേ

ഖലയും സന്ന്യാസിനിയായിത്തീൎന്നതും ഭവതി അറിഞ്ഞുവോ? എന്നിങ്ങിനെ പ്രസ്താപിക്കയുണ്ടായല്ലോ. ആ മണിമേഖല ആരാണ്? നമ്മുടെ ഭഗവതിക്കും അവൾക്കും തമ്മിൽ ബന്ധമെന്താണ്? അതു വിവരിച്ചു പറയുക' എന്നു പറഞ്ഞു.

ദേവന്തി:—മഹാരാജാവെ, മണിമേഖല കോവലന്നു മാധവിയിൽ ജനിച്ച മകളാണ്; അതി സുന്ദരിയുമാണ്. അവൾ യൌവ്വനം പ്രാപിച്ചുവെങ്കിലും തൻെറ പിതാവിൻെറ അന്ന്യായമരണവും അമ്മയുടെ സന്ന്യാസവും കണ്ണകീദേവിയുടെ കഷ്ടാനുഭവങ്ങളും മററും കേട്ട് വ്യസനാധിക്യം നിമിത്തം ഇഹലോകസുഖങ്ങളിൽ വിരക്തയായിത്തീൎന്നു. തൻെറ കുലധൎമ്മമായ വേശ്യാവൃത്തിയെ അവൾ സ്മരിച്ചതുപോലുമില്ല. ഒന്നിലും ഇച്ഛയില്ലാതെ നിരുത്സാഹയായി കഠിന വ്യസനത്തോടെ മണിമേഖല ജീവിതം നയിക്കുന്ന വിവരം ചിത്രാവതി, തൻെറ മകളും ബുദ്ധമതഭിക്ഷുണിയുമായ മാധവിയെ അറിയിച്ചു. അതു കേട്ട മാധവി 'എൻെറ മകൾ എന്നോടൊപ്പം വന്നുകൊള്ളട്ടെ' എന്നു പറഞ്ഞ് മണിമേഖലയെ തൻെറ ഒരുമിച്ചു കൊണ്ടുപോയി. ഇങ്ങിനെയിരിക്കെ കാവേരിപ്പൂമ്പട്ടണത്തിൽ നടത്തുന്ന ഇന്ദ്രോത്സവത്തിന്നു നൃത്തം ചെയ്യാൻ മാധവിയും മണിമേഖലയും വന്നു കാണായ്കകൊണ്ടു വ്യസനത്താലും മാനഹാനിയാലും പീഡിതയായ ചിത്രാവതി അവരോട് വിവരം പറഞ്ഞ് കൂട്ടിക്കൊണ്ടുവരുവാനായി വസന്തമാലയെ നിയോഗിച്ചയച്ചു. വസന്തമാല മാധവിയുടെ സമീപം ചെന്നു അമ്മ

പറഞ്ഞയച്ച വൃത്താന്തത്തേയും കേവലം വേശ്യയായ ഒരു സ്ത്രീ സ്വജാതിധമ്മം വെടിഞ്ഞ് കുലസ്ത്രീയുടെ ഭാവം നടിക്കുന്നതിനെപ്പററി ലോകജനങ്ങൾ പലവിധം ഹസിക്കുന്നതിനേയും ധരിപ്പിച്ചു. അതുകേട്ടു മാധവി വസന്തമാലയെ നോക്കി 'ഹേ സഖി, തന്റെ പ്രിയഭത്താവിനെ അന്യായമായി കൊലചെയ്തകാരണത്താൽ ഉത്ഭവിച്ച കഠിനക്രോധാഗ്നികൊണ്ടു മധുരാനഗരത്തെ ഭസ്മാവശേഷമാക്കിത്തീത്ത മഹാ പതിവ്രതയായ കണ്ണകി ദേവിയുടെ പുത്രിയായ ഈ മണിമേഖല പരിശുദ്ധവും പ്രശംസാഹവുമായ തപോമാർഗ്ഗത്തെ അവലംബിക്കുന്നതു തന്നെയാണ് ഉചിതം. ദുഷവും നിന്ദ്യവുമായ വേശ്യാവൃത്തിയെ സ്വീകരിക്കുന്നതു അവളുടെ മാതാപിതാക്കളുടെ സ്ഥിതിക്കു ചേന്നതല്ല. അതിനാൽ ഇനി ഒരിക്കലും മണിമേഖല ഇന്ദ്രോത്സവത്തിന്നാവട്ടെ മററു ലൌകികകാൎയ്യങ്ങൾക്കാവട്ടെ വരുന്നതല്ലെന്നു അമ്മയോടു പറയുക. പിന്നെ എന്റെ കാൎയ്യമല്ലേ! ലോകാപവാദത്തേയും ഹാസ്യത്തേയും ഭയപ്പെടുന്നകാലം ഈശ്വരാനുഗ്രഹത്താൽ 'ഇങ്ങിനിവരാതവണ്ണം' മറഞ്ഞുപോയി. അറിവില്ലായ്മ നിമിത്തം ഞാൻ എന്റെ കഴിഞ്ഞ കാലമത്രയും വ്യത്ഥമാക്കിക്കളഞ്ഞു. ഭാവി ജീവിതമെങ്കിലും പരിശുദ്ധമായി ഭവിക്കട്ടെ. സ്ത്രീജനങ്ങൾക്കത്യാവശ്യമായ പാതിവ്രത്യനിഷ്ഠയുടെ മഹത്വം സ്വചരിത്രത്താൽ ലോകജനങ്ങൾക്കു എന്റെ ജ്യേഷ്ഠത്തിയായ കണ്ണകീദേവി ഉപദേശിച്ചിരിക്കെ, അവരെ എല്ലാവിധത്തിലും പിന്തുടരുവാൻ അവകാശപ്പെട്ടവളായ ഞാൻ കുലസ്ത്രീധമ്മം അവലം

ബിച്ച് ലൌകീകവിഷയങ്ങളിൽ നിന്ന പിന്തിരിഞ്ഞതിൽ അത്ഭുതപ്പെട്ടുവാനുണ്ടോ ? എൻെറ ഭത്താവ് മധുരയിൽ മരണം പ്രാപിച്ചതായറിഞ്ഞ ഉടനെ ഞാൻ സവ്വസ്വവും ത്യജിച്ചു ബൌദ്ധാചായ്യനെ ശരണം പ്രാപിച്ചു. അദ്ദേഹം എനിക്ക സവ്വദുഃഖഹരമായ സത്യചതുഷ്ടയത്തേയും പഞ്ചശീലത്തേയും ഉപദേശിച്ച് എന്നെ തപോമാർഗ്ഗത്തിൽ പ്രവേശിപ്പിച്ചു. ഇനി നിസ്സാരമായ പ്രപഞ്ചജീവിതം എനിക്ക രുചിക്കയില്ല. ആയതുകൊണ്ടു ഞാനും അങ്ങോട്ടുവരുന്നില്ല. ഇവയെല്ലാം അമ്മയെ അറിയിക്കുക' എന്നുപറഞ്ഞ് അവളെ തിരിച്ചയച്ചു. പിന്നീട് മാധവി മണിമേഖലയുടെ മനോഹരമായ കേശഭാരത്തെ മുറിച്ചുകളഞ്ഞ് കാഷായവസ്ത്രം ധരിപ്പിച്ച് ബോധിവൃക്ഷത്തണലിൽ സ്ഥിതിചെയ്യുന്ന ബുദ്ധഭഗവാന്ന് അവളെ കാഴ്ചവെച്ചു. അന്നുമുതൽ മണിമേഖലയും ബുദ്ധമത ഭിക്ഷുണിയായിത്തീൎന്നു. ഇപ്രകാരം ചെറു പ്രായത്തിൽ മണിമേഖല സന്ന്യസിച്ചതോൎത്തു വ്യസനിച്ച് ഞാൻ അങ്ങിനെ പറഞ്ഞതാണ്' എന്നു മറുവടി പറഞ്ഞു.

ഇതെല്ലാം കേട്ടു വിസ്മയിച്ച ചേരരാജാവ് കണ്ണകിദേവിയുടെ പൂജാദികൾ പ്രതിദിനവും ലോപം കൂടാതെ ചെയ്യുന്നതിന്ന ദേവന്തിയെ ഭരമേല്പിച്ചു. അനന്തരം ആ ക്ഷേത്രത്തെ മൂന്നു പ്രതിക്ഷണം ചെയ്തു് ഭക്തിപൂവ്വം തൊഴുതു ആ സമയം അദ്ദേഹത്തോടൊരുമിച്ചുണ്ടായിരുന്ന കുടക്, മാളവം, അവന്തി, എന്നീ രാജ്യങ്ങളിലെരാജാക്കന്മാരും ലങ്ക, (സിംഹളം) രാജ്യാധിപതിയായ ഗജബാഹുരാജാവും

തടവിൽ നിന്നും വിടപ്പെട്ട ആര്യ്യരാജാക്കന്മാരും കണ്ണകീദേവിയെ ഭക്തിയോടെ തൊഴുത് 'ഹേ, ദേവി' ഈ ചേരരാവു ചെയ്തതുപോലെ ഭവതിനെ ഞങ്ങളുടെ രാജ്യങ്ങളിലും പ്രതിഷ്ഠിച്ചു പൂജിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളിൽ പ്രസാദിച്ച് ആ ദിക്കുകളിലും ഭവതിയുടെ സാന്നിദ്ധ്യം ഉണ്ടാവാനായി വരം നൽകേണം' എന്നിങ്ങിനെ പ്രാത്ഥിച്ചു. അപ്പോൾ 'ഹേ ഭക്തന്മാരെ' നിങ്ങളുടെ ഇഷ്ടപ്രകാരം ഭവിക്കും. എന്നെ പൂർണ്ണഭക്തിയോടെ ഭജിക്കുന്നവരെ ഞാൻ സകലവിധ കഷ്ടങ്ങളിൽ നിന്നും ഉദ്ധരിച്ചു രക്ഷിക്കുന്നതാണ് എന്ന് ആകാശത്തിൽ നിന്നും അശരീരവാക്കു കേൾക്കുമാറായി. കൃതാത്ഥന്മാരായ രാജാക്കന്മാർ സ്വദേശങ്ങളിലേക്കു മടങ്ങിച്ചെന്ന് ക്ഷേത്രങ്ങൾ പണിചെയ്യിച്ച് കണ്ണകിദേവിയെ പ്രതിഷ്ഠിച്ചു പൂജിച്ചുവന്നു.

ചേരരാജാവിൻെറ സഹോദരനും സന്ന്യാസിയുമായ ഇളങ്കോവിടികൾ അതിൽ പിന്നെ ക്ഷേത്രത്തിൽ ചെന്ന് അതിഭക്തിയോടെ ദേവിയെ വണങ്ങി. തൽസമയം ഭഗവതിയുടെ ആവേശത്താൽ ദേവന്തിതുള്ളിത്തുടങ്ങി. അവൾ സന്ന്യാസിയുടെ മുമ്പിൽ വന്നുനിന്ന് 'ഹേ,ഭക്തശ്രേഷ്ട' ഞാൻ നിന്നിൽ അത്ര്യന്തം പ്രസാദിച്ചിരിക്കുന്നു. നിൻെറ പ്രശംസാഹ്മായ മഹൽത്ത്യാഗം ഞാനറിഞ്ഞിരിക്കുന്നു. കലികാല ഭീഷ്മനെന്നു വിളിക്കത്തക്ക യോഗ്യത നിനക്കുണ്ട്. ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളുക' ഞാൻ തരുവാൻ തെയ്യാറാണ് എന്നു പറഞ്ഞു.

ഇളങ്കോവടികൾ ഭഗവതിയെ വണങ്ങി 'അമ്മെ, ഇഹലോകസുഖങ്ങളിലൊന്നും എനിക്കാഗ്രഹമില്ല. ഭവബന്ധം ഇനി എന്നെ ബാധിക്കരുതെന്നു മാത്രമാണ് എന്റെ അഭ്യൎത്ഥന. ഈ ജന്മാവസാനത്തോടുകൂടി എനിക്കു നിൎവ്വാണം സിദ്ധിപ്പാൻ അനുഗ്രഹിക്കണം. മരണംവരെയുള്ള എന്റെ ജിവിതം പരിശുദ്ധമായിരിപ്പാൻവേണ്ടി ഭഗവതിയുടെ ദിവ്യകഥയെ ഒരു ഗ്രന്ഥമാക്കിച്ചമപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. അനന്തരസന്താനങ്ങൾക്കു അതു ഉപയോഗകരമായി ഭവിക്കുന്നതാണല്ലോ. എന്റെ ആഗ്രഹം സാധിപ്പാനായി അവിടുന്നു അനുഗ്രഹിക്കണം' എന്നുപറഞ്ഞു.

ഭക്താനുഗ്രഹതല്പരയായ ഭഗവതി ഇളങ്കോവടികളെ അനുഗ്രഹിച്ച് അദ്ദേഹത്താൽ നിൎമ്മിക്കപ്പെടുന്ന ഗ്രന്ഥം ലോകവിശ്രുതമായി ഭവിക്കുമെന്നു അരുളിച്ചെയ്തശേഷം വിരമിച്ചു!

മധുരാനഗരം അഗ്നിക്കിരയായസമയം ഭാഗ്യവശാൽ യുവരാജാവു അവിടെ ഉണ്ടായിരുന്നില്ല. 'വെററിവേൽചെഴിയൻ' എന്ന ആ രാജാവ് തിരിച്ചുവന്നപ്പോൾ അവിടെ നടന്നവൃത്താന്തങ്ങൾകേട്ട് വളരെവ്യസനിച്ചു. നശിച്ചുപോയ മധുരാപട്ടണത്തെ പൂൎവ്വാധികം ഭംഗിയിൽ പണിചെയ്യിച്ച് ധൎമ്മം പിഴക്കാതെ രാജ്യപരിപാലനം ചെയ്തുവന്നു. എന്നാൽ കോവലൻ വധിക്കപ്പെട്ടതു മുതൽ മധുരയിൽ മഴ പെയ്യാതെയായി. രോഗവും ദാരിദ്ര്യവും സൎവ്വത്ര നിറഞ്ഞു. ഇതറിഞ്ഞ പാണ്ഡ്യരാജാവ് മധുരയിൽ കണ്ണകിക്ക് ക്ഷേത്രം പണിയിച്ച് പ്രതിഷ്ഠാദികൾ നടത്തുകയും കോവല

നെ വഞ്ചിച്ച തട്ടാനേയും അവൻെറ വംശക്കാരേയും ശിഷ്യന്മാരേയും കണ്ണകിക്ക് ജീവബലിയായി നൽകുകയുംചെയ്ത് പ്രസാദിപ്പിച്ചു. അതിന്നുശേഷം മഴപെയ്തുതുടങ്ങി. രാജ്യം സുഭിക്ഷമായും ഭവിച്ചു.

ഈ വൃത്താന്തങ്ങൾ ലോകമെങ്ങും പരന്നു. അന്യരാജ്യങ്ങളിലും ജനങ്ങൾ കണ്ണകീദേവിയെ പ്രതിഷ്ഠിച്ചു പൂജിച്ചുതുടങ്ങി. ചേരരാജാവാകട്ടെ തൻെറ ഭരണത്തിൻകീഴിലുള്ള എല്ലാദിക്കുകളിലും ഗ്രാമങ്ങൾ തോറും ക്ഷേത്രങ്ങൾ പണിചെയ്യിച്ച് ദേവിയെ പ്രതിഷ്ഠിച്ചു പൂജിപ്പാൻ ഏൎപ്പാടുചെയ്തു. സ്വല്പകാലത്തിലകം കണ്ണകീദേവിയുടെ ഖ്യാതിയും ക്ഷേത്രങ്ങളും ലോകത്തിലെങ്ങും പരന്നു. ഇപ്രകാരം ധൎമ്മസ്ഥാപനാൎത്ഥം അവതരിച്ച ശ്രീപാൎവ്വതീരൂപയായ കണ്ണകി ഭക്താനുഗ്രഹാൎത്ഥം ഭൂലോകത്തിൽ പ്രതിഷ്ഠിതയായി ഭവിച്ചു.

B/02

26 JUL 1937